മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 04 No. 18 | THE ONLINE OFFICIAL NEWS BULLETIN | 2021 May 01

LITURGICAL CALENDAR 2020-21

SEASON OF RESURRECTION
(4th April, 2021 - 22nd May, 2021)

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
2 ♪4 3rd Sunday after New Sunday	3  ♪8 108th Mem. of H.H. Baselios Paulose I ✠ (Pampakuda Cheriya Palli)	4  ♪4 16th Mem. of Sabhakavi Sri C. P. Chandy (Pathanamthitta Basil Dayara)	5 ♪8	6 ♪4	7 ♪8	8  ♪4 Comme. of St. John the Evangelist



മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് 841 കോടിയുടെ ബജറ്റ്

കോട്ടയം: പ്രതിസന്ധികളിൽ തളർന്നു പോകാതെ, ഓടി ഒളിക്കാതെ, പ്രാർത്ഥനാപൂർവ്വം സാമൂഹ്യപ്രതിബദ്ധതയോടു കൂടി അവയെ നേരിടുവാൻ ഒരോ വിശ്വാസിക്കും കഴിയണമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മലങ്കര സഭാ മാനേജിംഗ് കമ്മറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു പരിശുദ്ധ ബാവ. 2021-2022 സാമ്പത്തിക വർഷത്തിൽ വിവിധ ഷെഡ്യൂളുകളിലായി 841 കോടിയുടെ ബജറ്റ് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ചു. യോഗം ബജറ്റ് അംഗീകരിച്ചു. വീഡിയോ കോൺഫറൻസ് വഴിയാണ് യോഗം ചേർന്നത്. പരിശുദ്ധ സഭയുടെ ബജറ്റ് സഭയുടെ ക്രൈസ്തവ സാക്ഷ്യം പ്രതിബിംബിക്കുന്ന വാർഷിക രേഖയാണെന്ന് അഡ്വ. ബിജു ഉമ്മൻ ബജറ്റ് അവതരണത്തിന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞു.

ഐക്യരാഷ്ട്ര സംഘടന ഈ വർഷത്തെ പരിസ്ഥിതിദിന സന്ദേശമായി ഉൾപ്പെടുത്തിയിരിക്കുന്ന ' ജൈവ വ്യവസ്ഥയുടെ പുനസ്ഥാപനം ' ഏറ്റെടുത്തുകൊണ്ട് സഭയുടെ ആരാധനാലയങ്ങളും സ്ഥാപനങ്ങളും പരിസ്ഥിതി സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റും. കൂടാതെ സുസ്ഥിരമായ മാലിന്യ നിർമ്മാർജന പദ്ധതി പ്രോത്സാഹിപ്പിക്കും. പരുമല തിരുമേനിയുടെയും മാർ ബസേലിയോസ് യൽദോ ബാവായുടെയും പരിശുദ്ധ പ്രഖ്യാപനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഒരു വർഷം നിണ്ടുനിൽക്കുന്ന പരിപാടിയുടെ ഉദ്ഘാടനം 2021 നവംബറിൽ നടത്താൻ തീരുമാനിച്ചു.


കോവിഡ് 19 മൂലം മരണപ്പെടുന്ന സഭംഗങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് 10 ലക്ഷം രൂപ വകയിരുത്തി. മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ മാസ്ക്ക്, സാനിറ്റൈസർ നിർമ്മാണത്തിന് 25 ലക്ഷം രൂപ അനുവദിച്ചു. ആതുരശുശ്രൂഷ രംഗത്തേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് യുണിഫോം അലവൻസ് നൽകുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തി.

Dialysis and Liver Transplantation പദ്ധതിയായ 'സഹായ ഹസ്തം'ത്തിന് 40 ലക്ഷം വകയിരുത്തി. സഭയിലെ അർഹരായ വിധവകൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനായി 25 ലക്ഷം രൂപ. നിർധനരായ രോഗികൾക്ക് ജാതിമതഭേദമെന്യേ ചികിത്സാസഹായും, വിദ്യാർത്ഥികൾക്ക് പഠന സഹായവും നൽകുന്നതിന് തുക വകയിരുത്തി. ഭവന നിർമ്മാണം, വിവാഹ സഹായത്തിനുമായി തുക അനുവദിച്ചു. അടിയന്തര പ്രകൃതി ദുരന്ത നിവാരണത്തിനും തുക നീക്കിവച്ചു.

കശ്മീരിൽ പാക്കിസ്ഥാന്റെ ഷെല്ലാക്രമത്തിൽ വീരമൃത്യു വരിച്ച നായക് അനീഷ് തോമസിനോടുള്ള ആദര സൂചകമായി അദ്ദേഹത്തിന്റെ പുത്രി 'എമിലി ഇശോ'യുടെ പേരിൽ സ്ഥിര നിക്ഷേപം. രാജ്യത്തിന്റെ നട്ടെല്ലായ കർഷകരെ ആദരിക്കുന്നതിനായി തുക വകയിരുത്തി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പള്ളികളുടെ പുനർനിർമ്മാണത്തിനും കാതോലിക്കേറ്റ് സെന്ററുകൾ നിർമ്മിക്കുന്നതിനും തുക നീക്കിവച്ചു.

സഭാ വക പുരയിടങ്ങളിൽ പരിസ്ഥിതി കമ്മീഷന്റെ സഹായത്തോടെ ഹൈബ്രിഡ് ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് തുക വകയിരുത്തി. പാമ്പാടി ദയറായിൽ 'മിനി നേച്ചർ പാർക്ക്' സ്ഥാപിക്കുന്നതിനും തുക അനുവദിച്ചു. സഭയ്ക്കുള്ള ദേവാലയങ്ങളും സ്ഥാപനങ്ങളും സേവനങ്ങളും വിവരങ്ങളും അടയാളപ്പെടുത്തുന്ന മൊബൈൽ ആപ്ലിക്കേഷൻ ക്രമീകരിക്കുന്നതിനായി തുക അനുവദിച്ചു. 'പൈതൃകം - മലങ്കര സഭാ സാഹിതീ സരണി' പ്രസിദ്ധീകരണത്തിനും ബജറ്റിൽ തുക നീക്കിവച്ചു.

വർക്കിംഗ് കമ്മറ്റിയംഗം ഫാ. പുന്നക്കൊമ്പിൽ വർഗീസ് കോർ എപ്പിസ്കോപ്പാ, മുൻ അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ്, മാനേജിംഗ് കമ്മറ്റി അംഗങ്ങളായിരുന്ന ഫാ. യോഹന്നാൻ ശങ്കരത്തിൽ കോർ എപ്പിസ്കോപ്പാ, ഫാ. ജേക്കബ് സ്കറിയാ, ഫാ. ജോൺ ഫിലിപ്പ്, ജേക്കബ് ഉമ്മൻ, ഡോ. കെ.പി. ജോണി, സി.വി.ജേക്കബ് നെച്ചൂപ്പാടം, കെ. ജി. ജോയിക്കുട്ടി, എ.സി. ഐപ്പ്, വി. സി. കുര്യൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും യോഗത്തിൽ പങ്കെടുത്തു.



Feast of St. James the Apostle and St. Michael the Martyr, was commemorated at Jyothis Ashram. The Holy Qurbana was celebrated by Dr. Geevarghese Mar Yulios assisted by Philipose Ramban, Fr.Thomas Mathew, Dn.Geevarghese Samuel, Br. Joel Mathew.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ 2021 ഏപ്രിൽ 29-ാം തീയതിയിലെ യോഗത്തിൽ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ച 2021-22-ലെ ബജറ്റ് പ്രസംഗം

> നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെ ഉണ്ട്; ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും; നിന്നോടു കോപിച്ചിരിക്കുന്ന എല്ലാവരും ലജ്ജിച്ചു അമ്പരന്നു പോകും; നിന്നോടു വാദിക്കുന്നവർ നശിച്ച് ഇല്ലാതെയാകും. നിന്നോടു പോരാടുന്നവരെ നീ അന്വേഷിക്കും; കാണുകയില്ല താനും; നിന്നോടു യുദ്ധം ചെയ്യുന്നവർ ഇല്ലാതെയാകും. നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലംകൈ പിടിച്ചു നിന്നോട്, "ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും" എന്നു പറയുന്നു.
>
> യെശയ്യാവ്. 41: 10-13

ഇന്ത്യയൊക്കെയുടേയും വാതിലും പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലി ക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി, ശ്രേഷ്ഠ മഹാപുരോഹിതന്മാരെ, വന്ദ്യ കോർഎപ്പിസ്കോപ്പാമാരെ, വന്ദ്യ റമ്പാച്ചന്മാരെ, ബഹുമാനപ്പെട്ട വൈദികരെ, മാനേജിംഗ് കമ്മറ്റി അംഗങ്ങളായ എന്റെ പ്രിയ സഹോദരന്മാരെ,

2017 മാർച്ച് 20-ന് നിലവിൽവന്ന ഈ അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അതിന്റെ അഞ്ചാം വർഷത്തിലേയ്ക്കു കടക്കുകയാണ്. പരിശുദ്ധ സഭയുടെ ദൗത്യനിർവ്വഹണ പാതയിൽ ഒരാണ്ടുകൂടെ പിന്നിടുവാൻ കരുണ ചെയ്ത സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുകയും, തങ്ങളുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും ഈ പരിശുദ്ധ സഭയെ ബലപ്പെടുത്തുന്ന ശുദ്ധിമതിയായ ദൈവമാതാവിനെയും, പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായെയും, സകല പരിശുദ്ധന്മാരെയും, പൂർവ്വസൂരികളായ പിതാക്കന്മാരെയും സ്മരിക്കുകയും അവരുടെ പ്രാർത്ഥനയിൽ അഭയപ്പെടുകയും ചെയ്യുന്നു.

സംഭവബഹുലമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പ്രതിസന്ധികളുടെ മദ്ധ്യത്തിലും കരുണാമയനായ കർത്താവിന്റെ അനുഗ്രഹങ്ങൾ നിമിത്തം സഭയ്ക്കും സമൂഹത്തിനും ക്ഷേമകരമായ നിരവധി പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ ദൈവം തമ്പുരാൻ പരിശുദ്ധ സഭയെ സഹായിച്ചു. ആതുര സേവനരംഗത്തും, മിഷൻ പ്രവർത്തന മേഖലയിലും, പരിശുദ്ധ സഭയുടെ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ദൗത്യ നിർവ്വഹണ രംഗത്തും പ്രശോഭയോടെ പ്രവർത്തിക്കുവാൻ ദൈവം തമ്പുരാൻ നമ്മെ സഹായിച്ചിട്ടുണ്ട്. സമകാലീക യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ക്രിയാത്മകമായി അവയോട് പ്രതികരിക്കുവാനും, നന്മയുടെ കൈത്തിരി നാളം പകർന്നുകൊടുക്കുവാനും നമുക്ക് കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകമാണ്. കൊവിഡ് മഹാമാരിയുടെ കാലത്തും ചികിത്സാസഹായമുൾപ്പെടെയുള്ള കൈത്താങ്ങലുകൾ നമ്മുടെ വിശ്വാസികൾക്കും, സമൂഹത്തിലെ അർഹരായ അനേകർക്കും നൽകുവാൻ നമ്മുടെ സഭയ്ക്ക് സാധിച്ചു. സ്വദേശത്തും, വിദേശത്തുമുള്ള ഇടവകകളും, ആത്മീയ സംഘടനകളും അനുബന്ധ പ്രസ്ഥാനങ്ങളും ഗണ്യമായ സംഭാവനകൾ ഈദൃശ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നതിന് നിർലോഭമായി നൽകുകയുണ്ടായി.

സഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ അനവധിയാണ് എന്നത് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. സഭ നേരിട്ടുവരുന്ന നീതിനിഷേധം എന്ന തുടർക്കഥ നിർബാധം തുടരുന്നു. കോടതിവിധികൾ ലംഘിക്കപ്പെടുക മാത്രമല്ല, അതിനായി നിയമനിർമ്മാണംകൂടെ നടത്തപ്പെടുന്നു. ദേവാലയധ്വംസനങ്ങളും കല്ലറ തകർക്കലും സർവസാധാരണം. വൈദീകരും വിശ്വാസികളും മർദ്ദനങ്ങൾക്കും ഭീഷണികൾക്കും നിരന്തരമായി വിധേയരാവുന്നു. പ. സഭയെ പൊതു സമൂഹത്തിൽ ഒറ്റപ്പെടുത്തി തളർത്താൻ ഒറ്റയ്ക്കും കൂട്ടായും ഉള്ള ശ്രമങ്ങൾ നിർവിഘ്നം തുടരുന്നു. വിധികൾ നടപ്പാക്കുന്നതിനും, സഭയിൽ സമാധാനം സ്ഥാപിക്കുന്നതിന് വ്യവസ്ഥാപിതവും നിയമവിധേയവുമായ മാർഗ്ഗങ്ങൾ



കൈക്കൊള്ളുന്നതിനും മലങ്കര സഭ നടത്തുന്ന ശ്രമങ്ങൾ ആസൂത്രിതവും നിയമവിരുദ്ധവുമായ വ്യാജപ്രചരണങ്ങളിലൂടെ പലപ്പോഴും അപഹസിക്കപ്പെടുന്നു. ഇതിനിടയിലും സത്യം ജയം കണ്ടു എന്നത് തികച്ചും ആവേശജനകമാണ്. അവകാശ സംരക്ഷണത്തിനായി അക്രമമാർഗ്ഗം സ്വീകരിക്കാത്ത മലങ്കര സഭയ്ക്ക് ദൈവഗത്യാ വീണ്ടും പിന്തുണയായത് അത്യുന്നത നീതിപീഠമാണ്. കഴിഞ്ഞ ഒന്നര നൂറ്റാണ്ടിലെ ചരിത്രം പരിശോധിച്ചാൽ അക്കാലത്തൊക്കെയും അതായിരുന്നു പതിവ് എന്ന് നമുക്കു കാണാൻ സാധിക്കും. സത്യവും നീതിയും നിയമവും മാത്രമാണ് മലങ്കരസഭ എക്കാലവും ഉയർത്തിപ്പിടിക്കുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. 2017 ജൂലൈ 3-ന് *മൂന്നാം സമുദായക്കേസ്* എന്നു വിശേഷിപ്പിക്കാവുന്ന കോലഞ്ചേരി, മണ്ണത്തൂർ, വരിക്കോലി പള്ളിക്കേസിൽ 1934-ലെ മലങ്കരസഭാ ഭരണഘടന ഇടവകപ്പള്ളികൾക്കു ബാധകമാണെന്നും, പള്ളിയും സെമിത്തേരിയും വിഭജിക്കാനാവില്ലെന്നും ബഹു. ഇന്ത്യൻ സുപ്രീം കോടതി വിധിച്ചു. ഈ വിധി, മലങ്കരയിലെ എല്ലാ ഇടവകപ്പള്ളികൾക്കും ബാധകമാണെന്നു 2018 ഏപ്രിൽ 19-ന് പിറവം പള്ളിക്കേസിൽ വീണ്ടും സുപ്രീം കോടതി വിധിപ്രഖ്യാപനം നടത്തി. 2019 ഏപ്രിൽ 8-ന് കണ്യാട്ടുനിരപ്പ് പള്ളിക്കേസിൽ ഇന്ത്യൻ സുപ്രീംകോടതി, 2017 ജൂലൈ 3-ലെ വിധി ഈ വിഷയത്തിലെ അന്തിമ വിധിയാണെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും അത്യുന്നത നീതിപീഠം നിർദ്ദേശിച്ചിട്ടുണ്ട്.

തുടർച്ചയായ ഈ വിധികൾമൂലം കീഴ്കോടതികളിൽ സാങ്കേതിക കുരുക്കുകളിൽ ബന്ധിക്കപ്പെട്ടിരുന്ന വ്യവഹാരങ്ങളുടെ നൂലാമാലകൾ അഴിഞ്ഞുകിട്ടുകയും അനേകം ദേവാലയങ്ങളിൽ അന്തിമവിധി ഉണ്ടാവുകയും ചെയ്തു. അതനുസരിച്ച് അറുപതോളം പള്ളികൾ വ്യവസ്ഥാപിത ഭരണത്തിനു വിധേയമാക്കാൻ ഇതുവരെ സാധിച്ചിട്ടുണ്ട്. പൂട്ടപ്പെട്ടും തകർക്കപ്പെട്ടും മോഷ്ടിക്കപ്പെട്ടും ഉള്ള ദയനീയ അവസ്ഥയിൽ ആയിരുന്നു അവയിൽ ഭൂരിഭാഗവും. അവയെല്ലാം തന്നെ ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർവാധികം മനോഹരമാക്കി പുനഃസ്ഥാപിച്ച് ആരാധന ആരംഭിക്കാൻ സാധിച്ചു എന്നത് തികച്ചും അഭിമാനാർഹമായ നേട്ടമാണ്. അതിനായി അദ്ധ്വാനിച്ച വിശ്വാസികളെയും, വൈദികരെയും ഭദ്രാസന ചുമതലക്കാരെയും ഹൃദയംഗമമായി അനുമോദിക്കാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ.

സത്യവും നീതിയും നിലനിർത്തിയ നീതിപീഠങ്ങൾ മാത്രമല്ല, തികച്ചും യാദൃച്ഛികമായ ചില സംഭവങ്ങൾപോലും ഇക്കാലത്ത് സഭയ്ക്ക് സഹായഹസ്തമായിട്ടുണ്ട്. അവിടെയാണ് ഞാൻ ആദ്യം ഉദ്ധരിച്ച യശയ്യാ പ്രവചനഭാഗം പ്രസക്തമാകുന്നത്.

1653 മുതലാണ് തദ്ദേശീയരായ മേല്പട്ടക്കാർ മലങ്കരസഭയ്ക്ക് ഉണ്ടായത്. അന്നു മുതൽ ഇതഃപര്യന്തം അവരിൽ പലരും പല വിധത്തിലുള്ള പീഡനങ്ങൾക്ക് വിധേയരായിട്ടുണ്ട്. മഹാനായ മാർത്തോമ്മാ ഒന്നാമനും പ. വട്ടശ്ശേരിൽ തിരുമേനിയും വധഭീഷണിക്കു വിധേയരായപ്പോൾ മാർത്തോമ്മാ അഞ്ചാമനാകട്ടെ, നാടുകടത്തൽ ഭീഷണിയാണ് നേരിട്ടത്. വലിയ മാർ ദീവന്നാസ്യോസിനെ ശാരീരികമായി പീഡിപ്പിക്കുകയും ചേപ്പാട്ട് മാർ ദീവന്നാസ്യോസിനെ കള്ളക്കേസിൽ കുടുക്കി ഉപദ്രവിക്കുകയും ചെയ്തു. അവരുടെ ഗണത്തിലാണ് ഭാഗ്യവാനായ നമ്മുടെ ഈ പ. പിതാവും എന്നു വിശേഷിപ്പിച്ചാൽ അത് അതിശയോക്തിയല്ല. ഇന്നുവരെയുള്ള മലങ്കരസഭാദ്ധ്യക്ഷന്മാരിൽ ഇദ്ദേഹത്തേപ്പോലെ മറ്റാരും കാരണം കൂടാതെ ഇപ്രകാരമുള്ള നിന്ദയ്ക്കും ഭർത്സനത്തിനും മാനസിക പീഡയ്ക്കും വിധേയനായതായി ചൂണ്ടിക്കാണിക്കാനില്ല. എന്തിനു വേണ്ടി? പ. സഭയെ വെട്ടിമുറിക്കാൻ അനുവദിക്കാതെ *അവിഭാജ്യ സഭ* എന്ന നിലപാടിൽ ഉറച്ചുനിന്നതിനു മാത്രം. പക്ഷേ നമ്മുടെ കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ ഉറപ്പു നൽകുന്നു: “അവർ നിങ്ങളെ നിന്ദിക്കുകയും, നിങ്ങളെ പീഡിപ്പിക്കുകയും, എന്റെ നിമിത്തം സകല ദുർവചനത്തേയും നിങ്ങളുടെ നേരെ വ്യാജമായിട്ടു പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് സന്തോഷിച്ച് ആനന്ദിപ്പീൻ.” (മത്താ. 5: 11–12) പ. പിതാവെ, അങ്ങയുടെ ധീരമായ നിലപാടിനും ശക്തമായ നേതൃത്വത്തിനും നന്ദി. പ. സഭ അങ്ങയോടൊപ്പമുണ്ട്.

കഴിഞ്ഞ ഒരു വർഷമായി ലോകവും വിശിഷ്യാ പ. സഭയും ഉദ്വേഗത്തിന്റെ മുൾമുനയിലാണ്. കോവിഡ് 19 എന്ന മഹാമാരി സംഹാരദൂതനെപ്പോലെ ലോകമെങ്ങും ചീറിയടിക്കുന്നു. ലക്ഷങ്ങളുടെ ജീവനെടുത്ത ഈ രാക്ഷസൻ രാഷ്ട്രങ്ങളുടെയും വ്യക്തികളുടെയും സാമ്പത്തിക നിലയെ തകിടംമറിച്ചു. പല തൊഴിൽ മേഖലകളും തകർന്നടിഞ്ഞു. സാമൂഹിക ബന്ധങ്ങൾ സ്തംഭനാവസ്ഥയിലെത്തി. ഇന്ന് കരുതൽ നടപടികളിലൂടെയും വാക്സിൻ ഉപയോഗത്തിലൂടെയും ഈ ഭീകരനെ പിടിച്ചുകെട്ടാനുള്ള നടപടികൾ പുരോഗമിക്കുന്നു. എത്രയും പെട്ടന്ന് ലോകം സാധാരണ നിലയിലെത്താൻ നമുക്കു പ്രാർത്ഥിക്കാം, പ്രവർത്തിക്കാം, സഹകരിക്കാം. സംഹാരദൂതന്റെ താണ്ഡവം അവസാനിക്കട്ടെ.

മലങ്കര സഭയേയും സഭാംഗങ്ങളേയും കോവിഡിന്റെ സാമൂഹിക-സാമ്പത്തിക ആഘാതങ്ങൾ ബാധിച്ചിട്ടുണ്ട് എന്ന യാഥാർത്ഥ്യം നാം മനസിലാക്കണം. ലോക്ഡൗൺ കാലത്ത് സമ്പത്തിക ബുദ്ധിമുട്ടിലായ സഭാംഗങ്ങളെ പരിമിതമായെങ്കിലും സഹായിക്കാൻ പ. സഭയ്ക്ക് സാധിച്ചു. രണ്ടു കോടിയോളം രൂപയുടെ സാമ്പത്തിക സഹായം ഇക്കാലത്ത് അടിയന്തരമായി വിതരണം ചെയ്തു. കേരളത്തിലെ 9853 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

ഈ മാനേജിംഗ് കമ്മറ്റിയുടെ കാലയളവിൽ വൈദിക മെഡിക്കൽ ഇൻഷുറൻസ് പദ്ധതി അവരുടെ കുടുംബാംഗങ്ങളേയും കാതോലിക്കേറ്റ് ഓഫീസ് ജീവനക്കാരെയും ഉൾപ്പെടുത്തി വിപുലീകരിച്ചല്ലോ. പുതുക്കിയ വൈദീക ശമ്പള പദ്ധതി നിലവിൽ വരുന്നതിനാൽ കഴിഞ്ഞ വർഷം മുതൽ വൈദിക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി പങ്കാളിത്ത രീതിയിലാവും നടപ്പാക്കുക എന്ന് തീരുമാനിച്ചിരുന്നെങ്കിലും കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ചില മെത്രാസനങ്ങളുടെ സഹകരണത്തോടെ സഭാ കേന്ദ്രത്തിൽനിന്നുമാണ് അടച്ചുതീർത്തത്. 2020 സെപ്റ്റംബർ 3 മുതൽ 2021 ഏപ്രിൽ 10 വരെ 265 ക്ലെയിമുകളിലായി 1,03,23,978/- രൂപാ ഈ പദ്ധതിവഴി ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

കോവിഡ് 19-ന്റെ പ്രതിബന്ധങ്ങൾ ഉണ്ടായിട്ടും ദേവലോകം അരമന ചാപ്പൽ, പഴയ സെമിനാരി ചാപ്പൽ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അതിമനോഹരമായി പൂർത്തീകരിച്ച് കൂദാശ ചെയ്യുവാൻ ഇക്കാലയളവിൽ സാധിച്ചു. ദേവലോകത്തെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ഓഡിറ്റോറിയം ശീതീകരണ സംവിധാനം ഉൾപ്പെടെ സജ്ജീകരിച്ചുകൊണ്ട് പൂർണ്ണമായി നവീകരിച്ചു. ഇവയ്ക്ക് നേതൃത്വം കൊടുത്തവരെ അനുമോദിക്കുന്നു.

2019-ന്റെ അവസാനത്തിൽ സഭയെ പിടിച്ചുലച്ച ഒരു വാർത്തയായിരുന്നു പ. പിതാവിന്റെ രോഗാവസ്ഥ. 2021-ന്റെ പ്രാരംഭത്തിലും ആയത് സഭാമക്കളെ ഉദ്വേഗത്തിന്റെ മുൾമുന യിലെത്തിച്ചു. അനേകായിരങ്ങളുടെ ഹൃദയം നുറുങ്ങിയുള്ള പ്രർത്ഥന ദൈവം കേട്ടു. പ. പിതാവ് സൗഖ്യം പ്രാപിച്ചുവരുന്നു. നമുക്ക് ഈ അവസരത്തിൽ ദൈവം തമ്പുരാനെ സ്തുതിക്കാം.

പ. ബാവാതിരുമേനിക്കു ലഭിക്കുന്ന കാര്യക്ഷമവും ഫലപ്രദവുമായ ചികിത്സ അദ്ദേഹത്തിന്റെ സ്വപ്നപദ്ധതിയായ പരുമല കാൻസർ സെന്ററിന്റെ വിജയം കൂടിയാണ്. ലോകോത്തര നിലവാരത്തിലുള്ള ചികിത്സ നൽകുവാൻ പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയ്ക്ക് കരുത്തുണ്ട് എന്ന് പൊതുസമൂഹത്തിന് ഇതിലൂടെ ബോദ്ധ്യപെട്ടിട്ടുണ്ട്. ഇന്ന് അനേകായിരങ്ങൾക്ക് ആശ്വാസം നൽകുന്ന ഒരു ലോകോത്തര സ്ഥാപനമാണ് പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയുടെ തണലിൽ സ്ഥിതിചെയ്യുന്ന ഈ ആതുരാലയം. ലോകോത്തര നിലവാരത്തിലുള്ള കാൻസർ ചികിത്സാ വിഭാഗത്തോടൊപ്പം അന്തർദേശീയ നിലവാരം പുലർത്തുന്ന ഹൃദയചികിത്സാ വിഭാഗവും പരുമല ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട് എന്നു സന്തോഷപൂർവം അറിയിക്കട്ടെ.

യേശു ബാർ ആസീറേയുടെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു:

> യോശിയായുടെ നാമം വളരെയേറെ സുഗന്ധദ്രവ്യങ്ങളുടെ മിശ്രിതംകൊണ്ടുള്ള സുഗന്ധധൂപം പോലെയാണ്. അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ അണ്ണാക്കിനു തേൻകട്ടയേക്കാൾ മാധുര്യമുള്ളതാണ്. വീഞ്ഞുവിരുന്നിൽ സംഗീതം പോലെയാണ്. എന്തെന്നാൽ അവൻ പരീക്ഷകളിൽനിന്നും അകന്നുനിന്നു. വഴിതെറ്റിക്കുന്ന പ്രവർത്തനങ്ങളെ അവൻ നിർമ്മൂലമാക്കി. അവന്റെ ഹൃദയത്തെ ദൈവത്തിന്നായി വിട്ടുകൊടുത്തു. പാപം നിറഞ്ഞ കാലഘട്ടത്തിൽ അവൻ സത്യമായത് എന്തോ അത് പ്രവർത്തിച്ചു. (ബാറാസീറാ 49: 1 – 5)

ഞാൻ ഈ വേദവാക്യം ഇവിടെ ഉദ്ധരിച്ചത് പ. പരുമല തിരുമേനിയെ സ്മരിച്ചുകൊണ്ടാണ്. പിതാക്കന്മാരുടെയും പരിശുദ്ധന്മാരുടെയും ഓർമ്മ ഉചിതമായി കൊണ്ടാടുവാനും, അവരെ സ്മരിക്കുവാനും അവരുടെ പ്രവൃത്തികളുടെ സദ്ഫലം അനുഭവിക്കുന്ന നമുക്ക് വലിയ കടമയുണ്ട്.

പരിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട ആദ്യ ഇന്ത്യൻ വംശജനാണ് പ. പരുമല തിരുമേനി. 1947 നവംബർ 2-നാണ് അദ്ദേഹത്തെ പരിശുദ്ധനായി പ. സഭ പ്രഖ്യാപിച്ചത്. അദ്ദേഹത്തോടൊപ്പം പരിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട മറ്റൊരു പിതാവാണ് 1685-ൽ അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ പ്രഥമൻ പാത്രയർക്കീസിന്റെ നിർദ്ദേശപ്രകാരം കേരളത്തിലെത്തിയ പ. മാർ ബസേലിയോസ് യൽദോ മഫ്രിയാന. ആഗമനത്തിന്റെ പതിമൂന്നാം ദിവസം കാലംചെയ്ത് കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളിയിൽ കബറടങ്ങിയ അദ്ദേഹത്തിന്റെയും പ. പരുമല തിരുമേനിയുടേയും പരിശുദ്ധ പ്രഖ്യാപനത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷമാണ് 2021-22. പരിശുദ്ധ പ്രഖ്യാപന പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടികളുടെ സഭാതലത്തിലുള്ള ഉദ്ഘാടനം 2021-ലെ പരുമല പെരുന്നാളിന് നടത്തുവാൻ ആഗ്രഹിക്കുന്നു. അതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ഈ മാനേജിംഗ് കമ്മറ്റിയിൽ നമ്മോടൊപ്പം ഉണ്ടായിരുന്ന മൂന്നുപേർ ഈ വർഷം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ബോംബയിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റിയംഗം ശ്രീ. ജേക്കബ് ഉമ്മനും, വർക്കിംഗ് കമ്മറ്റി അംഗം വന്ദ്യ ദിവ്യശ്രീ പുന്നക്കൊമ്പിൽ വർഗീസ് കോർ എപ്പിസ്ക്കോപ്പായും അതേപോലെ തന്നെ അനേക തവണ മാനേജിംഗ് കമ്മറ്റി അംഗമായും 2007-2017 കാലഘട്ടത്തിൽ അൽമായ ട്രസ്റ്റിയായും സ്തുത്യർഹമായി സേവനമനുഷ്ഠിച്ച സഭാ മാനേജിംഗ് കമ്മറ്റി അംഗം ശ്രീ. എം. ജി. ജോർജ്ജ് മുത്തൂറ്റും ഇന്ന് ഭൗതീകമായി നമ്മോടൊപ്പമില്ല. ഇവർക്ക് എന്റെ വ്യക്തിപരമായ പേരിലും മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ പേരിലും ആദരാഞ്ജലികൾ അർപ്പിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. അവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

നൂറ്റാണ്ടുകളായി മലങ്കരപള്ളിയോഗം കൈകാര്യം ചെയ്തിരുന്ന ഭാരിച്ച ഉത്തരവാദിത്വമാണ് മലങ്കരസഭാ മാനേജിംഗ് കമ്മറ്റി എന്ന നിലയിൽ ഇന്ന് നമ്മിൽ നിക്ഷിപ്തമായിരിക്കുന്നത്. സഭയുടെ സാമ്പത്തിക വിഭവശേഷി സഭയ്ക്കും സമൂഹത്തിനും ഏറ്റവും കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ എപ്രകാരം സാധിക്കും എന്നു ചിന്തിച്ചു നടപ്പാക്കുക എന്നതാണ് മാനേജിംഗ് കമ്മറ്റിയുടെ ഏറ്റവും വലിയ കർത്തവ്യം. 2017 മുതൽ രണ്ട് മഹാപ്രളയ ദുരന്തങ്ങളേയും ഇപ്പോൾ കോവിഡ് മഹാമാരിയേയും സഭയും സമൂഹവും നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റേതായ പരിമിതികൾ നമ്മുടെ മുമ്പിലുണ്ട്.

പരിശുദ്ധ പിതാവേ, അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ അവിടുത്തെ കല്പനപ്രകാരം ഞാൻ അവതരിപ്പിക്കുന്ന അഞ്ചാമത്തെ ബജറ്റ് ആണിത്. ഇക്കാലമത്രയും അങ്ങ് എനിക്കു നൽകിയ കരുതലിനും കൈത്താങ്ങലിനും അനുഗ്രഹങ്ങൾക്കും സ്നേഹവാത്സല്യങ്ങൾക്കും എന്റെ അകമഴിഞ്ഞ നന്ദി അറിയിച്ചുകൊള്ളട്ടെ. അതേ പോലെതന്നെ എന്നെ കരുതിയ, കരുതുന്ന,

അഭിവന്ദ്യ പിതാക്കന്മാരോടും, വന്ദ്യ വൈദികരോടും, മറ്റു സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളോടുമുള്ള നന്ദിയും അറിയിക്കട്ടെ.

ഞങ്ങളുടെ ഭാഗ്യവാനായ പിതാവും, പ. മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിയുമായ അങ്ങയോടും സഭാ ഭരണഘടനയോടുമുള്ള ഈ മാനേജിംഗ് കമ്മറ്റിയുടെ അചഞ്ചലമായ കൂറും വിധേയത്വവും ഈയവസരത്തിൽ ഒരിക്കൽക്കൂടെ ഉറപ്പിച്ച് പ്രഖ്യാപിച്ചു കൊള്ളുന്നു.

ആമുഖം

പരിശുദ്ധ സഭയുടെ പൊതു ചിലവുകൾക്ക് ഒരു സ്ഥിരം ഫണ്ട് എന്ന നിലയിൽ 1935-ലാണ് *കാതോലിക്കാനിധി* സംഭരണം ആരംഭിച്ചത്. വിദേശ ഫണ്ടുകളോ ഇതര വരുമാന മാർഗ്ഗങ്ങളോ ഇല്ലാത്ത മലങ്കര സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കുള്ള മുഖ്യ സാമ്പത്തിക സ്രോതസ് ഇന്ന് കാതോലിക്കാദിന പിരിവിലൂടെ ലഭിക്കുന്ന തുകയാണ്. തികച്ചും പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടു കൂടി കഴിഞ്ഞ വർഷത്തെ ടാർജറ്റായ 10 കോടിയിൽ 31-03-2021 വരെ 5.6 കോടി രൂപ കാതോലിക്കാദിന സംഭാവനയായി ലഭിച്ചു എന്നറിയിക്കുന്നതിൽ സന്തോഷമുണ്ട്. ഇതിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാ ഭദ്രാസനങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തു. ഇതര ഭദ്രാസനങ്ങൾകൂടി ഈ ശുഷ്ക്കാന്തി കാണിച്ചിരുന്നെങ്കിൽ നമുക്ക് നിഷ്പ്രയാസം ടാർജറ്റ് തികയ്ക്കാമായിരുന്നു. ഈ വർഷവും ടാർജറ്റ് 10 കോടി രൂപയാണ്. അത് സഫലമാക്കുവാൻ ഏവരും ഉത്സാഹിക്കും എന്ന് പ്രതീക്ഷിക്കുന്നു.

സഭയ്ക്ക് ക്രിസ്തീയമായ ഒരു പ്രതിബദ്ധതയുണ്ട്. അത് സഭാംഗങ്ങളോടു മാത്രമല്ല, പൊതു സമൂഹത്തോടുകൂടിയാണ്. ഈ കാഴ്ചപ്പാടോടുകൂടിയാണ് കാലാകാലങ്ങളിൽ വികസന-ജീവകാരുണ്യ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. ഇതോടൊപ്പം സഭാമക്കളുടെ നീറുന്ന ജീവിത യാഥാർത്ഥ്യങ്ങളെ അവഗണിക്കാനുമാവില്ല. ഇവയ്ക്കെല്ലാം പണം അത്യന്താപേക്ഷിതമാണല്ലോ. ഇവയ്ക്കുള്ള പ. സഭയുടെ മുഖ്യ വരുമാന മാർഗ്ഗം കാതോലിക്കാദിനപ്പിരിവ് ആണ്. കാതോലിക്കാദിനപ്പിരിവ് വിജയിപ്പിക്കുന്നതിന് നാളിതുവരെ ആത്മാർത്ഥമായി ഉത്സാഹിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരേയും ഒരിക്കൽകൂടി അഭിനന്ദിക്കുകയും ഒരിക്കൽക്കൂടി സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഒരു വെറും വരവുചിലവുകണക്കല്ല പ. സഭയുടെ ബജറ്റ്. പ. സഭയുടെ ക്രൈസ്തവ സാക്ഷ്യം പ്രതിബിംബിക്കുന്ന ഒരു വാർഷിക രേഖയാണിത്. ഈ കാഴ്ചപ്പാടോടെയാണ് 2021-22-ലും ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ബജറ്റ് ഘടന

ഈ ബജറ്റ് A, B, C, D എന്നീ നാലു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ചുമതലയിൽ വരുന്ന A വിഭാഗത്തിൽപ്പെട്ടവയാണ് മാനേജിംഗ് കമ്മറ്റി ചർച്ച ചെയ്ത് പാസ്സാക്കേണ്ടത്. 16 ഇനങ്ങൾ പ്രത്യേക ഭരണക്രമവും ഉൾഭരണ സ്വാതന്ത്ര്യവുമുള്ളവയാണ്. ശേഷിക്കുന്ന 16 ഇനങ്ങൾ മാനേജിംഗ് കമ്മറ്റി പാസ്സാക്കുന്ന ബജറ്റിന്റെ അടിസ്ഥാനത്തിൽ സഭാകേന്ദ്രത്തിന്റെ ഉത്തരവാദിത്വത്തിൽ ഭരിക്കപ്പെടുന്നവയാണ്.

പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ നിയന്ത്രണത്തിലുള്ളവയാണ് B വിഭാഗം സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും. C വിഭാഗത്തിൽപ്പെട്ടവയ്ക്ക് പ്രത്യേകം ഭരണസമിതിയും ഭരണക്രമവും ഉള്ളവയാണ്. D വിഭാഗത്തിൽപ്പെട്ടവ മെത്രാസനങ്ങളും അവയുടെ സ്ഥാപനങ്ങളുമാണ്. ഇവയുടെ കണക്കും ബജറ്റും മെത്രാസന ഇടവകയോഗവും കൗൺസിലും പാസ്സാക്കുന്നതാണ്.

നാലു ഷെഡ്യൂളുകളിലായി ആകെ 841 കോടി രൂപയുടെ ബജറ്റാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. മാനേജിംഗ് കമ്മറ്റിയുടെ അംഗീകാരം ആവശ്യമുള്ള A വിഭാഗത്തിൽ ഉൾപ്പെട്ട ഓരോ ഇനത്തിന്റെയും ബജറ്റ് ചർച്ച ചെയ്ത് പാസ്സാക്കേണ്ടതാണ്. മാനേജിംഗ് കമ്മറ്റി മുമ്പാകെ ഇത് വിശദമായി അവതരിപ്പിക്കുന്നു.

2021 – 2022-ലെ പ്രധാന പദ്ധതികൾ

❑ പുതുക്കിയ വൈദീക ശമ്പള പദ്ധതി ഇക്കൊല്ലം നിലവിൽ വരുന്നതിനാൽ ഇനിമുതൽ വൈദിക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി പങ്കാളിത്ത രീതിയിലാവും നടപ്പാക്കുക. ഈ വർഷം പൊതു ബജറ്റിൽ നിന്നും ഈ പദ്ധതിക്കായി 50 ലക്ഷം രൂപ കൂടി ഈ വർഷം വകയിരുത്തുന്നു.

❑ ഒരോ മെത്രാസനത്തിന്റെയും ടാർജറ്റിൽ അധികം പിരിഞ്ഞുകിട്ടുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം ബഹുമാന്യരായ വൈദികരുടെ ക്ഷേമത്തിനായി രൂപം കൊടുത്തിരിക്കുന്ന വൈദികക്ഷേമ നിധിയിലേക്ക് നൽകുന്ന പതിവ് ഈ വർഷവും തുടരുന്നതാണ്.

❑ ഓരോ ഇടവകയുടേയും ജീവനാഡിയാണല്ലോ മുഖ്യ ശുശ്രൂഷകൻ. വൈദീകനേക്കാൾ മുമ്പ് ദേവാലയത്തിലെത്തി ക്രമീകരണങ്ങൾ നടത്തുന്ന അവരുടെ സമർപ്പിത സേവനം വേണ്ടുംവിധം അംഗീകരിക്കപ്പെടുന്നുണ്ടോ എന്നു സംശയമാണ്. അവരെ താങ്ങി നിർത്തേണ്ടത് സഭയുടെ കടമയാണ്. പൂർണ്ണസമയ മുഖ്യ ശുശ്രൂഷകർക്ക് വിവാഹം, ഭവനനിർമ്മാണം, ചികിത്സ മുതലായ ഒഴിവാക്കാനാവാത്ത ആവശ്യങ്ങൾക്ക് കൈത്താങ്ങേകാൻ കഴിഞ്ഞ വർഷം ഏർപ്പെടുത്തിയ 25 ലക്ഷം രൂപയുടെ സ്ഥിരം ഫണ്ട് ഈ വർഷവും തുടരുന്നതാണ്.

❑ അർഹരായ കന്യാസ്ത്രീകൾക്കും സുവിശേഷകർക്കും സഹായഹസ്തം നീട്ടുന്നതിനുള്ള പദ്ധതിക്ക് ഈ വർഷവും 5 ലക്ഷം രൂപ.

❑ **ചിലവാക്കാൻ ഇടവരരുതേ എന്ന പ്രാർത്ഥനയോടെ അടിയന്തിര പ്രകൃതി ദുരന്തനിവാരണത്തിന് 10 ലക്ഷം രൂപ.**

❑ പരുമല കാൻസർ സെന്റർ പ്രവർത്തന സജ്ജമായപ്പോൾ പാവപ്പെട്ട കാൻസർ രോഗികളെ സഹായിക്കാൻ പ. പിതാവ് മുൻകൈയ്യെടുത്ത് അദ്ദേഹത്തിന്റെ ചുമതലയിൽ നടന്നു വരുന്നതാണ് "സ്നേഹസ്പർശം പദ്ധതി." ഈ വർഷം ഈ പദ്ധതി പ്രകാരം 133 പേർക്ക് 85,80,157 രൂപായുടെ ധനസഹായം നൽകി. ഈ പദ്ധതിയോടുള്ള സഭയുടെ ആദര സൂചകമായി പൊതു ഫണ്ടിൽനിന്നും 5 ലക്ഷം രൂപ.

❑ Dialysis and Liver Transplantation-പദ്ധതിയായ "സഹായഹസ്തം" പദ്ധതിക്ക് 40 ലക്ഷം രൂപയായി നിലനിർത്തി.

❑ കോവിഡ് 19 മൂലം മരണം സംഭവിക്കുന്ന സഭാംഗങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തിര സാമ്പത്തിക സഹായം നൽകുന്നതിന് 10 ലക്ഷം രൂപ.

❑ സഭയിലെ അർഹരായ വിധവകൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയിൽ 100 പേർക്ക് പ്രതിമാസ പെൻഷൻ നൽകിവരുന്നു. ഈ വർഷവും ഇതു തുടരുന്നതിന് 25 ലക്ഷം രൂപാ വകയിരുത്തുന്നു.

❑ സൺഡേസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന നിർധന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്നതിനായുള്ള പദ്ധതി ഇക്കൊല്ലം തുടരുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തി.

❑ അനേകായിരം സഭാംഗങ്ങൾ പ്രവർത്തിക്കുന്ന ആതുര ശുശ്രൂഷാരംഗത്തേയ്ക്ക് പ്രവേശിക്കാൻ പരിശീലനം നേടുന്ന അർഹരായ മലങ്കരസഭാംഗങ്ങൾക്ക് യൂണിഫോം അലവൻസ് നൽകുന്ന പദ്ധതിയിൽ ഇക്കൊല്ലവും 15 ലക്ഷം രൂപ വകയിരുത്തുന്നു. ഈ വർഷം അർദ്ധവിദഗ്ധ തൊഴിൽ പരിശീലനങ്ങളായ ITI, ITC എന്നീ മേഖലകളിലേയ്ക്കു കൂടി ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.

❑ പബ്ലിക് സർവീസ് കമ്മീഷൻ പരീക്ഷകൾക്ക്, വിശേഷിച്ച് കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയ്ക്ക്, തയാറെടുക്കുന്നവർക്ക് പരിശീലനം നൽകാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് 5 ലക്ഷം രൂപ ഈ വർഷവും വകയിരുത്തുന്നു.

❑ എല്ലാ പള്ളികളുടെയും ട്രസ്റ്റിമാർക്ക് സഭാ ഓഡിറ്റേഴ്സിന്റെ സഹകരണത്തോടെ ഓൺലൈൻ അക്കൗണ്ടിംഗ് ട്രെയിനിംഗ് പ്രോഗ്രാം നടത്തിന് 2 ലക്ഷം.

❑ ഈ രാജ്യത്തിന്റെ നട്ടെല്ലായ മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷരുടെ ഇടയിലെ പ്രതിഭകളിൽ അനേകം സഭാംഗങ്ങളുണ്ട്. അത്തരം കർഷകരെ - വിശിഷ്യാ നെൽ-ക്ഷീര കർഷകരെ ആദരിക്കുന്നതിന് 5 ലക്ഷം രൂപ.

❑ ഐക്യരാഷ്ട്ര സംഘടന ഈ വർഷത്തെ പരിസ്ഥിതിദിന സന്ദേശമായി ഉൾപ്പെടുത്തിയിരിക്കുന്നത് "ജൈവ വ്യവസ്ഥയുടെ പുനസ്ഥാപനമാണ്." സഭയുടെ ആരാധനാലയങ്ങളും സ്ഥാപനങ്ങളും പരിസ്ഥിതി സൗഹൃദ കേന്ദ്രങ്ങളായി മാറിയേ മതിയാകൂ. ആവിഷ്കാരത്തിലും നടപ്പാക്കലിലും അടി മുതൽ മുടിവരെ കാര്യക്ഷമമായി പരിസ്ഥിതി സൗഹൃദത്വം പാലിക്കുന്ന സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരിസ്ഥിതി കമ്മീഷന്റെ സഹകരണത്തോടെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുരസ്കാരങ്ങൾ നൽകുന്നതിന് രണ്ട് ലക്ഷം രൂപ, ദേവാലയങ്ങൾ, ഭദ്രാസന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സുസ്ഥിരമായ മാലിന്യ

നിർമ്മാർജന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പ്രോത്സാഹനമായി 2 ലക്ഷം രൂപ.

❑ സഭവക പുരയിടങ്ങളിൽ പരിസ്ഥിതി കമ്മീഷന്റെ സഹായത്തോടെ ഹൈബ്രിഡ് ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പി ക്കുന്നതിന് 5 ലക്ഷം രൂപ.

❑ പ്രകൃതിയോടിണങ്ങി ആത്മീയ പ്രഭ ചൊരിഞ്ഞ് മലങ്കരയെ പ്രകാശത്തിന്റെ പാതയിൽ നയിച്ച പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ഭൗതിക സാന്നിദ്ധ്യമുള്ള പാമ്പാടി ദയറായിൽ "മിനി നേച്ചർ പാർക്ക്" സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ.

❑ പരിശുദ്ധ പരുമല തിരുമേനിയുടെയും, പരിശുദ്ധ യെൽദോ ബാവായുടെയും പരിശുദ്ധ പ്രഖ്യാപനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന് 10 ലക്ഷം.

❑ മലങ്കരയിലെ വാങ്ങിപ്പോയ പ. കാതോലിക്കാ ബാവാമാരുടെ ഓർമ്മ പെരുന്നാളുകൾക്കായി ഏർപ്പെടുത്തിയ *പാവനസ്മൃതിക്ക്* ഈ വർഷവും 5 ലക്ഷം രൂപ.

❑ കാശ്മീരിൽ പാക്കിസ്ഥാന്റെ ഷെല്ലാക്രമത്തിൽ വീരമൃത്യുവരിച്ച തിരുവനന്തപുരം മെത്രാസനത്തിൽപെട്ട മണ്ണൂർ മർത്തശ്മുനി ഇടവകാംഗമായ ശ്രീ. ഡി. തോമസിന്റെയും ശ്രീമതി അമ്മിണി തോമസിന്റെ മകൻ നായക് അനീഷ് തോമസിനോടുള്ള ആദര സൂചകമായി ടിയാന്റെ പുത്രി 6 വയസ്സായ എമിലി ഈശോയുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം.

❑ കേരളത്തിന് പുറത്തുള്ള ഭദ്രാസനങ്ങളിലെ യുവതലമുറ വിശ്വാസികൾ അഭിമുഖീകരിക്കുന്ന ഭാഷാ പ്രശ്നം പരിഹരിച്ച്, അതത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ ഭദ്രാസനങ്ങളുടെ സഹകരണത്തോടെ ആരാധനയും പഠനങ്ങളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന WORLD-Wing for Organising Regional Language Devotion പദ്ധതിക്ക് 5 ലക്ഷം രൂപ.

❑ പഴയസെമിനാരി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സെമിനാരിക്ക് സ്വന്തമായ വരുമാന സ്രോതസുകൾ ഉണ്ടെങ്കിലും വർക്കിംഗ് കമ്മറ്റിയുടെ ശുപാർശപ്രകാരം ഈ പ്രവർത്തനങ്ങൾക്ക് പൊതു ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ.

❑ "പൈതൃകം - മലങ്കരസഭാ സാഹിതീ സരണി" പ്രസിദ്ധീകരണത്തിന് 3 ലക്ഷം രൂപ

❑ കോവിഡ് മഹാമാരിയുടെ അനന്തരഫലമായി അനുദിന ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്ന മാസ്ക്-സാനിറ്റൈസർ എന്നിവ നൂറുകണക്കിന് കോടിരൂപയുടെ വ്യാപാരമായി മാറിയിട്ടുണ്ട്. ദേവാലയങ്ങളിലും, പൊതു ഇടങ്ങളിലും ഒത്തുചേരലുകൾക്കും നിർബന്ധമായിരിക്കുന്ന മാസ്കിന്റെയും ഇവയുടെ നിർമ്മാണം മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതിന് 25 ലക്ഷം രൂപ വകകൊള്ളിക്കുന്നു. മാസ്കിന്റെയും സാനിറ്റൈസറിന്റെയും പ്രാധാന്യം വിളിച്ചോതുന്നതിനോടൊപ്പം സ്ത്രീശാക്തീകരണ സന്ദേശം കൂടി പ്രസ്തുത പദ്ധതി സംവേദിക്കും.

❑ അഹമ്മദാബാദ് ഭദ്രാസനത്തിന്റെ രാജസ്ഥാനിലെ അബു റോഡ് കേന്ദ്രത്തിന് 2 ലക്ഷം രൂപ.

❑ ഡൽഹിയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ആഞ്ചൽ സെന്ററിന് 5 ലക്ഷം.

❑ ആരോഗ്യ-വിദ്യാഭ്യാസ സഹായങ്ങൾക്കു വകയിരുത്തുന്ന തുക 20 ലക്ഷമായി നിലനിർത്തി.

❑ പ. സഭയിലെ സാഹിത്യ പ്രതിഭകളെ ആദരിക്കുന്നതിന് 2 ലക്ഷം രൂപ.

❑ സ്ലീബാദാസ സമൂഹത്തിനുള്ള വിഹിതം 7 ലക്ഷം രൂപ.

❑ പ. സഭയുടെ ക്ഷേമഭവനങ്ങൾക്ക് (Welfare Homes) 10 ലക്ഷം രൂപ.

❑ ആശുപത്രികൾക്ക് 7 ലക്ഷം, മിഷൻ ബോർഡിന് 5 ലക്ഷം.

❑ ആദ്ധ്യാത്മിക സംഘടനകൾക്കുള്ള സഹായം 15 ലക്ഷം.

❑ ലോക്ഡൗണിന്റെ വർത്തമാനകാലഘട്ടത്തിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗിച്ചുകൊണ്ടാണ് മനുഷ്യർ പരസ്പര സംവേദനം സാധ്യമാക്കുന്നത്. ആഗോളതലത്തിൽ സഭയ്ക്കുള്ള സ്ഥാപനങ്ങളും ദേവാലയങ്ങളും സേവനങ്ങളും വിവരങ്ങളും അടയാളപ്പെടുത്തുന്ന സമഗ്രമായ മൊബൈൽ ആപ്ലിക്കേഷൻ ക്രമീകരിക്കുന്നതിനായി 5 ലക്ഷം രൂപ വകകൊള്ളിക്കുന്നു.

❑ മലങ്കര അസോസിയേഷന് സ്ഥിരം ഫണ്ടായി ഈ വർഷം 75 ലക്ഷം രൂപ ജനറൽ അക്കൗണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

❑ പ. സഭയുടെ പൈതൃകസ്വത്തുക്കളുടെ സംരക്ഷണത്തിനു ഇക്കൊല്ലവും 15 ലക്ഷം രൂപ ജനറൽ അക്കൗണ്ടിൽ നിന്ന് വകയിരുത്തിയിട്ടുണ്ട്.

❑ തോമയാർ കോവിൽ എന്ന തിരുവിതാംകോട് തീർത്ഥാടന കേന്ദ്രത്തിന്റെ അടിയന്തരവും അനിവാര്യവുമായ അറ്റകുറ്റപ്പണികൾക്ക് 1 ലക്ഷം രൂപ വകയിരുത്തുന്നു.

❑ പീരുമേട്ടിലെ മലങ്കര ചർച്ച് കോഫി എസ്റ്റേറ്റിന്റെ വികസനത്തിന് 2 ലക്ഷം രൂപ.

❑ ഇന്ത്യയിലെ വികസനസാദ്ധ്യത/സഭാ സാന്നിദ്ധ്യം ഉള്ള, എന്നാൽ ആരാധനാലയങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി 10 ലക്ഷം രൂപ.

A-1 കാതോലിക്കാദിന പിരിവ്

2019-20-ൽ 8.21 കോടി രൂപയാണ് സമാഹരിച്ചത്. 2020-21 ൽ മാർച്ച് 31 വരെ 5.6 കോടി രൂപ ലഭിച്ചു. ഈ സാമ്പത്തികവർഷം കാതോലിക്കാ ദിനപ്പിരിവിലൂടെ സഭ ലക്ഷ്യമിടുന്ന 10 കോടി രൂപ സമാഹരിക്കാമെന്നു പ്രതീക്ഷിക്കുന്നു.

ഇതിൽനിന്നും,

❑ മെത്രാസനങ്ങൾക്കും മെത്രാപ്പോലീത്താമാർക്കുമായി 60 ലക്ഷം.
❑ കാതോലിക്കേറ്റ് ഓഫീസിന് 67 ലക്ഷം
❑ കാതോലിക്കേറ്റ് അരമനയ്ക്ക് 35 ലക്ഷം
❑ കാതോലിക്കോസ് ഓഫീസിന് 63 ലക്ഷം
❑ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് 10 ലക്ഷം
❑ അന്തർസഭാ ബന്ധങ്ങൾക്ക് 7 ലക്ഷം
❑ ഇരു സെമിനാരികൾക്കും 3 ലക്ഷം വീതം
❑ വൈദിക സംഘത്തിന് 1 ലക്ഷം
❑ അവികസിത പള്ളികൾക്ക് ഗ്രാന്റായി 15 ലക്ഷം
❑ പാഴ്സനേജ് നിർമ്മാണ സഹായത്തിന് 15 ലക്ഷം,
❑ അവികസിത ചാപ്പലുകൾക്കും, കാതോലിക്കേറ്റ് സെന്ററുകൾക്കും 5 ലക്ഷം
❑ കൊട്ടാരക്കര-പുനലൂർ മെത്രാസനത്തിന് 3.5 ലക്ഷം,
❑ നിലയ്ക്കൽ മെത്രാസനത്തിന് 3.5 ലക്ഷം
❑ ബ്രഹ്മവാർ മെത്രാസനത്തിന് 10 ലക്ഷം
❑ സോപാന അക്കാദമിക്ക് 1 ലക്ഷം
❑ വള്ളിക്കാട്ട് ദയറായ്ക്ക് 3 ലക്ഷം

❑ ശുശ്രൂഷകരുടെയും പള്ളിസൂക്ഷിപ്പുകാരുടെയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെയും ആരോഗ്യ ഇൻഷുറൻസ്, വാർദ്ധക്യകാല പെൻഷൻ എന്നിവയ്ക്ക് 13 ലക്ഷം.

ഇവയാണ് പ്രധാന ചെലവുകൾ.

ഇതുകൂടാതെ വൈദികരുടെ ശമ്പള സബ്സിഡിയായി 50 ലക്ഷം രൂപയും, വസ്തുക്കളുടേയും പള്ളികളുടേയും വികസനത്തിനായി 10.40 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതര ചിലവുകളുടെ വിവരങ്ങൾ ബജറ്റ് രേഖയിൽനിന്നും ലഭ്യമാണ്.

11.25 കോടി രൂപ വരവ്-ചെലവ് പ്രതീക്ഷിക്കുന്ന ബജറ്റ് മാനേജിംഗ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി അവതരിപ്പിക്കുന്നു.

A-2 കാതോലിക്കേറ്റ് ഓഫീസ്

കാതോലിക്കാദിന പിരിവിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിലൂടെയാണ് പ്രധാനമായും കാതോലിക്കേറ്റ് ഓഫീസിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. കാതോലിക്കാദിനപ്പിരിവിൽ നിന്നും 67 ലക്ഷം രൂപ ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് വേർതിരിച്ചിട്ടുണ്ട്. എം.ഡി.സി.സി.യിൽ നിന്നുള്ള 25 ലക്ഷം രൂപ ഉൾപ്പെടെ ആകെ 92 ലക്ഷം രൂപ ഈ വർഷം കാതോലിക്കേറ്റ് ഓഫീസ് അക്കൗണ്ടിലേക്ക് പ്രധാനമായും വരവ് പ്രതീക്ഷിക്കുന്നു.

ചർച്ച് അക്കൗണ്ട്സ് കമ്മറ്റിയും, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റും,

മാനവശേഷി ശാക്തീകരണ വിഭാഗവും കാതോലിക്കേറ്റ് ഓഫീസിന്റെ ഭാഗമാണ്.

A-3 കാതോലിക്കോസ് ഓഫീസ്

കാതോലിക്കോസ് ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി കാതോലിക്കാദിന പിരിവിൽ നിന്നുള്ള 63 ലക്ഷം രൂപയും എം.ഡി.സി.സി.യിൽനിന്നുള്ള 15 ലക്ഷം രൂപയുമാണ് പ്രധാന വരവ്. 1.78 കോടി രൂപ വരവ് ചെലവ് പ്രതീക്ഷിക്കുന്ന ബജറ്റ് അവതരിപ്പിക്കുന്നു.

A-4 കാതോലിക്കേറ്റ് പ്രസ്സ്

കാതോലിക്കേറ്റ് പ്രസ്സിനുവേണ്ടി 59 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-5 കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്

പ. സഭയുടെ ഉടമസ്ഥതയിലുള്ള ഹയർസെക്കണ്ടറി സ്കൂളുകൾ, ഹൈസ്കൂളുകൾ, അപ്പർ/ലോവർ പ്രൈമറി സ്കൂളുകൾ, ട്രെയിനിംഗ് സ്കൂളുകൾ എന്നിവ ഈ മാനേജ്മെന്റിന്റെ നിയന്ത്രണത്തിലാണ്. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപാ വക കൊള്ളിച്ചിട്ടുണ്ട്. 6.01 കോടി രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-7 കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് എം.ഒ.സി. കോളേജസ്

പ. സഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കോളേജുകളുടെ ഈ സാമ്പത്തിക വർഷത്തേക്കുള്ള 5.60 കോടി രൂപയുടെ ബജറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നു.

A-8 ജനറൽ അക്കൗണ്ട്

പരുമല സെമിനാരിയിൽ നിന്നും 5 കോടി രൂപയും എം.ഡി.സി. സെന്ററിൽ നിന്നും 50 ലക്ഷം രൂപായും ജനറൽ അക്കൗണ്ടിലേക്ക് ഈ സാമ്പത്തിക വർഷം വരവ് പ്രതീക്ഷിക്കുന്നു. 50 ലക്ഷം രൂപ വൈദിക ശമ്പളപദ്ധതിക്കായി കാതോലിക്കാദിനപ്പിരിവിൽ നിന്നും ഈ ഫണ്ടിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്.

നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിന് ഗ്രാന്റ് ഈ ഫണ്ടിൽ നിന്നാണ് നൽകുന്നത്. ഇപ്രകാരം 9.52 കോടി രൂപയുടെ അടങ്കൽ ബജറ്റ് അവതരിപ്പിക്കുന്നു.

A-9 ഭവന സഹായ പദ്ധതി

നിർധനരായ സഭാംഗങ്ങൾക്ക് കിടപ്പാടം നിർമ്മിക്കുന്നതിനായുള്ള സഹായ പദ്ധതിക്ക് ഈ സാമ്പത്തിക വർഷത്തേക്ക് 37.4 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-10 മലങ്കര ഓർത്തഡോക്സ് ചർച്ച് ഡവലപ്മെന്റ് ഫണ്ട്

മലങ്കര ഓർത്തഡോക്സ് ചർച്ച് ഡവലപ്പ്മെന്റ് ഫണ്ടിനായി 6.82 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-11 മാർ ബസേലിയോസ് മാർത്തോമ്മാ ചാരിറ്റി ഫണ്ട്

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് ആരംഭിച്ച ഈ ഫണ്ടിലേക്കുള്ള വരവ് പരിശുദ്ധ പിതാവിന്റെ എൻഡോവ്മെന്റിൽ നിന്നും ലഭിക്കുന്ന പലിശയുടെ 50 ശതമാനവും, കാതോലിക്കാദിന പിരിവിൽ നിന്നുമുള്ള ഒരു ലക്ഷം രൂപയുമാണ്.

ഈ വർഷം 2.35 ലക്ഷം രൂപയുടെ വരവുചെലവ് ഉള്ള ബജറ്റ് അവതരിപ്പിക്കുന്നു.

A-12 മാർ ബസേലിയോസ് പബ്ലിക് സ്കൂൾ, ദേവലോകം

മാർ ബസേലിയോസ് പബ്ലിക് സ്കൂളിനുവേണ്ടി 9.66 കോടി രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-13 മാർ ഡയനീഷ്യസ് ചർച്ച് സെന്റർ (MDC സെന്റർ)

ഈ സാമ്പത്തിക വർഷം എം.ഡി.സി. സെന്ററിൽനിന്ന് വാടക ഇനത്തിൽ സർവ്വീസ് നികുതി അടക്കം 1.27 കോടി രൂപാ വരവ് പ്രതീക്ഷിക്കുന്നു, എം.ഡി.സി സെന്റർ വികസനത്തിന് 1.19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓർത്തഡോക്സ് കൾച്ചറൽ സെന്ററിനു വേണ്ടി 1.5 കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

എം.ഡി.സി.സിയിൽനിന്നും കാതോലിക്കേറ്റ് അരമനയ്ക്ക് 10 ലക്ഷവും കാതോലിക്കേറ്റ് ഓഫീസിന് 25 ലക്ഷവും കാതോലിക്കോസ് ഓഫീസിനു 15 ലക്ഷവും ഗ്രാന്റ് നൽകുവാൻ വേർതിരിച്ചിട്ടുണ്ട്. പ. സഭയുടെ ജനറൽ അക്കൗണ്ടിലേക്ക് 50 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. ഇവയെല്ലാം ചേർന്ന് 4.32 കോടി രൂപയുടെ അടങ്കൽ ബജറ്റ് അവതരിപ്പിക്കുന്നു.

A-14 എം.ഡി. സെമിനാരി

മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ സ്ഥിതി ചെയ്യുന്ന എം.ഡി. സെമിനാരിക്കായി 30,000 രൂപായുടെ ബജറ്റ് മാനേജിംഗ് കമ്മറ്റി മുമ്പാകെ അവതരിപ്പിക്കുന്നു.

A-15 വിവാഹസഹായ പദ്ധതി

നിർധനരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകുന്നതിന് ആവിഷ്കരിക്കപ്പെട്ട ഈ പദ്ധതിയിലൂടെ എല്ലാവർഷവും അനേകം പേർക്ക് സഹായം ലഭ്യമാകുന്നുണ്ട്

ഈ സാമ്പത്തിക വർഷം 42.10 ലക്ഷം രൂപയുടെ വരവു ചെലവുള്ള ബജറ്റ് അവതരിപ്പിക്കുന്നു. പരുമല സെമിനാരിയിൽ നിന്നുള്ള വിഹിതവും കാതോലിക്കാ ദിനപ്പിരിവിൽ നിന്നുള്ള ഗ്രാന്റും ആണ് പ്രധാന വരുമാന സ്രോതസ്.

A-16 മട്ടാഞ്ചേരി കൂനൻകുരിശ് തീർത്ഥാടനകേന്ദ്രം

44.91 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-17 M.B.C കോളജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പീരുമേട്

രിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ പരിശ്രമഫലമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ സഭയ്ക്ക് ഉണ്ടായ സ്ഥാപനമാണ് M.B.C. കോളജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി. കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കുമുള്ള തുക വകകൊള്ളിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തേയ്ക്ക് 19.28 കോടി രൂപയുടെ ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

A-18 മെഡിക്കൽ ആൻഡ് എഡ്യൂക്കേഷണൽ അസിസ്റ്റൻസ് സ്കീം

നിർധനരായ രോഗികൾക്ക് ജാതിമതഭേദമെന്യേ ചികിത്സാസഹായവും, വിദ്യാർത്ഥികൾക്ക് പഠന സഹായവും നൽകാൻ ആവിഷ്കരിച്ച പദ്ധതിയാണിത്. കാതോലിക്കാദിന പിരിവിൽനിന്നു ഇക്കൊല്ലം 20 ലക്ഷം രൂപകൂടാതെ ***സഹായഹസ്തം*** പദ്ധതിക്കു നീക്കിവെച്ചിരിക്കുന്ന 40 ലക്ഷം രൂപയുമാണ് ഇതിന്റെ പ്രധാന വരുമാനം. 63 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-20 മലങ്കര ചർച്ച് കോഫി എസ്റ്റേറ്റ്, പീരുമേട്

കാപ്പിയും കുരുമുളകും കൃഷി ചെയ്യുന്ന മലങ്കര ചർച്ച് കോഫി എസ്റ്റേറ്റിനായി 27.36 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-21 മൂന്നാറ്റ്മുക്ക് വസ്തു, പീരുമേട്

75 ഏക്കർ വിസ്തൃതിയുള്ള ഈ സ്ഥലത്ത് 50 ഏക്കറിലാണ് കൃഷി ചെയ്യുന്നത്. 74.11 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-22 മലങ്കര ചർച്ച് പള്ളിക്കുന്ന് വസ്തു, പീരുമേട്

കാപ്പി, ഏലം എന്നിവയാണ് ഇവിടെ കൃഷി ചെയ്യുന്നത്. 2.75 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-23 മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസ്

ഈ വർഷം എം.ഒ.സി. പബ്ലിക്കേഷൻസിന്റെ പ്രവർത്തനങ്ങൾക്കായി 98.25 ലക്ഷം രൂപയുടെ ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

A-24 നാചറൽ കലാമിറ്റി അസിസ്റ്റൻസ് പ്രോജക്ട്

പ്രകൃതിദുരന്തത്തിന് ഇരയാകുന്ന ആളുകളെ സഹായിക്കുന്നതിന് ആവിഷ്കരിച്ച നാചറൽ കലാമിറ്റി അസിസ്റ്റൻസ് പ്രോജക്ടിന് വേണ്ടി 25 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-25 നവജ്യോതി സ്വയം സഹായ സംഘം

സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് 2008 ൽ ആരംഭിച്ച ഈ പദ്ധതിക്ക് 77.10 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-26 പഴയ സെമിനാരി

മലങ്കര മെത്രാപ്പോലീത്തായുടെയും കൂട്ടു ട്രസ്റ്റിമാരുടെയും ഭരണ ചുമതലയിലാണ് പഴയ സെമിനാരിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളും, വസ്തുക്കളുടെ സംരക്ഷണവും നടത്തുന്നത്. ഈ സാമ്പ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ത്തിക വർഷത്തിൽ 76.23 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-27 പാറേട്ട് മാർ ഈവാനിയോസ് ഹോസ്പിറ്റൽ, പുതുപ്പള്ളി

8.83 കോടി രൂപയുടെ ബജറ്റ് അംഗീകാരത്തിന് സമർപ്പിക്കുകയാണ്.

A-28 മലങ്കര ഓർത്തഡോക്സ് വൈദിക ക്ഷേമനിധി

കാതോലിക്കാദിന പിരിവിൽ നിന്നും 30 ലക്ഷം രൂപ വൈദികക്ഷേമനിധിയ്ക്കായി ലഭിക്കും. 32 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-29 സെന്റ് മേരീസ് ഹോസ്പിറ്റൽ, ഇരവിപേരൂർ

രണ്ടാമത്തെ ബ്ലോക്ക് പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു. മൂന്നാമത്തെ ബ്ലോക്കിന്റെ പണി ആരംഭിച്ചിരിക്കുന്നു. ഈ വർഷത്തേക്ക് 1.99 കോടി രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു.

A-30 വെട്ടിക്കൽ സെന്റ് തോമസ് ദയറാ

മലങ്കരസഭയുടെ ദയറാപ്രസ്ഥാനത്തിന് പ്രാരംഭം കുറിച്ച വെട്ടിക്കൽ ദയറായുടെ പ്രവർത്തനങ്ങൾക്കായി 22.94 ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിക്കുന്നു. കാതോലിക്കാദിനപ്പിരിവിൽനിന്നും ഗ്രാന്റായി 50,000 രൂപാ നൽകുന്നുണ്ട്.

A-31 വള്ളിക്കാട്ടു ദയറാ, വാകത്താനം

46.79 ലക്ഷം രൂപയുടെ വരവുചെലവുകളുള്ള ബജറ്റ് അവതരിപ്പിക്കുന്നു.

A-32 അൺഡവലപ്ഡ് ചർച്ചസ് ആൻഡ് കാതോലിക്കേറ്റ് സെന്റേഴ്സ് ഡവലപ്മെൻറ് ഫണ്ട്

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പള്ളികളുടെ പുനർ നിർമ്മാണത്തിനും പുതിയ കാതോലിക്കേറ്റ് സെന്ററുകൾ നിർമ്മിക്കുന്നതിനും സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അവികസിത മേഖലകളിലെ പള്ളികളിൽ പാഴ്സനേജ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ഇതോടൊപ്പമുണ്ട്. ഈ സാമ്പത്തിക വർഷം 4.54 കോടി രൂപ അടങ്കലുള്ള ബജറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നു. എ ഷെഡ്യൂളിൽ ഉൾപ്പെട്ട എല്ലാ യൂണിറ്റുകൾക്കുമായി ആകെ 91 കോടി 96 ലക്ഷം രൂപാ ബജറ്റ് അടങ്കൽ ഉണ്ട്. മേൽപറഞ്ഞ ഇനങ്ങളിൽ കാണിച്ചിരിക്കുന്ന ചെലവുകൾ ഓഡിറ്റിന് വിധേയമാണ്.

ഉപസംഹാരം

പ. മാർത്തോമ്മാ ശ്ലീഹാ നട്ട മലങ്കര സഭ ഓരോ തലമുറയിലെയും പിതാക്കന്മാരുടെ കണ്ണുനീരും രക്തവും മൂലവും സഭ മക്കളുടെ ഹൃദയം നുറുങ്ങിയ പ്രാർത്ഥന മൂലവുമാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിലനിൽക്കുകയും വളരുകയും ചെയ്യുന്നത്. കാരുണ്യവാനായ കർത്താവിന്റെ സംരക്ഷണയും പരിപാലനവും അനുനിമിഷം ഈ സഭയ്ക്ക് ലഭിക്കുന്നുവെന്ന് അനുദിന സംഭവങ്ങൾ സാക്ഷ്യം നൽകുന്നു. യെശയ്യാ പ്രവാചകൻ പറയന്നതുപോലെ നമുക്കും ആത്മാർത്ഥമായി പറയാം: "*ദൈവമാണ് എന്റെ രക്ഷ. ഞാൻ നിന്നിൽ ആശ്രയിക്കും. ദൈവമായ കർത്താവ് എന്റെ ബലവും എന്റെ ഗാനവും എന്റെ രക്ഷയുമാകയാൽ ഞാൻ നിന്നിൽ ആശ്രയിക്കും.*" (യെശയ്യാവ്. 12: 2)

പ. പിതാവേ, അവിടുന്ന് ആവർത്തിച്ചു പറയുന്നതുപോലെ ദൈവം മാത്രമാണ് നമ്മുടെ ആശ്രയം, ദൈവം മാത്രമാണ് നമ്മുടെ ശക്തി. അവന്റെ കൃപ ദിനംപ്രതി നമ്മുടെ മേൽ വർഷിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ നമുക്കും ദാവീദിനേപ്പോലെ ഒന്നിച്ചു ഘോഷിക്കാം: "*സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പീൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പീൻ എന്തന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടും എന്നേക്കും കർത്താവാകുന്നു.*"

പ. പിതാവിനോടും, അഭിവന്ദ്യരായ മേല്പട്ടക്കാരോടും, ബഹുമാന്യരായ പട്ടക്കാരോടും വിശ്വാസികളായ എല്ലാ സഹോദരങ്ങളോടും ഞാൻ പ്രാർത്ഥന അപേക്ഷിക്കുന്നു. 2017-ൽ ഞാൻ അസോസിയേഷൻ സെക്രട്ടറിയായി ചുമതലയേറ്റപ്പോൾ മുതൽ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്ന നിലയിൽ നിങ്ങളുടെ പരിപൂർണ്ണ പിന്തുണ എനിക്കുണ്ടായിരുന്നു എന്ന് എനിക്കറിയാം. എല്ലാവരോടും പക്ഷപാതരഹിതമായി പ്രവർത്തിക്കുവാൻ സാധിച്ചു എന്നാണ് എന്റെ വിശ്വാസം. ഇക്കാലമത്രയും നിങ്ങൾ എനിക്കു നൽകിയ സ്നേഹത്തിനും സഹകരണത്തിനും പിന്തുണയ്ക്കും പ്രാർത്ഥനയ്ക്കും ഈയവസരത്തിൽ ഞാൻ ഹൃദയംഗമമായ നന്ദി അറിയിച്ചുകൊള്ളട്ടെ. എന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതു നിങ്ങൾ ക്ഷമിക്കണമെന്നും ഈത്തരുണത്തിൽ ഞാൻ അപേക്ഷിക്കുന്നു. നമുക്ക് ഇനിയും ഒരുമിച്ചു പ്രവർത്തിക്കാം; നമ്മുടെ പ. സഭയ്ക്കു വേണ്ടി.

2021-2022-ലെ ബജറ്റ് സഭാ മാനേജിംഗ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നന്ദി, നമസ്കാരം,

അഡ്വ. ബിജു ഉമ്മൻ

അസോസിയേഷൻ സെക്രട്ടറി

കാതോലിക്കേറ്റ് ഓഫീസ്,

കോട്ടയം

29 - 04 - 2021

ഓർമ്മചിത്രങ്ങൾ






1991 ഏപ്രിൽ 30-നു പരുമല സെമിനാരിയിൽ വച്ചു വാഴിക്കപ്പെട്ട മെത്രാപ്പോലീത്തന്മാർ പ. മാത്യൂസ് രണ്ടാമൻ കാതോലിക്കായോടൊപ്പം.

ഏപ്രിൽ 30-ന് മെത്രാഭിഷേക സ്ഥാനാരോഹണത്തിന്റെ 30-മത് വാർഷികം ആചരിച്ച കുറിയാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്ത (തുമ്പമൺ), സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത (കൊല്ലം), മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത (കണ്ടനാട്), ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (ബോംബെ) എന്നീ പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ. പത്തനംതിട്ട വച്ച് നടന്ന മലങ്കര സുറിയാനി ക്രിസ്തിയാനി അസോസിയേഷൻ തെരഞ്ഞുടുത്ത ഈ പിതാക്കന്മാരെയും ഡൽഹി മെത്രാസനത്തിന്റെ കാലംചെയ്ത ഇയ്യോബ് മാർ പീലക്സീനോസ് ഉൾപ്പെടെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ കാതോലിക്കാ ബാവാ പരുമല സെമിനാരിയിൽ വച്ച് 1991 ഏപ്രിൽ 30-ന് മെത്രാപ്പോലീത്തമാരായി വാഴിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

നിത്യതയിലേക്ക് പ്രവേശിക്കുവാൻ ഒരുക്കത്തോടെ കാത്തിരിക്കുക



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

ദൈവതിരുനാമം മഹത്വപ്പെടുമാറാകട്ടെ. അനുഗ്രഹിക്കപ്പെട്ട വിശ്വാസികളുടെ സമൂഹമേ, നമ്മുടെ കർത്താവിന്റെ രക്ഷാകരമായ ഉയിർപ്പ് പെരുന്നാളിനു ശേഷം നാലാമത്തെ ഞായറാഴ്ചയിൽ നാം ദൈവകൃപയിൽ എത്തിയിരിക്കുന്നു. പുതു ഞായറാഴ്ചയ്ക്കു ശേഷമുള്ള മൂന്നാമത്തെ ഞായറാഴ്ച എന്ന് ഇതിനെ ആരാധനാ കലണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ഉത്ഥിതനായ ക്രിസ്തുവിൽ നാം വസിക്കുകയും വളരുകയും അവന്റെ രണ്ടാമത്തെ വരവിലേക്കായി നാം ഒരുക്കപ്പെടുകയും ചെയ്യുന്ന അനുഭവമാണല്ലോ കൃംന്താ കാലത്ത് (ഉയിർപ്പ് കാലത്ത്) നമ്മുടെ പ്രധാന ധ്യാനചിന്തയായി വരുന്നത്. നമ്മുടെ കർത്താവിന്റെ ഉയിർപ്പും ഉയിർപ്പിന് ശേഷം സ്വർഗ്ഗാരോഹണം വരെയുള്ള സംഭവങ്ങളുമാണ് ഉയിർപ്പ് മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള ആഴ്ചകളിൽ പ്രത്യേകം സഭ ധ്യാനിക്കുന്നത്. ഇതിൽ നാല് സുവിശേഷ ഭാഗങ്ങൾ ആവർത്തിച്ചു വരുന്നതായി നമുക്ക് കാണാം. വി. മത്തായി ശ്ലീഹായുടെ സുവിശേഷം 28-ാം അദ്ധ്യായം, വി. മർക്കോസ് ഏവൻഗേലിസ്ഥായുടെ സുവിശേഷം 16-ാം അദ്ധ്യായം, വി. ലൂക്കോസ് ഏവൻഗേലിസ്ഥായുടെ സുവിശേഷം 24-ാം അദ്ധ്യായം, വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 20, 21 അദ്ധ്യായങ്ങൾ എന്നിവയാണ് പ്രധാന ധ്യാന ഭാഗങ്ങളായി ഈ ദിവസങ്ങളിൽ വരുന്നത്. ഉത്ഥിതനായ ക്രിസ്തു കൂടെയുള്ളപ്പോൾ ശിഷ്യന്മാർ ഉപവസിക്കുന്നില്ല. മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർ ഉപവസിക്കുന്നില്ല എന്ന കർത്താവിന്റെ വാക്കുകളെ അനുസ്മരിച്ചുകൊണ്ട് കൃംന്താ പെരുന്നാൾ മുതൽ പെന്തിക്കോസ്തി പെരുന്നാൾ വരെയുള്ള ദിവസങ്ങളിൽ ഉപവാസം, നോമ്പനുഷ്ഠാനം, കുമ്പിട്ടുകൊണ്ടുള്ള ആരാധന എന്നീ കാര്യങ്ങൾ പൂർണമായും ഇല്ല എന്നുള്ളത് നമുക്ക് അറിയാവുന്ന കാര്യമാണെങ്കിലും ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു. സ്വർഗ്ഗാരോഹണ പെരുന്നാൾ മുതൽ പെന്തിക്കോസ്തി വരെയുള്ള കാലഘട്ടത്തിൽ ഔദ്യോഗികമായി കുമ്പിടീലോ, നോമ്പോ ഇല്ല. എന്നാൽ ജാഗരണ ദിവസങ്ങളാണ്. അതുകൊണ്ട് സഭാവിശ്വാസികൾ വിവാഹ കർമ്മങ്ങളിൽ നിന്നും, വിവാഹബന്ധത്തിൽ നിന്നുമൊക്കെ ഒഴിഞ്ഞു നിന്ന് പൂർണമായി ജാഗരിക്കണം എന്നു സഭ പഠിപ്പിക്കുന്ന കാര്യം ഈ സമയത്ത് ഓർമിപ്പിക്കുകയും ചെയ്യുന്നു.



ഉയിർപ്പ് പെരുന്നാളിനും, ഹേവോറോ ദിനങ്ങളിലും ഉയിർപ്പിനു ശേഷം പെന്തിക്കോസ്തി വരെയുള്ള ഞായറാഴ്ചകളിലും ആണ് പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ഏറ്റവും കൂടുതൽ പ്രുമിയോനുകളും സെദറാകളും എഴുതപ്പെട്ടിട്ടുള്ളത് എന്ന് കാണാം. രാത്രി നമസ്ക്കാരത്തിന്റെ ഒന്നും രണ്ടും കൗമകൾക്ക് പ്രുമിയോൻ സെദറാകളും എത്രോകളും മിക്കവാറും ദിവസങ്ങളിൽ ഉണ്ട്. അതുപോലെ തന്നെ പ്രഭാത നമസ്കാരത്തിനും മൂന്നാം മണി നമസ്ക്കാരത്തിനും പ്രത്യേകം പ്രുമിയോൻ സെദറായും എത്രോയും കൊടുത്തിരിക്കുന്നത് കാണാം. ഈ പെങ്കീസാ നമസ്കാരക്രമത്തിലെ ഈ പ്രാർത്ഥനകൾ നാം പൂർണമായി വായിച്ച് ഗ്രഹിക്കുകയാണെങ്കിൽ സഭയുടെ അഗാധമായ വേദശാസ്ത്ര ചിന്തകൾ അവിടെ ഏറെ പ്രതിപാദിച്ചിട്ടുണ്ട് എന്നു കാണാം. അതെല്ലാം കൂടെ ഒരു ലേഖനത്തിൽ സംക്ഷിപ്തമായി പറയുക എന്നുള്ളത് അത്ര നിസ്സാരമായി ചെയ്യാവുന്നതല്ല. എന്നാൽ അവിടെ ആവർത്തിക്കുന്ന ഒന്നു രണ്ട് ആശയങ്ങൾ പങ്കുവയ്ക്കുവാൻ ശ്രമിക്കുകയാണ്. അത് നേരത്തെ ലേഖനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ നമ്മെ സംബന്ധിച്ചിടത്തോളം ഉയിർപ്പ് മുതൽ ഞായറാഴ്ച ദിവസത്തിന് ഒരു പുതിയ മാനം വന്നിരിക്കുകയാണ്. ഞായറാഴ്ച ഇതുവരെയും ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ പുനരുത്ഥാനം മുതൽ അത് പുതിയ ആകാശവും പുതിയ ഭൂമിയും ആകുന്ന ക്രിസ്തുവിൽ ആരംഭിച്ചിരിക്കുന്ന പുതിയ യുഗത്തിന്റെ അനുഭവമാണ്; അതിന്റെ പ്രാഗ്‌രൂപമാണ്. അതുകൊണ്ട് ഞായറാഴ്ചയെ എട്ടാം നാൾ, നിത്യതയുടെ എട്ടാം നാൾ എന്ന് പിതാക്കന്മാർ വിവക്ഷിക്കുന്നതായി കാണാം. എട്ട്, ഏഴ് പൂർണതയുടെ ചിഹ്നം എന്ന് നാം പറയാറുണ്ട്. എന്നാൽ എട്ട് നിത്യതയുടെ ചിഹ്നം എന്നാണ് പറയുന്നത്. എട്ട് എന്നുള്ള ആ അക്കം നാം തിരിച്ചിടുന്നതാണല്ലോ പൂർണതയുടെ രൂപമായ infinity എന്ന വാക്ക് എഴുതുമ്പോൾ ഉള്ളത്. ഇരു ഭാഗങ്ങളിലേക്കും ഒരുപോലെ കിടക്കുന്ന രണ്ട് വൃത്തങ്ങൾ horizontal and Vertical ആയിട്ടു കിടക്കുന്ന ലംബവും തിരശ്ചേദനവുമായ രണ്ട് വൃത്തങ്ങൾ പരസ്പരം യോജിച്ച് നിൽക്കുന്നതാണല്ലോ 8. അത് നിത്യതയുടെ രൂപവും അടയാളവും ആണെന്ന് വിവക്ഷിക്കുന്നു. ഉല്പത്തി പുസ്തകം മുതൽ എട്ടാം നാൾ പരിച്ഛേദന എന്നുള്ള ആശയം നാം കാണുന്നു. നമ്മുടെ കർത്താവും ജനിച്ച് എട്ടാം നാളിൽ പരിച്ഛേദന ഏറ്റു. പരിച്ഛേദനയുടെ അർത്ഥം നീ വിശുദ്ധനായിരിക്കണം, നീ രക്തം കൊണ്ട് ഒരു ഉടമ്പടി എഴുതണം, അപ്പോൾ ഞാൻ നിന്റെ ദൈവവും നീ എന്റെ വിശുദ്ധ പ്രജയും ആയിരിക്കും. ഈ ഉടമ്പടി അതിന്റെ പൂർണ്ണതയിൽ എത്തുന്നത് ക്രിസ്തു മനുഷ്യകുലത്തെ വീണ്ടെടുത്ത് മരണത്തെ അതിജീവിച്ച് ഉയിർക്കുമ്പോഴാണ് എന്ന് കൃത്യമായി പിതാക്കന്മാർ ഈ കാലഘട്ടത്തിൽ പഠിപ്പിക്കുന്നത് കാണാം. ഇതിനോടു ചേർന്നുള്ള സ്വർഗരാജ്യത്തിന്റെ അനുഭവവും അവിടത്തെ സ്ഥിതി വ്യവസ്ഥ, അവിടുത്തെ ഭരണക്രമം ഈ ലോകത്തു നിന്ന് നമുക്ക് ഒരിക്കലും ചിന്തിക്കാൻ ആകാത്ത അവിടുത്തെ ആത്മീയ ആനന്ദം, നിത്യത ഇങ്ങനെയുള്ള ഒട്ടനവധി വിഷയങ്ങൾ ഈ ദിവസങ്ങളിലെ പ്രുമിയോൻ സെദറാകളിൽ ആവർത്തിക്കുന്നുണ്ട്. മാത്രവുമല്ല ഏറെ കാല്പനികമായാണ്, മണവാളനും മണവാട്ടിയും തമ്മിലുള്ള മഹത്വത്തിന്റെ ബന്ധം എന്ന വിധത്തിലാണ് ഈ കാര്യങ്ങൾ എഴുതപ്പെട്ടിട്ടുള്ളത് എന്നും നാം ഓർക്കണം. അതിന് ഏറ്റവും നല്ല ഉദാഹരണമാണല്ലോ കൃംന്താ നമസ്കാരത്തിലെ സന്ധ്യാ പ്രാർത്ഥനയിലെ ഒരു ഗാനം മാത്രം എടുത്താൽ തന്നെ "നിൻ മുറിവുളീന്നേറ്റൻ മൂറോൻ മണമെൻ നാഥാ..." എന്ന ഗാനം മാത്രമൊന്നു ചൊല്ലിയാൽ അതിലെ കാല്പനിക തീവ്രത നമുക്ക് ബോധ്യപ്പെടുന്നതാണ്.

ഉയിർപ്പു പെരുനാളിന് ശേഷമുള്ള നാലാം ഞായറാഴ്ചയിലെ വേദവായന ഭാഗങ്ങൾ ചേർത്ത് വായിക്കുമ്പോൾ അവിടെ നിന്നും മനോഹരമായ മറ്റു ചില ആശയങ്ങൾ കൂടി പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നുണ്ട്. പഴയനിയമത്തിലെ ആദ്യ വായന പുറപ്പാട് പുസ്തകം 34-ാം അദ്ധ്യായത്തിന്റെ ആദ്യ ഭാഗമാണല്ലോ. ഈ അദ്ധ്യായം ആരംഭിക്കുന്നത് യഹോവ പിന്നെയും മോശെയോടു കല്പിച്ചത് മുമ്പിലത്തേവപോലെ രണ്ടു കല്പലക ചെത്തിക്കൊൾക. എന്നാൽ നീ പൊട്ടിച്ചു കളഞ്ഞ മുമ്പിലത്തെ പലകയിൽ ഉണ്ടായിരുന്ന വചനങ്ങളെ ഞാനാ പലകയിൽ എഴുതും. നീ രാവിലെ ഒരുങ്ങി സീനായി പർവ്വതത്തിൽ കയറി പർവ്വതത്തിന്റെ മുകളിൽ എന്റെ സന്നിധിയിൽ വരേണം. ഈ ഭാഗം നമുക്ക് ഏറെ പരിചിതമാണല്ലോ. മോശയ്ക്ക് യഹോവയായ ദൈവം ആദ്യം കല്പന നല്കി. എന്നാൽ ജനത്തിന്റെ പാപം നിമിത്തം അവർ ദൈവത്തെ മറന്ന് കാളക്കുട്ടിയെ സേവിക്കുന്നതായ ഒരു അനുഭവം കണ്ടപ്പോൾ മോശ

ആ കല്പലകകൾ എറിഞ്ഞു ഉടച്ചു കളഞ്ഞു എന്ന് നാം കാണുന്നുണ്ട്. ഇപ്പോൾ ഇവിടെ വീണ്ടും യഹോവയായ ദൈവം മോശയെ സീനായി പർവ്വതത്തിന്റെ മുകളിലേക്ക് വിശുദ്ധിയോടെ, ഒരുക്കത്തോടെ വിളിച്ച് അടുപ്പിക്കുന്നു. പർവ്വതത്തിനു ചുറ്റും മൃഗങ്ങൾപോലും ആ സമയത്ത് മേയരുത് എന്ന് കൃത്യമായി കൽപ്പിക്കുന്നു. അവന്റെ മുന്നിൽ നിൽക്കുന്ന യഹോവ അവനോടു ഘോഷിച്ചു പറയുന്നത്, യഹോവ കരുണയും കൃപയും ഉള്ളവൻ. ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയും ഉള്ളവൻ. ഇത് നീ നിന്റെ ജനത്തെ പഠിപ്പിക്കണം എന്നാണ്. ആയിരം ആയിരത്തിന് ദയ പാലിക്കുന്നവൻ. അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ. കുറ്റം ഉള്ളവനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെ മേലും അവരുടെ മക്കളുടെ മേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ. ഈ ഭാഗത്തിന്റെ സന്ദേശം വളരെ ശ്രദ്ധേയമായ രീതിയിലാണ് പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നത്. ഇവിടുത്തെ ചിന്ത എന്തുകൊണ്ടാണ് ആദ്യം നൽകിയ കൽപ്പലകകൾ, ഉടമ്പടി ന്യായപ്രമാണത്തിന്റെ പ്രാഗ്രൂപമായ 10 കല്പനകൾ ആദ്യം ഉടച്ചു കളയുന്നത്. എന്തുകൊണ്ടാണ് അതേ കല്പനകൾ വീണ്ടും എഴുതി നൽകുന്നത്? പൗരസ്ത്യസഭയുടെ വേദപുസ്തക വ്യാഖ്യാതാക്കൾ കൃത്യമായ ഉത്തരം നൽകുന്നുണ്ട്. പഴയനിയമത്തെ ഉടച്ചുവാർത്ത് പുതിയ നിയമം ഉണ്ടാക്കുന്നു. പഴയ ഇസ്രായേലിനെ അതിന്റെ അകൃത്യം നിമിത്തം നാം തച്ചുടക്കുമെന്നും പുതിയ ഇസ്രായേലിനെ പ്രപഞ്ചത്തിന്റെ നാല് കോണുകളിൽ നിന്നും ചേർത്ത് ആ പുതിയ ഇസ്രായേലിനെ ഞാൻ നിത്യതയിലേക്ക് നയിക്കും എന്ന് മോശയുടെ കാലത്തുതന്നെ യഹോവയായ ദൈവം മോശ മുഖാന്തരം ഇസ്രായേൽ ജനത്തിന് നൽകുന്ന വലിയ സൂചനയായിട്ടാണ് പിതാക്കന്മാർ ഇതിനെ വ്യാഖ്യാനിക്കുന്നത്. വിശുദ്ധ കുർബാനയുടെ തക്സായിലെ ചില പ്രാർത്ഥനകളിലും ഇതേ കാര്യം പ്രത്യേകിച്ച് കൃതജ്ഞത പ്രാർത്ഥനകളിൽ ഈ കാര്യം ചിലപ്പോൾ നിഴലിച്ചു വരുന്നത് നമുക്ക് ശ്രദ്ധിക്കാവുന്നതാണ്. പ്രുമിയോൻ സെദറാകളിൽ പഴയതിനെ മായിച്ച് പുതിയതിനെ ഞങ്ങൾക്കു വേണ്ടി നൽകിയ കർത്താവ് എന്ന് സംബോധന ചെയ്യുന്നുണ്ട്. വിശുദ്ധ കുർബാനയുടെ ക്രമങ്ങളിൽ അഥവാ അതിന്റെ റൂബ്രിക്സിൽ കുർബാന പുരോഗമിക്കുമ്പോൾ അതിലുള്ള ചിഹ്നങ്ങൾ, അതിലുള്ള പ്രതീകങ്ങൾ അവയുടെ ഒരു പഠനത്തിലും പഴയനിയമ കാലം അവസാനിച്ച് പുതിയനിയമം ആരംഭിക്കുമ്പോൾ പഴയ കല്പന പുതുക്കപ്പെടുന്നതായ ഭാഗം ഉണ്ട്. ആ പുതുക്കപ്പെടുന്നത് യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലാണ്. ആ പുതുക്കത്തിന്റെ മുദ്രണം നടക്കുന്നത് എന്ന് പ്രത്യേകം പഠിപ്പിക്കുവാനാണ് പുറപ്പാട് പുസ്തകം 34-ാം അദ്ധ്യായം ഈ ദിവസം വായിക്കുന്നത് എന്ന് നാം ഓർക്കണം.

പുതിയ ആകാശവും പുതിയ ഭൂമിയും ചമയ്ക്കുന്ന സർവ്വശക്തനായ യഹോവയുടെ മുമ്പിൽ എല്ലാ ശത്രുസൈന്യങ്ങളും ദൈവത്തെ അറിയാത്ത സർവ്വജനതയും രൂപാന്തരം പ്രാപിച്ച് ഒരു പുതിയ സമൂഹമായി മാറുന്ന ചിത്രമാണ് ഇന്നത്തെ മറ്റു വായനകൾ നാം ദർശിക്കുന്നത് (രാജാക്കന്മാരുടെ ഒന്നാം ഇരുപതാം അദ്ധ്യായത്തിലും മഹത്വം ഉള്ളവനായ യശയ്യാ പ്രവാചകന്റെ 37-ാം അദ്ധ്യായത്തിലും ഈ ആശയങ്ങൾ ആവർത്തിക്കുന്നത് നാം കാണുന്നുണ്ട്. സീയോൻ പുത്രിയെ നിന്ദിച്ച് പരിഹസിക്കുന്നവരെ ഇല്ലാതാക്കി അതിനു പകരം ദൈവത്തിന്റെ രാജ്യം സ്ഥാപിതമാക്കുന്നു. നീ ആരെ ആകുന്നു നിന്ദിച്ചത്, ദുഷിച്ചത്, ആർക്കു വിരോധമായിട്ടാകുന്നു നീ ഒച്ച വെക്കുകയും തല ഉന്നതമായി ഉയർത്തുകയും ചെയ്തത്. യിസ്രായേലിന്റെ പരിശുദ്ധന് വിരോധമായിട്ടല്ലയോ എന്ന് യശയ്യാ പ്രവാചകൻ ചോദിക്കുന്നു. യഹോവ കരുണയുള്ളവനാണ്, ദീർഘക്ഷമയുള്ളവനാണ്. അവൻ ദേവന്മാരെ തീയിലിട്ടു ചുട്ടു കളഞ്ഞ് ദൈവത്തിന്റെ വലിയ രക്ഷ ജനങ്ങളെ കേൾപ്പിക്കുന്നു എന്നും ഈ ഭാഗം പഠിപ്പിക്കുന്നു. യഹോവയേ ചെവി ചായിച്ചു കേൾക്കണമേ. തൃക്കൺ തുറക്കണമേ. ജീവനുള്ള ദൈവത്തെ നിന്ദിപ്പാൻ ആൾ അയച്ചിരിക്കുന്ന സെൻഹരീബിന്റെ വാക്ക് ഒക്കെയും കേൾക്കേണമേ എന്നുള്ള പ്രാർത്ഥനയും ഇവിടെ കാണാം. ദൈവനിഷേധം നടത്തുന്നവരെ ഇല്ലാതാക്കി നന്മയിൽ വളരുന്ന ഒരു സമൂഹത്തെ മുൻകണ്ടുകൊണ്ട് പ്രവചിക്കുന്ന യശയ്യാ പ്രവാചകന്റെ മഹത്വകരമായ ദർശനങ്ങളാണ് പഴയനിയമത്തിലെ പ്രധാന വായനാഭാഗം എന്നോർക്കണം.

സാർവത്രിക ലേഖന ഭാഗത്ത് വി. യോഹന്നാൻ ശ്ലീഹായുടെ ഒന്നാം ലേഖനം നാലാം അദ്ധ്യായം 19-ാം വാക്യം മുതൽ അഞ്ചാം അദ്ധ്യായം 15-ാം വാക്യം വരെയാണല്ലോ നാം ധ്യാനിക്കുന്നത്. ഇവിടെ ഈ സ്ഥാപിതമായ ദൈവരാജ്യത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെക്കുറിച്ചാണ് പ്രത്യേകം ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്. ദൈവം സ്നേഹം ആകുന്നു എന്ന് പഠിപ്പിക്കുന്ന ശ്ലീഹാ സ്നേഹത്തെ ആചരിക്കുന്ന കാര്യത്തിൽ ക്രിസ്ത്യാനി ഏറെ ശ്രദ്ധ ഉള്ളവനായിരിക്കണം, ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും തന്റെ സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു എന്ന് പഠിപ്പിക്കുന്നുണ്ട്. ദൈവരാജ്യത്തിന്റെ അടിസ്ഥാനപ്രമാണം സഹോദര സ്നേഹം ആണ്. മോശയ്ക്ക് നൽകിയ കല്പനകളുടെ എല്ലാം പൂർണത യേശുക്രിസ്തു നമ്മെ പഠിപ്പിച്ചത് നീ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നുള്ള പ്രമാണത്തിൽ ആണല്ലോ. ഈ പ്രമാണത്തിൽ ഊന്നിക്കൊണ്ടാണ് ദൈവരാജ്യത്തിന്റെ അടയാളം സ്നേഹമാണ് എന്ന് ശ്ലീഹാ പഠിപ്പിക്കുന്നത്. യേശുവിനെ ക്രിസ്തു എന്ന് വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നു എന്നാണ് ഈ സ്നേഹത്തോടു ചേർന്നുള്ള അടുത്ത പ്രമാണമായി ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്.

യേശുവിനെ ക്രിസ്തു എന്ന് വിശ്വസിക്കുന്നവനാണ് ദൈവ രാജ്യത്തിന്റെ പ്രജ എന്നുള്ളത് ഏറെ പ്രധാനപ്പെട്ട കാര്യമാണ്. അപ്പോഴാണ് ഒരു വ്യക്തി ദൈവത്തിൽ വിശ്വസിക്കുന്നവനും ദൈവത്തിൽ അസ്തിത്വം ഉള്ളവനുമായി തീരുന്നത്. യേശു ദൈവപുത്രൻ എന്ന് വിശ്വസിക്കുന്നവൻ ലോകത്തെ ജയിക്കുന്നു എന്നും ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു, ക്രിസ്തുവാകുന്നു എന്ന് ആത്മാവും സാക്ഷ്യം പറയുന്നു. അതുകൊണ്ട് ആത്മാവ്, ജലം, രക്തം ഈ മൂന്നിന്റെയും സാക്ഷ്യത്തിന്റെ പൂർത്തീകരണമായ ക്രിസ്തുവിനെ അറിയുന്നവൻ ദൈവത്തിൽ വസിക്കുന്നു. അവർക്കുള്ളതാണ് ദൈവരാജ്യം എന്ന് കൃത്യമായി പ്രവചിക്കുവാൻ യോഹന്നാൻ ശ്ലീഹാ ഇവിടെ ശ്രമിക്കുന്നു. അങ്ങനെ ദൈവപുത്രനിൽ വസിക്കുന്നവന് ജീവനുണ്ട്, അവനെ അറിയാത്തവനോ ജീവനില്ല എന്നും ഇവിടെ കൃത്യതയോടെ പറയുന്നു.

തുടർന്നാണ് എബ്രായ ലേഖനത്തിൽ ഇത്രയും വായിച്ച ഭാഗങ്ങളുടെ ഒരു പൂർത്തീകരണം എന്ന രീതിയിൽ മൂന്നാം അദ്ധ്യായത്തിൽ നാം കാണുന്നത്. അതുകൊണ്ട് വിശുദ്ധ സഹോദരന്മാരെ സ്വർഗീയ വിളിക്ക് ഓഹരിക്കാരായുള്ളോവേ, നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തോലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ. മോശയും യേശുവും തമ്മിലുള്ള ഒരു താരതമ്യ പഠനം വിശുദ്ധ പൗലോസ് ശ്ലീഹാ എബ്രായർക്ക് വ്യക്തമാക്കി കൊടുക്കുന്നു. മോശ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നതുപോലെ യേശുവും തന്നെ നിയമിച്ചാക്കിയവന് വിശ്വസ്തനാകുന്നു. ഭവനത്തെക്കാളും ഭവനം ചമച്ചവനെ അധികം മാനം ഉള്ളതുപോലെ യേശുവും മോശയേക്കാൾ അധികം മഹത്വത്തിന് യോഗ്യനെന്ന് എണ്ണിയിരിക്കുന്നു. സർവ്വവും ചമച്ച ദൈവത്തിന്റെ പൂർണമായ സാക്ഷ്യമാണ് വെളിപ്പെടുത്തലാണ് യേശുക്രിസ്തു മോശ ദൈവഭവനത്തിൽ വിശ്വസ്തനായിരുന്നു. ക്രിസ്തുവോ അവന്റെ ഭവനത്തിന് അധികാരിയായ പുത്രനാകുന്നു എന്നും ഇവിടെ പഠിപ്പിക്കുന്നു. അതുകൊണ്ട് പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവനിൽ മുറുകെപ്പിടിച്ചുകൊണ്ടാൽ നാം തന്നെ അവന്റെ ഭവനം ആകുന്നു. നാം ദൈവത്തിന്റെ ഭവനം എന്നും ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ എന്ന് പരിശുദ്ധ പൗലോസ് ശ്ലീഹാ ചോദിക്കുന്നുണ്ടല്ലോ. ഉത്ഥിതനായ ക്രിസ്തുവിൽ വസിക്കുന്നവൻ ക്രിസ്തുവിന്റെ സ്നേഹത്തിലും സമാധാനത്തിലും ധൈര്യത്തിലുമാണ് വസിക്കുന്നത്. ഉത്ഥിതനായ ക്രിസ്തുവിന്റെ ശക്തിയിലാണ് നാം മുന്നോട്ട് പോകുന്നത്. അവൻ നിത്യതയുടെ അനുഭവമാണ് ഓരോ ഞായറാഴ്ചയും ആഘോഷിക്കുന്നത് എന്ന വസ്തുത നമ്മെ ആവർത്തിച്ചുറപ്പിക്കുകയാണ്.

ഈ ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് അനേകരെ ക്ഷണിക്കുകയും അവരെ ചേർത്ത് ദൈവരാജ്യത്തെ വിപുലീകരിക്കുകയും ചെയ്യുന്ന സംഭവങ്ങളാണ് വിശുദ്ധ ഏവൻഗേലിയോൻ ഭാഗത്ത് നാം കാണുന്നത്. വി. ലൂക്കോസിന്റെ സുവിശേഷം 5-ാം അദ്ധ്യായത്തിൽ നിന്ന് സന്ധ്യയുടെ വായന നടത്തുമ്പോൾ ലേവിയെ വിളിക്കുന്നതായി നാം കാണുന്നു. എന്നെ അനുഗമിക്കുക എന്ന് പറയുന്നു. ലേവി ചുങ്കക്കാരനാണ്, പാപിയാണ്. കർത്താവ് വിളിച്ചു ചേർക്കുന്നത് വിശുദ്ധന്മാരെ അല്ല, പാപികളെ വിശുദ്ധീകരിക്കാനാണ് അവൻ വന്നിരിക്കുന്നത്. അതുകൊണ്ടു തന്നെ യേശുക്രിസ്തു പറയുന്നു, “ദീനക്കാർക്കല്ലാതെ സൗഖ്യം ഉള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല. ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ മാനസാന്തരത്തിന് വിളിപ്പാൻ വന്നിരിക്കുന്നത് എന്ന് പറയുന്നു. വിപ്ലവകരമായ വാക്കുകളാണ് കർത്താവിന്റേത്. മുമ്പേ സൂചിപ്പിച്ചുവല്ലോ എന്തുകൊണ്ട് നിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല എന്ന ചോദ്യത്തിന് “മണവാളൻ തോഴ്മക്കാരോടു കൂടെയുള്ളപ്പോൾ അവരെ ഉപവാസം ചെയ്യിപ്പാൻ കഴിയുമോ” എന്ന് കർത്താവ് പരീശന്മാരോടു ചോദിക്കുന്നതും 34-ാം വാക്യത്തിൽ നമുക്ക് കാണാം. ലേവിയെ വിളിക്കുന്ന ഈ സംഭവം തന്നെ വി. മർക്കോസ് ഏവൻഗേലിസ്ഥായും തന്റെ രണ്ടാം അദ്ധ്യായത്തിൽ നമ്മെ പഠിപ്പിക്കുന്നുണ്ട്.

വി. കുർബാനയുടെ ഏവൻഗേലിയോൻ ഭാഗമായി രണ്ട് ഭാഗങ്ങൾ പൗരസ്ത്യ സഭയുടെ വേദശാസ്ത്ര വേദവായന കുറിപ്പിൽ കാണുന്നുണ്ട്. അതിൽ ഒന്നാമത്തേത്, യോഹ. 4.31-38 വാക്യങ്ങളാണ്. അതുപോലെ തന്നെ

രണ്ടാമത്തെ ഒരു ഭാഗം ലൂക്കോസ് 24.13 മുതലുള്ള വാക്യങ്ങളാണ്. ഈ രണ്ടു ഭാഗങ്ങളും ഏകദേശം ഒരേ കാര്യത്തെ തന്നെ രണ്ട് ഭാവങ്ങളിൽ അവതരിപ്പിക്കുന്നു എന്നുള്ളതാണ് ഇവിടുത്തെ പ്രത്യേകത. യോഹ. 4.31–ൽ ശിഷ്യന്മാർ കർത്താവിനോട് പറയുകയാണ് (ഇത് ഉയർപ്പിന് മുമ്പുള്ള ഒരു സംഭവമാണ്. എന്നാൽ ഉയിർപ്പിനു ശേഷം ഈ ഭാഗം വായിക്കുമ്പോൾ പ്രത്യേക അർത്ഥതലങ്ങൾ അവിടെ നമുക്ക് ലഭിക്കുന്നു). ശിഷ്യന്മാർ അവരോട് ഗുരുവേ ഭക്ഷിച്ചാലും എന്ന് അപേക്ഷിക്കുമ്പോൾ, നിങ്ങളറിയാത്ത ആഹാരം ഭക്ഷിക്കുവാൻ എനിക്കുണ്ടെന്ന് കർത്താവ് അവരോട് പറയുന്നു. തുടർന്ന് എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികക്കുന്നതു തന്നെയാണ് എന്റെ ആഹാരം എന്നവരെ പഠിപ്പിച്ചതിനുശേഷം, കൊയ്ത്തിന് ഒരുങ്ങിനിൽക്കുന്ന വയലുകളിൽ അത് കൊയ്തെടുക്കുവാൻ ആളില്ല എന്നൊരു ചിന്ത കർത്താവ് അവതരിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ ദൈവരാജ്യമാകുന്ന ആ വലിയ കൊയ്ത്തിലേക്ക് ശിഷ്യന്മാരെ ക്ഷണിക്കുകയാണ്, ഒരുക്കുകയാണ് വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ച് സന്തോഷിപ്പാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവ് കൂട്ടിവയ്ക്കുന്നു എന്ന് കർത്താവ് അവരെ പഠിപ്പിക്കുകയാണ്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് തന്നെ ലൂക്കോസ് 24.13 മുതലുള്ള വാക്യങ്ങൾ നമുക്ക് ഏറെ അറിയാവുന്ന, നാം ഏറെ സന്തോഷത്തോടെ വായിക്കുന്ന ഒരു ഭാഗമാണല്ലോ ഇത്. എമ്മാവൂസിലേക്കുള്ള യാത്ര. എന്താണ് അവിടെ സംഭവിക്കുന്നത്? ഉയിർപ്പ് പെരുന്നാൾ ദിവസം തന്നെ യെരുശലേമിൽ നിന്ന് യേശുക്രിസ്തുവിനെ അനുഗമിച്ചുകൊണ്ടിരുന്ന രണ്ട് അനുയായികൾ (ശിഷ്യന്മാർ എന്ന് എടുത്തു പറയുന്നില്ല) അവർ ഏഴ് നാഴിക ദൂരം നടക്കേണ്ടുന്ന എമ്മാവൂസ് എന്ന ഗ്രാമത്തിലേക്ക് (യരുശലേമിൽ നിന്ന്) നടന്നു പോവുകയാണ്. യരുശലേമിൽ കഴിഞ്ഞ ആഴ്ചയിൽ (പീഡാനുഭവ ആഴ്ചയിൽ) അവർ നേരിൽ കണ്ട കാര്യങ്ങൾ ഒക്കെയും അവരുടെ നടത്തത്തിലെ സംസാര വിഷയമാണ്. അവർ അങ്ങനെ സംസാരിച്ചു തർക്കിച്ചു നടക്കുമ്പോൾ ഉത്ഥിതനായ യേശുവും അടുത്തു ചെന്ന് അവരോട് ചേർന്നു നടന്നു. സാന്ദർഭികമായി സൂചിപ്പിക്കട്ടെ, ഉത്ഥിതനായ ക്രിസ്തു ഒരേ സമയത്തു തന്നെ പലർക്കും പ്രത്യക്ഷപ്പെടുന്നതിന് ഒരു ഉദാഹരണം കൂടിയാണിത്. ശിഷ്യന്മാർക്ക് യെറുശലേം മാളികയിൽ പ്രത്യക്ഷപ്പെടുന്നു. സഹശിഷ്യന്മാർക്ക് എമ്മാവൂസിലേക്കുള്ള യാത്രയിൽ അവരോടു ചേർന്നു ക്രിസ്തു നടക്കുന്നു. അഥവാ കാലദേശ സമയബന്ധിതങ്ങളായ എല്ലാ ക്രമീകരണങ്ങളിൽ നിന്നും മാറി തന്നെ ആഗ്രഹിക്കുന്നവരെ, തന്നെ ചിന്തിക്കുന്നവരുടെ എല്ലാം സമീപത്തു താൻ ഉണ്ട് എന്ന വലിയ സന്ദേശമാണ് ക്രിസ്തു നൽകുന്നത്. അവരോട് ചേർന്ന് നടന്ന് അവരുടെ സംസാര വിഷയത്തിലേക്ക് താനും ചേരുകയാണ്. എന്താണ് പറയുന്നത് എന്ന് ചോദിക്കുമ്പോൾ ആ ശിഷ്യന്മാരിൽ ഒരുവൻ ക്ലെയോപ്പാവ് യരുശലേമിൽ നടന്ന കാര്യങ്ങൾ അറിയാതിരിക്കുവാൻ നീ മാത്രം പരദേശിയായിരുന്നുവോ എന്ന് കർത്താവിനോട് ചോദിക്കുന്നുണ്ട്. വീണ്ടും ആ സംസാരം തുടരുമ്പോൾ നടന്ന കാര്യങ്ങളുടെ പൊരുൾ യേശു അവർക്ക് വിവരിച്ചു കൊടുക്കുന്നതായി കാണുന്നു. ആ വിവരണത്തിന്റെ ഒടുവിലാണ് അവർക്ക് മനസ്സിലാകുന്നത് തങ്ങളോട് ചേർന്നു നടക്കുന്ന വ്യക്തി നിസ്സാരക്കാരനല്ല, കാരണം അദ്ദേഹം അവരെ വിളിക്കുന്നത് ‘അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട് നിങ്ങൾ വിശ്വസിക്കുന്നില്ല. ക്രിസ്തു കഷ്ടം അനുഭവിച്ചു മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു മഹത്വത്തിൽ കടക്കേണ്ടത് ദൈവഹിതം എന്ന് മോശ മുതലുള്ള പ്രവാചകന്മാർ തിരുവെഴുത്തുകളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടല്ലോ എന്ന് അവർക്ക് വ്യാഖ്യാനിച്ചു കൊടുക്കുകയാണ്. തുടർന്നാണ് യേശു അവരോടൊപ്പം ഭക്ഷണത്തിനിരിക്കുന്നത്. അപ്പോൾ അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്നു. അവർ അവനെ അറിഞ്ഞു. ഏറെ പ്രാധാന്യമുള്ള വാക്കുകളാണ് ഇവ എന്ന് നാം കാണണം. ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാളും പുനരുത്ഥാനത്തിന്റെ എട്ടാം നാളുമായ ഞായറാഴ്ചയിൽ എപ്പോഴൊക്കെ യേശു ശിഷ്യന്മാർക്ക് വെളിപ്പെട്ടുവോ (ഉദാഹരണത്തിന് യോഹന്നാൻ 20.21, ലൂക്കോസ് 24. ഇവിടെയെല്ലാം കർത്താവ് അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും ഒടുവിൽ അപ്പം എടുത്തു വാഴ്ത്തി നുറുക്കി കൊടുക്കുമ്പോൾ ഇത് യേശുവാണെന്ന് അവർ തിരിച്ചറിയുകയും ചെയ്യുന്നു. വി. കുർബാന അനുഭവമാണ് ഇവിടെ വ്യക്തമായി വിവക്ഷിക്കുന്നത് എന്ന് കാണാം. അപ്പം നുറുക്കി ഭക്ഷിക്കുമ്പോൾ യേശുവിനെ തിരിച്ചറിയുന്നു. ഈ അപ്പം നുറുക്കി ഭക്ഷിച്ച് അവനിൽ ഒന്നായി ചേർന്ന് നിത്യതയിലേക്ക് പ്രവേശിക്കുവാൻ ഒരുക്കത്തോടെ കാത്തിരിക്കുക. അതാണ് ക്യംന്താ പെരുന്നാളിനു ശേഷമുള്ള ക്രൈസ്തവ ധർമ്മം എന്ന് പഠിപ്പിക്കുന്ന ഭാഗമാണ് ഇവിടെ കാണുന്നത്.



An attempt to copy the historical mural painting of Mar Thoma I, at the Sanctum Sanctoram of St Mary's Syrian Church, Angamali. Mar Thoma I (Marthoma the Great) was the head of Indian Christians of St Thomas, and lead the Ancient Church into the path of Independence.

Enthroned as the Metropolitan in 1653 and was regularised in 1665.

Mar Thoma the great was called to Eternal glory on 25 th April, 1670 and was entombed in the St Mary's Syrian Church - Angamali.

- Reuben Johns Binu Mukkattu



ഏപ്രിൽ 25–ന് കൂദാശ ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ ചരമ ‘ദ്വിശതാബ്ദി’ സ്മാരക വൈദികമന്ദിരം.

“ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.”

- പ. പരുമല തിരുമേനി

സമകാലികം

കോവിഡ് ബാധിതരുടെ ശവസംസ്ക്കാരം

ഫാ. ഡോ. എം. ഒ. ജോൺ

കോവിഡ് ബാധിതരുടെ സംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച്, കോവിഡ് ബാധിച്ച് മരിക്കുന്നവരുടെയും സംഖ്യ വർധിക്കുന്നുണ്ട്. അങ്ങനെ മരിക്കുന്ന ചിലരുടെ ശവസംസ്കാരം നമ്മുടെ ഇടവകകളിൽ നടത്തേണ്ടതായി വരുന്നു. വൈദികർ ഉൾപ്പെടെ പലരും അതിനെ കുറിച്ച് അഭിപ്രായം ആരായുന്നതു കൊണ്ട് ഈ ചെറിയ കുറിപ്പ് നൽകുന്നു.

കോവിഡ് ബാധിച്ച് ആരെങ്കിലും മരിക്കുകയോ, മരണശേഷം കോവിഡ് പോസിറ്റീവ് ആയി കാണുകയോ ചെയ്താലും അവരുടെ മൃതദേഹ സംസ്ക്കാരം നമ്മുടെ പള്ളികളിസെമിത്തേരിയിൽ നടത്തുന്നതിന് ആരും ബുദ്ധിമുട്ടോ തടസ്സമോ ഉണ്ടാക്കരുത്. അവരുടെ മരണാനന്തര കർമ്മങ്ങൾ ആരോഗ്യ പ്രവർത്തകരും ബന്ധപ്പെട്ട അധികാരികളും നൽകുന്ന മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് മാന്യമായും ആദരപൂർ വ്വവും നടത്തണം. മൃതശരീരം പള്ളിയിൽ പ്രവേശിപ്പിക്കാതെ അവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ ദേവാലയത്തിൽ വച്ചോ നിബന്ധനകൾ പാലിച്ച് സൗകര്യപ്രദമായ സ്ഥലത്ത് വെച്ചോ നടത്തണം. വൈദികർ ഉൾപ്പടെ കർമാനുഷ്ഠാനങ്ങളുമായി ബന്ധപ്പെടുന്ന എല്ലാവരും അധികാരസ്ഥാനങ്ങളിൽനിന്ന് നൽകിയിട്ടുള്ള നിബന്ധനകൾ കർശനമായും പാലിച്ചിരിക്കണം. മൃതദേഹസംസ്കാരത്തിന് മൂന്നുമാർഗ്ഗങ്ങൾ ഉണ്ട്. അതിൽ ഏതെങ്കിലും ഒന്ന് സ്വീകരിക്കാം.

1. സെമിത്തേരിയിൽ തന്നെ സ്ഥലമുണ്ടെങ്കിൽ സൗകര്യമായ സ്ഥലത്ത് 10 അടി ആഴത്തിൽ കുഴിയെടുത്ത് സംസ്കരിക്കാം. അപ്രകാരമുള്ള സംസ്കാരം കുടുംബ കല്ലറയിലോ പൊതുകല്ലറയിലോ നടത്തുന്നത് ഉചിതമായിരിക്കുകയില്ല.

2. മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് സഭ അനുവാദം നൽകിയിട്ടുണ്ടെന്ന് പരിശുദ്ധ ബാവാ തിരുമേനി വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് പള്ളിസെമിത്തേരിയിൽ സൗകര്യപ്രദമായ സ്ഥലത്ത് വെച്ച് മൃതദേഹം ദഹിപ്പിക്കാം. ഫീസ് വാങ്ങി മൃതദേഹം ദഹിപ്പിച്ചു നൽകുന്ന പല ഏജൻസികളും ഇപ്പോൾ മിക്കവാറും സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അവരെ സമീപിച്ചാൽ അവർ വന്ന് മൃതദേഹം ഭംഗിയായി ദഹിപ്പിച്ച് ഒരു പെട്ടിയിലാക്കി തരും. അത് പിന്നീട് കുടുംബ കല്ലറയിലോ സൗകര്യമായ സ്ഥലത്തോ സംസ്കരിക്കാം.

3. പൊതുശ്മശാനങ്ങളിലോ സൗകര്യപ്രദമായ മറ്റ് എവിടെയെങ്കിലും സ്ഥലത്തോ വച്ച് മൃതദേഹം ദഹിപ്പിക്കാം. അതിനുശേഷം അവിടെ നിന്ന് ഒരു പെട്ടിയിലാക്കി കൊണ്ടുവന്ന് പള്ളിസെമിത്തേരിയിൽ സംസ്കരിക്കാം.

നമ്മുടെ ചില വൈദികരും വിശ്വാസികളും കോവിഡ് ബാധിച്ച് മരിച്ചിട്ടുണ്ട് അവരുടെയെല്ലാം ശവസംസ്കാരം ആദരപൂർവം നടത്താൻ സാധിച്ചിട്ടുണ്ട്. അവർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കുകയും അത് ഭംഗിയായി നിർവ്വഹിക്കുകയും ചെയ്ത തിരുമേനിമാരെയും വൈദികരെയും ഇടവകയുടെ ചുമതലക്കാരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

കേരളത്തിൽ മാത്രമല്ല കേരളത്തിനു പുറത്തുള്ള മറ്റു സംസ്ഥാനങ്ങളിലും ഡൽഹിയിലും ദുബായ്, അബുദാബി, ഷാർജ, മസ്കറ്റ്, കുവൈറ്റ് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലും, ഇംഗ്ലണ്ടിലും, അമേരിക്കയിലും, സൗത്താഫ്രിക്കയിലുമുള്ള നമ്മുടെ വൈദികരും ശുശ്രൂഷകരും ഇടവകയുടെ ചുമതലക്കാരും വളരെ പ്രശംസനീയമായ രീതിയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ശവസംസ്കാരം നടത്തിയിട്ടുണ്ട്. അവരെയും പ്രത്യേകമായി അഭിനന്ദിക്കുന്നു.

പിതാക്കന്മാർ പറഞ്ഞിരിക്കുന്നതുപോലെ ഒരു കാരണവശാലും "മൃതനിൽ നിന്നും കരുണയെ പിൻവലിക്കാൻ ഇടയാവരുത്."



കോവിഡ് ബാധിച്ച് മരിച്ചയാൾക്ക് സെമിത്തേരിയിൽ ചിതയൊരുക്കി

പത്തിച്ചിറ: കോവിഡ് ബാധിച്ച് മരിച്ചയാൾക്ക് സെമിത്തേരിയിൽ ചിതയൊരുക്കി മാവേലിക്കര പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി. ആചാരങ്ങളുടെ നിബന്ധനകൾക്കപ്പുറം മനുഷ്യത്വത്തിന് മുൻഗണന നൽകിയ ദേവാലയത്തിന്റെ തീരുമാനത്തിന് വൻ പിന്തുണയാണ് പൊതുസമൂഹം നൽകിയത്. ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ച റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥൻ ഈരേഴവടക്ക് നടയിൽ വീട്ടിൽ എൻ പി ചാക്കോയുടെ മൃതദേഹമാണ് ആചാരങ്ങളും കീഴ്വഴക്കങ്ങളും മാറ്റിനിർത്തി ചിതയൊരുക്കി സംസ്കരിച്ചത്.

ഇടവക വികാരി ഫാ. ജേക്കബ് ജോണും സഹവികാരി അലൻ എസ് മാത്യുവും പിപിഇ കിറ്റ് ധരിച്ച് അന്ത്യകർമങ്ങൾ നിർവഹിച്ചു. ചെട്ടികുളങ്ങര പഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ എസ് ശ്രീജിത്ത് ചിതയ്ക്ക് തീ കൊളുത്തി. ചിതയിലെ അവശിഷ്ടം കുടുംബ കല്ലറയിലേക്ക് മാറ്റി. 850 കുടുംബങ്ങളുള്ള ഈ ദേവാലയത്തിന് ഏറെ പഴക്കമുണ്ട്. പള്ളിയുടെ ചരിത്രത്തിലാദ്യമായാണ് ഇത്തരത്തിലുള്ള സംസ്കാരം നടക്കുന്നത്.

ആചാരങ്ങൾക്ക് മീതെയാണ് സ്നേഹവും മനുഷ്യത്വവുമെന്ന് വികാരി ഫാ. ജേക്കബ് ജോൺ പറഞ്ഞു. പള്ളിയുടെ ചരിത്രത്തിലാദ്യമായി നടന്ന ചിതയൊരുക്കലിന് മുൻകൈയെടുത്ത ദേവാലയത്തിന്റെ നടപടിയെ പ്രകീർത്തിച്ച് സമൂഹമാധ്യമങ്ങളിലും പോസ്റ്റുകൾ നിറഞ്ഞു



Doctorate Degree Awarded

Jenson James C, s/o C.V James & Jaisy James got Doctorate in Operations Management from Indian school of Business Management & Administration. Member of St. Mary's Orthodox Church, Yakkara, Palakkad, Malabar Diocese.



Namitha Issac got Doctorate Degree

Daughter of I.A Issac & Elizabeth A Issac got Doctorate Degree in Astrophysics @ Star Formation from Indian Institute of Space Science & Technology -ISRO Trivandrum. Member of St. Mary's Orthodox Church , Yakkara , Palakkad ,Malabar Diocese.

പുസ്തകം

മനുഷ്യ സാന്നിദ്ധ്യം

പ്രകൃതിയോടുള്ള ഓർത്തഡോക്സ് സമീപനം

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

THE HUMAN PRESENCE: Ecological Spirituality and the Age of the Spirit

എന്ന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം: **ഡോ. യാക്കോബ് മാർ ഐറേനിയോസ്**

2

പ്രകൃതിയുടെ സ്വഭാവം

1. ആശയ വിശദീകരണം

Gordon Kaufman[1] ഇപ്പോഴത്തെ പരിസ്ഥിതി പ്രതിസന്ധിയും, പ്രകൃതിയെ പ്പറ്റിയുള്ള നമ്മുടെ ധാരണയും തമ്മിലുള്ള പൊരുത്തക്കേടിനെപ്പറ്റി നന്നായി വിവരിക്കുന്നുണ്ട്. മുമ്പും ഇപ്പോഴും കൃഷി, സാങ്കേതികവിദ്യ, മനുഷ്യസംസ്കാരം എന്നിവ പ്രകൃതിയിൽ രൂപാന്തരങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ മനുഷ്യർ ഈ പ്രകൃതിയുടെ അവിഭാജ്യമായ ഭാഗം തന്നെയാണ്: 'പ്രകൃതി' എന്നാൽ എല്ലാ ജീവജാലങ്ങളും പ്രക്രിയകളും അടങ്ങുന്നതാണ് എന്നാണല്ലോ ധാരണ.

പ്രകൃതിയെ "ഉൾക്കൊള്ളുന്നുവോ" അഥവാ "നിഷേധിക്കുന്നുവോ" എന്നതിലാണ് പൊരുത്തക്കേട്. Frederick Elder നെപ്പോലുള്ള എഴുത്തുകാരുടെ അഭിപ്രായത്തിൽ പ്രകൃതിയെ നിഷേധിക്കുന്ന വീക്ഷണമാണ് പരിസ്ഥിതി പ്രശ്നത്തിന്റെ ഉത്തരവാദി. പ്രകൃതിയെ "ഉൾക്കൊള്ളുന്ന" ഒരു വീക്ഷണം മാത്രമെ മനുഷ്യരാശിയുടെ നിലനില്പിന് ഉതകുകയുള്ളു എന്നും അവർ പറയുന്നു.[2]

വീണ്ടും തെറ്റായ പരിഹാരവഴികളെപ്പറ്റി ശക്തിയുക്തം വാദിക്കുകയും നിഗമനങ്ങളിലൊന്നും എത്താതിരിക്കുകയും ചെയ്യുന്നതിലേക്കാണ് നാം നീങ്ങുന്നതെന്നു തോന്നുന്നു. "വീട്" എന്നാൽ, അതിൽ പാർക്കുന്നവർ ഒഴികെയുള്ള ഒരു കെട്ടിടം എന്നാണോ അർത്ഥം? അതോ അവരും ഉൾപ്പെടുന്നതാണോ? ഈ ചോദ്യത്തിന്റെ ഉത്തരം, അതതു പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിലാകയാൽ, ചോദ്യം തന്നെ അർത്ഥശൂന്യമാണ്! 'പ്രകൃതി' മനുഷ്യരാശിയെ കൂടി ഉൾക്കൊള്ളുന്നതാണെന്ന് സങ്കല്പിച്ചാൽ പോലും ചില പശ്ചാത്തലങ്ങളിൽ അതിനെ ഒഴിവാക്കേണ്ടി വരും.

'പ്രകൃതി' എന്ന സങ്കല്പം തന്നെ പ്രശ്നപൂരിതമാണ്. മനുഷ്യ സംസ്കാരവും ചരിത്രവും ചലനാത്മകമായ യാഥാർത്ഥ്യത്തിന്റെ ഭാഗമാണ്. അപ്പോൾ, മനുഷ്യരാശി കൂടെ ഉൾപ്പെടുന്ന യാഥാർത്ഥ്യത്തെ 'പ്രകൃതി' എന്നു വിളിക്കാമോ? അതോ, ഈ പദം തന്നെ യാഥാർത്ഥ്യത്തെ വിരൂപമാക്കുന്നുവോ? ആധുനിക കാലത്ത് 'പ്രകൃതി' 'പ്രകൃത്യായുള്ളത്' എന്നിവയ്ക്ക് നാനാർത്ഥങ്ങളാണുള്ളത്.

a) സാധാരണ വ്യവഹാരഭാഷയിൽ: 'പ്രകൃത്യായുള്ളത് എന്നാൽ യാന്ത്രികമല്ലാത്തത്' മനുഷ്യന്റെ ഇടപെടൽ കൂടാതെ സംഭവിക്കുന്നത് എന്നെല്ലാം അർത്ഥമാകുന്നു. മനുഷ്യന്റെ ഇടപെടലില്ലാത്ത 'പ്രകൃതി നിയമങ്ങൾ', പ്രകൃതിയുടെ ക്രമം എന്നും സൂചനയുണ്ട്. മാറ്റം വരാത്ത ഭൗതിക നിയമങ്ങൾ, നിലവിലുള്ള സൃഷ്ടപ്രകൃതി എന്നും പറയാം.

b) ആധുനിക പാശ്ചാത്യ ഭാഷകളിൽ 'പ്രകൃതി' എന്നതിന് മറ്റൊരു അനുബന്ധ സാരവുമുണ്ട് – മനുഷ്യൻ ഒഴികെയുള്ള സൃഷ്ടി. പ്രകൃതിയുടെ മനോഹാരിതയെയോ, പ്രകൃതിയെ സംരക്ഷിക്കുന്നതിനെപ്പറ്റിയോ സംസാരിക്കുമ്പോൾ, പ്രകൃതിയും ചിട്ടയും രീതിയുമല്ല, നമുക്കു ചുറ്റുമുള്ള ദൃശ്യവസ്തുക്കളെയാണ് ഉദ്ദേശിക്കുക. എന്നാൽ ഇതിൽ മനുഷ്യനിർമ്മിതമായ വസ്തുക്കൾ ഉൾപ്പെടുന്നില്ല. ഉദാഹരണത്തിന്, നഗരം, കെട്ടിടങ്ങൾ, പാലങ്ങൾ, തുരങ്കങ്ങൾ, ദേശീയ പാതകൾ തുടങ്ങി മനുഷ്യനിർമ്മിതമായവയൊന്നും ഉൾപ്പെട്ടിട്ടില്ല. അവയെല്ലാം ഭൗതികവസ്തുക്കൾ, വായു, ജലം, ആകാശം, ചെടികൾ, ജന്തുക്കൾ എന്നിവയാൽ നിർമ്മിതമാണു താനും.

c) ക്രിസ്തീയ വേദചിന്തയിൽ 'പ്രകൃതി' എന്നതിന് മറ്റു രണ്ട് അർത്ഥതലങ്ങൾ കൂടെയുണ്ട്.

(1) മനുഷ്യന്റെ കർമ്മമണ്ഡലമായ 'ചരിത്രം', 'സംസ്കാരം' എന്നിവയിൽ നിന്നും വിഭിന്നമാണത്. പത്തൊൻപതാം ശതകം മുതലുള്ള പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രം, ചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടൽ തന്റെ വെളിപ്പാടാണ് എന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ, പ്രകൃതിയിലുള്ള ദൈവത്തിന്റെ ദൃശ്യപ്രവർത്തനങ്ങളെപ്പറ്റി മൗനം ഭജിക്കുന്നു. പ്രകൃതിയിലെ ദൈവത്തിന്റെ വെളിപ്പാട് എന്നത് അപക്വമായ ഒരു ആശയമായിക്കാണാൻ കാരണം, അത് ഇതര മതങ്ങളിലെ 'ഈശ്വരജ്ഞാന'ത്തെ സാധൂകരിക്കുന്നതാകും എന്നതു തന്നെ.

(2) 'പ്രകൃതിയിലെ വെളിപ്പാട്', 'ചരിത്രപരവും പ്രത്യേകവുമായ വെളിപ്പാട്' എന്നിവയെ പ്രൊട്ടസ്റ്റന്റ് ചിന്താഗതി വ്യത്യസ്തമായി കാണുന്നതിന് ഒരു ചരിത്ര പശ്ചാത്തലമുണ്ട്. മദ്ധ്യകാല റോമൻ കത്തോലിക്കാ ചിന്തയിൽ ഉണ്ടായിരുന്നതും ഇപ്പോഴും നിലനില്ക്കുന്നതുമായ ഒരാശയമാണത്. അതായത്, 'പ്രകൃതിയും' 'കൃപയും' തമ്മിലും "പ്രാകൃതികവും" "പ്രകൃത്യാതീതവും" തമ്മിൽ അന്തരമുണ്ടെന്നുള്ള ചിന്തയാണത്. അതനുസരിച്ച്, കൃപ, ദൈവത്തിന്റെ പ്രത്യേകവും നേരിട്ടുള്ളതുമായ പ്രവർത്തനമാണ്; എന്നാൽ പ്രകൃതി അതിന്റേതായ പ്രത്യേക നിയമങ്ങളോടെ നല്കപ്പെട്ടിരിക്കുന്നതും. കൃപയ്ക്ക് പ്രകൃതിയോടു കൂടാനോ, അതിർലംഘിക്കാനോ സാധിക്കും; കാരണം അതു പുറത്തുനിന്നും, പ്രകൃത്യാതീതമായതിൽനിന്നും വരുന്നതാണ്. അതുകൊണ്ട് അതിനെ 'പ്രകൃത്യാതീതം' എന്നു വ്യവഹരിക്കുന്നു.

d) ഇപ്പറഞ്ഞതിന്റെയെല്ലാം അടിയിൽ 'പ്രകൃതി' എന്നതിന് മറ്റൊരർത്ഥവുമുണ്ട്; ഒരു വ്യക്തിയുടെയോ, വസ്തുവിന്റെയോ ഘടന. 'പറക്കുക' എന്നത് പൂച്ചയുടെ 'പ്രകൃതി'യിൽപെട്ടതല്ല. പരുന്ത്, പുലി എന്നിവ സ്വഭാവേന (അവയുടെ പ്രകൃതി അനുസരിച്ച്) ക്രൂരജന്തുക്കളാണ്. നിലവിലുള്ള പെരുമാറ്റരീതി, ഒരു ജീവിയുടെ സാമാന്യമായ സ്വഭാവം എന്നിങ്ങനെ ഇതിൽനിന്നു ഗ്രഹിക്കാം.

മേല്പറഞ്ഞ നാല് അർത്ഥതലങ്ങളെപ്പറ്റി പുറകാലെ വിശദീകരിക്കാം.[3] എന്നാൽ ഇവിടെ അവയുടെ പശ്ചാത്തല ധാരണകളെപ്പറ്റി പ്രതിപാദിക്കുന്നത് പ്രയോജനകരമായിരിക്കും.

ഒന്നാമത്, 'പ്രകൃതി' എന്ന പദത്തിന്റെ നാനാർത്ഥങ്ങൾ, ചില സുപ്രധാന ആദ്ധ്യാത്മിക സങ്കല്പങ്ങളെ വെളിപ്പെടുത്തുന്നു. പുരാതന ക്രിസ്തീയ സങ്കല്പങ്ങളിൽ പാതാളം, ഭൂമി, സ്വർഗ്ഗം എന്നിങ്ങനെ മൂന്നു "തട്ടു"കളെപ്പറ്റിയുള്ള പരാമർശനങ്ങൾ കാണാം (ഒരു മൂന്നുനില കെട്ടിടം പോലെ).

ഈ സങ്കല്പത്തെ പാശ്ചാത്യർ ആക്ഷേപിച്ചിട്ടുമുണ്ട്. എന്നാൽ ഇന്നത്തെ പാശ്ചാത്യ പ്രപഞ്ച ദർശനവും ഈ 'മൂന്നു തട്ടു'കളുടെ ഒരു പരിഷ്കൃത രൂപമല്ലേ? അതിങ്ങനെയാണ്: ഏറ്റവും അടിയിൽ അതിന്റെ നിയത ക്രമീകരണങ്ങളോടുകൂടിയ ഭൂമി; അതിനു മുകളിലത്തെ തട്ടിൽ, സംസ്കാരവും ചരിത്രവും നിർമ്മിക്കുന്ന പ്രവൃത്തികൾ ചെയ്യുന്ന മനുഷ്യവർഗ്ഗം; ഏറ്റവും മുകളിലത്തെ തട്ടിൽ വെളിപ്പാട്, കൃപ, പ്രകൃത്യാതീതം എന്നിങ്ങനെ വ്യവഹരിക്കപ്പെടുന്ന

ദൈവത്തിന്റെ പ്രത്യേക പ്രവർത്തനങ്ങൾ. ഈ 'മൂന്നു നില'കളെ, 'പ്രകൃതി-സംസ്കാരം-കൃപ' എന്നു നമുക്കു വിളിക്കാം. സാമ്പത്തികം, സാമൂഹ്യം, രാഷ്ട്രീയ പ്രവർത്തനം എന്നിവ അടങ്ങുന്ന ചരിത്രവും, ശാസ്ത്രവും സാങ്കേതിക വിദ്യയും, 'സംസ്കാരം' എന്നതിൽ ഉൾപ്പെടുത്താം.

ഇവയിൽ രണ്ടാമത്തെ ശ്രേണി, ആദ്യത്തേതിനോട് ചെയ്യുന്ന പ്രവൃത്തിയ്ക്കാണ് പരിസ്ഥിതി സംവാദം ഊന്നൽ കൊടുക്കുന്നത്. മനുഷ്യസമൂഹം പ്രകൃതിയോടു ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ പാതകത്തെ; "ഭൂമിയെ ബലാല്ക്കാരം ചെയ്യുന്നത്" "ഭൂമിയെ വധിക്കുന്നത്" എന്നെല്ലാം വിശേഷിപ്പിക്കുന്ന "പുതിയ പാപ"മെന്നറിയപ്പെടുന്നു. പ്രകൃതിയെ തള്ളിക്കളയുന്നതും, നിർദ്ദയം കയ്യേറ്റം ചെയ്യുന്നതുമാണ് "സംസ്ക്കാരം" എന്നു വിമർശിക്കപ്പെടുന്നു. 'കൃപ'യുടെ ശ്രേണിയെപ്പറ്റി പരസ്യമായ പരാമർശങ്ങളില്ലെങ്കിലും, പ്രകൃതി, പരിസ്ഥിതി ഇവയെ അടിസ്ഥാനപ്പെടുത്തിയ വേദശാസ്ത്രത്തിനുവേണ്ടിയുള്ള മുറവിളി ഉയരുന്നുണ്ട്.

2. പ്രകൃതി - ബൈബിളിൽ

വേദശാസ്ത്രത്തിന്റെ വീക്ഷണകോണിൽ നിന്നുകൊണ്ട് 'പ്രകൃതി' എന്ന സങ്കല്പത്തെ വിശദീകരിക്കാം. പ്രകൃതിയുടെ വിശുദ്ധി നശിപ്പിക്കുകയും, പ്രകൃതിയെ ചൂഷണം ചെയ്യാൻ വഴിയൊരുക്കുകയും ചെയ്തു എന്ന ആക്ഷേപം എബ്രായ പാരമ്പര്യത്തിനെതിരെ പലപ്പോഴും ഉയർന്നിട്ടുണ്ട്. എന്നാൽ ആ പാരമ്പര്യത്തിൽ, പ്രകൃതി എന്നു നമ്മൾ വിളിക്കുന്നതിനെ പരാമർശിക്കുവാൻ ഒരു പദംപോലും കാണുന്നില്ല എന്നത് ശ്രദ്ധേയമാണ്. "Greek Concordance for the Old Testament"[4] പരിശോധിച്ചാൽ പ്രകൃതി എന്നതിനെ സൂചിപ്പിക്കുന്ന 'Physis' എന്ന എബ്രായപദം, പാലസ്തീനിലെ യഹൂദസമൂഹത്തിനും പുറത്ത്, പ്രവാസകാലത്ത് എഴുതപ്പെട്ടതും, യവന സ്വാധീനമുള്ളതുമായ മഹാജ്ഞാനം, മക്കാബിയർ III, IV എന്നീ പുസ്തകങ്ങളിലേ കാണുന്നുള്ളു. പ്രൊട്ടസ്റ്റന്റു സഭകളും മറ്റു ചില വിഭാഗങ്ങളും ഇവയെ 'നിഗൂഢ ഗ്രന്ഥങ്ങൾ' (Apocryphal Books) എന്നു വിളിക്കുന്നു. പലസ്തീനിലെ യഹൂദ കാനോൻ പിൻപറ്റുന്ന പ്രൊട്ടസ്റ്റന്റ് പഴയനിയമത്തിൽ ഈ പുസ്തകങ്ങൾ കാണാനേയില്ല.

ചുരുക്കത്തിൽ, "പ്രകൃതി"യെന്ന ആശയം എബ്രായ പാരമ്പര്യത്തിന് അന്യമാണെന്നു കാണാം. പഴയനിയമത്തിലെ സൃഷ്ടികഥയുടെ പശ്ചാത്തലത്തിൽ, പ്രകൃതിയെ ഗ്രഹിക്കാനും നിയന്ത്രിക്കാനും കഴിയുമെന്ന നിഗമനത്തിൽ പാശ്ചാത്യ സംസ്കാരം എത്തിയിട്ടുണ്ട് (എങ്ങനെയായാലും ന്യായീകരിക്കാനാവാത്ത ഒരു അവകാശവാദമാണിത്). എന്നാൽ, തങ്ങൾ അശുദ്ധമാക്കുകയും കീഴടക്കുകയും ചെയ്യേണ്ട ഒരു സംഗതി "അവിടെ"യുണ്ടെന്ന് എബ്രായ പാരമ്പര്യം പറയുന്നില്ല. ഉല്പത്തി പുസ്തകത്തിലെ യഹോവയുടെ കല്പന, "പ്രകൃതിയെ കീഴടക്കണ" മെന്നായിരുന്നില്ല; മറിച്ച്, 'സന്താനപുഷ്ടിയുള്ളവരായി പെരുകി, ഭൂമിയിൽ നിറഞ്ഞ്, അതിനെ അടക്കി, സമുദ്രത്തിലെ മത്സ്യത്തിന്മേലും സകല ഭൂചര ജന്തുക്കളുടെമേലും വാഴുവീൻ" (ഉല്പത്തി 1:28) എന്നായിരുന്നു. 'ഭൂമിയെ അടക്കി, അതിലെ ജീവജാലങ്ങളുടെ മേൽ വാഴുക' എന്നതിന് "പ്രകൃതി മുഴുവനെയും" എന്നർത്ഥമില്ല. അത് അതിവിശാലമായ ഒരു ആശയവും ധാരണയുമാണ്.[5]

പഴയനിയമ പാരമ്പര്യത്തിൽ, "കീഴടക്കേണ്ട" ഒരു സത്തയാണു പ്രകൃതി എന്ന ഒരു സങ്കല്പമില്ല എന്നാണ് ഇതിന്റെ സാരം. അപ്പോക്രിഫാ ഗ്രന്ഥങ്ങളിൽപ്പോലും Physis എന്ന ഗ്രീക്കുപദം "മനുഷ്യൻ ഒഴികെയുള്ള സൃഷ്ടി" എന്നോ സൃഷ്ടി മുഴുവനുമെന്നോ ഉള്ള അർത്ഥത്തിൽ പ്രയോഗിച്ചിട്ടില്ല. നാലാം മക്കാബിയർ 5:5-8 വരെയുള്ള ഭാഗം ഉദ്ധരിക്കുന്നത് നന്നായിരിക്കും. ഗ്രീക്കു സംസ്ക്കാരത്തിന്റെ കടന്നുകയറ്റത്തിനെതിരെ യഹൂദമതത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു ലഘുലേഖയാണിത്. ഇതിന്റെ പശ്ചാത്തലം അന്തിയോക്കസ് എപ്പിഫാനസ് എന്ന ക്രൂരനായ ഭരണാധികാരിയുടെ കല്പനയാണ്. ഏലിയാസാർ എന്ന ആദരണീയനായ യഹൂദ മഹാപുരോഹിതനോട് അയാൾ ആവശ്യപ്പെട്ടത്, യഹൂദർക്കു നിഷിദ്ധമായ പന്നിമാംസം ഭക്ഷിച്ചുകൊണ്ട് പീഡയിൽനിന്ന് ഒഴിവാകണം എന്നായിരുന്നു (തന്റെ വിശ്വാസം ത്യജിക്കണമെന്നു വ്യംഗ്യം.)

> "അന്തിയോക്കസ് ഏലിയാസാറിനെ നോക്കിയിട്ടു പറഞ്ഞു, ബഹുമാനിതനേ, നീ പീഡിപ്പിക്കപ്പെടുന്നതിനു മുമ്പ്, ഞാൻ നിനക്ക് ഒരു ഉപദേശം തരാം. നീ പന്നിമാംസം ഭക്ഷിക്കുകയും, അങ്ങനെ നിന്റെ ജീവൻ രക്ഷിക്കുകയും ചെയ്തുകൊള്ളുക. നിന്റെ പ്രായത്തെയും, നരച്ച തലയെയും ഞാൻ ബഹുമാനിക്കുന്നു. ഇത്ര നാളായിട്ടും നീ യഹൂദമതം പിടിച്ചുകൊള്ളുന്നതിനാൽ, നീ ഒരു പണ്ഡിതനാണെന്നു ഞാൻ കരുതുന്നില്ല. ഈ മൃഗത്തിന്റെ (പന്നി) മാംസം എത്രയും വിശിഷ്ടമാണ്. പ്രകൃതി നമുക്ക് തന്നിരിക്കുന്നതാണത്. അതു നിഷിദ്ധമെന്ന് നീ ചിന്തിക്കുന്നതെന്ത്? നിഷ്കളങ്കമായ സന്തോഷങ്ങൾ അനുഭവിക്കുന്നത് വിഡ്ഢിത്തമല്ല. പ്രകൃതിയുടെ വരദാനങ്ങളെ നിഷേധിക്കുന്നത് തെറ്റാണ്."[6]

'പ്രകൃതി നമുക്ക് പന്നിയെ തന്നു' എന്നു പറയുന്നത് ഒരു എബ്രായനല്ല എന്നത് വ്യക്തമാണ്. യവന വിദ്യാഭ്യാസം ലഭിച്ച ഒരുവനേ ഇങ്ങനെ ഒരു പ്രസ്താവന നടത്തുവാൻ കഴിയുമായിരുന്നുള്ളു. ഏലിയാസാറിന്റെ മറുപടിയിൽ 'പ്രകൃതി' എന്ന പദം കാണാം; എന്നാൽ ദുർബലനായ മനുഷ്യന്റെമേൽ ദൈവം കാരുണ്യം ചൊരിയുന്ന എന്ന അർത്ഥത്തിലാണ് അദ്ദേഹം അത് പ്രയോഗിക്കുന്നത്. യവന സംസ്കാരത്തിന്റെ സ്വാധീനത്തിൽ വിരചിതമായ ഈ പുരാലേഖയിൽപ്പോലും ദൈവദത്തമായ മനുഷ്യരാശിയുടെ ഘടനയെയല്ലാതെ, സൃഷ്ടിയിൽ മനുഷ്യൻ ഒഴികെയുള്ളതിനെയല്ല എബ്രായർ സൂചിപ്പിക്കുന്നത്. ഗ്രീക്കു ഭാഷയിലുള്ള പഴയനിയമ ഗ്രന്ഥങ്ങളിൽ പലയിടത്തും Physis എന്ന പദം ഈ അർത്ഥത്തിൽ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.

വമ്പിച്ച യവന സ്വാധീനത്തിൽ രചിതമായ പുതിയനിയമ ഗ്രന്ഥങ്ങളിൽ "പ്രകൃതി" എന്ന പദം ചുരുക്കമായി മാത്രമെ ഉപയോഗിച്ചു കാണുന്നുള്ളു. അതും 'ഒരു സൃഷ്ടിക്ക് ദൈവദത്തമായ സ്വഭാവം' എന്ന അർത്ഥത്തിൽ മാത്രം. യാക്കോബ് 3:7, 2 പത്രോസ് 1:4 എന്നിവ ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്. പൗലോസ് അപ്പോസ്തോലനും ഇതേ അർത്ഥത്തിലാണ് Physis എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. 'ഒട്ടിച്ചേർക്കപ്പെട്ട' കൊമ്പുകളിൽനിന്നും വിഭിന്നമായി, 'സ്വാഭാവിക' കൊമ്പുകളെപ്പറ്റി അദ്ദേഹം പറയുന്നു (റോമർ 11:21, 24). അഥവാ, ന്യായപ്രമാണമില്ലാത്ത പുറജാതികൾ, അവരുടെ സ്വഭാവത്താൽത്തന്നെ ന്യായപ്രമാണം പാലിക്കുന്നു (റോമർ 2:14). 'സ്വഭാവത്താൽ' എന്നതിന് 'ജനനം വഴി' എന്ന അർത്ഥം അദ്ദേഹം നൽകുന്നുണ്ട്: "സ്വഭാവത്താൽ യഹൂദരായ നിങ്ങൾ" (ഗലാ. 2:16). എന്നാൽ മൗലികമായ അർത്ഥം "അടിസ്ഥാനപരമായ സ്വഭാവം" എന്നത്രെ. ഉദാഹരണത്തിന്, 'സ്വഭാവപ്രകാരം ദൈവങ്ങളല്ലാത്തവർ' (ഗലാ. 4:8) എന്ന വർണ്ണന. പുരുഷന്മാർ മുടി നീട്ടുന്നത് അഭിലഷണീയമല്ല എന്ന് 'പ്രകൃതി' തന്നെ പഠിപ്പിക്കുന്നു എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. എന്നാൽ ഭക്തരായ യവന-സ്ലാവോണിക് സന്യാസികളും, അത്രത്തോളം ഭക്തരല്ലാത്ത ആധുനികരും ഈ നിർദ്ദേശത്തെ ലംഘിക്കുന്നു! എന്നാൽ എഫേസ്യർ 2:3-ൽ കാണുന്ന, "പ്രകൃതിയാൽ കോപത്തിന്റെ മക്കൾ" എന്നത് വിശദീകരിക്കാൻ പ്രയാസമാണ്. കാരണം പ്രകൃതി ദൈവദത്തമാണെങ്കിൽ, മനുഷ്യർ, അവരുടെ സ്വഭാവത്തിൽ കോപത്തിനിരയാകുന്നത് എങ്ങനെ എന്നു പറയുക പ്രയാസം. എങ്കിലും പുതിയനിയമത്തിൽ ഒരിടത്തും 'പ്രകൃതി' എന്ന പദംകൊണ്ട് സമസ്ത സൃഷ്ടിയുമെന്നോ, മനുഷ്യൻ ഒഴികെയുള്ള സൃഷ്ടിയെന്നോ ഉദ്ദേശിച്ചിട്ടില്ല. പാശ്ചാത്യ ക്രൈസ്തവ ചിന്തയിലെ യവന 'ഒസ്യത്ത്' ഇതു മാത്രം.

3. പ്രകൃതി: ഒരു ഭാരതീയ-യവന ആശയം

'പ്രകൃതി' എന്ന ആശയം, അടിസ്ഥാനപരമായി അരിസ്റ്റോട്ടിലിന്റെ പഠിപ്പിക്കലിൽനിന്ന് ഉദ്ഭൂതമായതാണ്. പക്ഷെ സ്റ്റോയിസിസത്തിൽ ഈ പദത്തിന്, അരിസ്റ്റോട്ടിൽ ഉദ്ദേശിക്കാത്ത രൂപഭേദങ്ങൾ ഉണ്ടായിട്ടുണ്ട്. സ്റ്റോയിക് വീക്ഷണത്തിൽ 'പ്രകൃതി' എന്നാൽ പ്രപഞ്ചത്തിന്റെ പ്രാണനാണ്. അത് ലോകത്തെ സജീവമാക്കുന്നു. Pneuma ലോകത്തിലെ മൗലികമായ അന്തര്യാമിയാണ്. ഈ അർത്ഥത്തിൽ അരിസ്റ്റോട്ടിൽ ഈ പദം ഉപയോഗിച്ചിട്ടില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, പ്രപഞ്ചത്തെ സജീവമാക്കുന്നത് അതിലുള്ള ചലനാത്മകതയാണ്.[7] അപ്പോൾ അരിസ്റ്റോട്ടിലിനും സ്റ്റോയിക്കുകൾക്കും, 'പ്രകൃതി' ഈശ്വരനു പകരമുള്ളതാണ്. അവർ ഇവ രണ്ടിനെയും പര്യായങ്ങളായി പ്രയോഗിക്കുന്നു; എന്നാൽ അത് അന്വർത്ഥമായതും, സജീവവുമായ ഒരു തത്വത്തെക്കുറിക്കാൻ മാത്രം. 'സൃഷ്ടി മുഴുവനും' എന്ന് അവർ ഉദ്ദേശിച്ചില്ല.

Anima Mundi (പ്രപഞ്ച പ്രാണൻ) എന്ന സ്റ്റോയിക്ക് ആശയം, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവർക്കു മുമ്പുതന്നെ യവനചിന്തയിൽ നിലനിന്നിരുന്നതാണ്. എന്നാൽ അവർ ഇരുവരും ഈ ചിന്ത പ്രയോഗിച്ചിട്ടുമുണ്ട്. സമീപഭാവിയിൽ നമ്മുടെ ചിന്തയെയും ഇതു സ്വാധീനിക്കാൻ സാധ്യതയുണ്ട്. കാരണം 'ദൈവമില്ലാത്ത' ഒരു ലോകമാണ് നമ്മുടേതും; എങ്കിലും അതിന്റെ നിലനില്പിനെയും

അതിലെ പ്രക്രിയകളെപ്പറ്റി വിശദീകരണം വേണ്ടിയിരിക്കുന്നു എന്നു സമ്മതിക്കുന്നുമുണ്ട്. സാങ്കേതിക വിദ്യാ പ്രതിസന്ധി വർദ്ധിച്ചു വരുന്നതിനാൽ, പ്രപഞ്ചത്തെപ്പറ്റിയുള്ള നിർണ്ണായക വ്യാഖ്യാനങ്ങൾ അവശ്യം വേണ്ടിയിരിക്കുന്നു. ഇത്തരുണത്തിൽ, Bergson, Whitehead, Teilhard എന്നിവരുടെ സാംഗത്യം കൂട്ടിയിട്ടുണ്ട്; കാരണം അവർ മൂവരും 'പ്രപഞ്ച-പ്രാണൻ' എന്ന ചിന്തയ്ക്കനുരൂപമായ 'ജീവശക്തി' വാദികളാണ്.

'പ്രപഞ്ച-പ്രാണൻ' എന്ന ചിന്താധാരയ്ക്ക് ഹിന്ദുമതവുമായും അടുപ്പമുണ്ട്. എന്നാൽ 'ലോകാത്മാവ് അഥവാ പ്രപഞ്ചാത്മാവ്' എന്ന തത്വം ഹിന്ദുപാരമ്പര്യത്തിൽ അത്ര കാണുന്നില്ല. എങ്കിലും ഉപനിഷത്തുകളിൽ പ്രതിപാദിക്കുന്ന 'പരമാത്മാവ്' എന്ന തത്വം 'പ്രപഞ്ചാത്മാവ്' എന്ന തത്വത്തിൽനിന്നും പൂർണ്ണമായി അകന്നതല്ല. കഠോപനിഷത്തിൽ പരാമൃഷ്ടമായ 'അന്തരാത്മൻ' എന്ന മനുഷ്യാത്മാവുമായി ബന്ധപ്പെട്ട തത്വവും, അങ്ങനെ തന്നെ.

> 'എല്ലാറ്റിന്റെയും അന്തരാത്മാവ്, യാതൊന്നാണോ
> എല്ലാറ്റിനെയും നിയന്ത്രിക്കുകയും, സ്വന്തരൂപത്തെ
> ബഹുവിധമായി കാണിക്കുകയോ ചെയ്യുന്നുവോ,
> അവനെ, അന്തര്യാമിയായി, ജ്ഞാനികൾ ഗ്രഹിക്കുന്നു
> നിത്യാനന്ദം അവർക്കു മാത്രമുള്ളത്'[10]

യഥാർത്ഥത്തിൽ, എല്ലാ ഉപനിഷത്തുകളും, പ്രപഞ്ചാത്മാവ് എന്ന ഈ തത്വം ഉപയോഗിക്കുന്നുണ്ട്; എന്നാൽ അതും, മനുഷ്യാത്മാവുമായി ഒന്നായിക്കാണുന്നു. സാധാരണയായി പ്രപഞ്ചാത്മാവിനെ സർവ്വാതിവർത്തിയായ ബ്രഹ്മാവുമായി ബന്ധപ്പെടുത്തിയാണ് സങ്കല്പിച്ചിരിക്കുന്നത്. എന്നാൽ ഹിന്ദുമതത്തിലെ 'സാംഖ്യ' ചിന്തയിലെത്തുമ്പോൾ ഈശ്വരനിഷേധമോ, നാസ്തികമോ ആയി പരിണമിക്കുന്നു.

ഉപനിഷത്തുകൾക്കുശേഷം രൂപമെടുത്ത ഭഗവത്ഗീതയിലും പ്രപഞ്ചത്തിൽ അന്തര്യാമിയായ 'പ്രപഞ്ചാത്മാവ്' എന്ന പാരമ്പര്യം പിന്തുടരുന്നതായി കാണാം. പ്രപഞ്ചാത്മാവിന്റെ മഹത്തായ സ്പഷ്ടീകരണത്തിൽ, അതായത് കൃഷ്ണൻ, അർജ്ജുനനു നൽകിയ ദർശനത്തിൽ, ആ ശ്രേഷ്ഠ വ്യക്തിയുടെ പ്രഭാപൂരത്തെ, "പെട്ടെന്ന് ആകാശത്തിൽ ഉദിച്ച ഒരായിരം സൂര്യന്മാരെ"പ്പോലെയാണ് അർജ്ജുനനൻ ദർശിച്ചത്.

"അവിടെ, പാണ്ഡവൻ (അർജുനൻ) ദേവതകളുടെ ദേവന്റെ ഉടലിൽ, പ്രപഞ്ചത്തെയും അതിലെ അസംഖ്യം വിഭാഗങ്ങളെയും ഒന്നിച്ച് കണ്ടു"[11]

പ്രപഞ്ചം ഈശ്വരന്റെ ശരീരം എന്ന തത്വം രാമാനുജൻ (11-ാം നൂറ്റാണ്ട്) മാധവ (1197-1276) എന്നിവരുടെ ചിന്തയിൽ പ്രാമണ്യം നേടിയിട്ടുണ്ട്. അങ്ങനെ പ്രപഞ്ചത്തെപ്പറ്റിയുള്ള ജ്ഞാനം സർവ്വാതിവർത്തിയായ ഈശ്വരനെ ആശ്രയിച്ചാണിരിക്കുന്നത്.

പരമ്പരാഗതമായ ഹിന്ദുചിന്തയിൽ, അതായത് സാംഖ്യാ പാരമ്പര്യത്തിൽ, യവനരിൽ സ്റ്റോയിക്കുകളുടേതിനോടു സമമായ സർവ്വാതിവർത്തിയല്ലാത്ത ഒരു കേവല സിദ്ധാന്തം ലഭ്യമാണ്. ഇത് പല പാശ്ചാത്യരുടെയും ചിന്തയെ ആകർഷിച്ചിട്ടുമുണ്ട്. സാംഖ്യാ സിദ്ധാന്തത്തിൽ, 'പരിണാമ സിദ്ധാന്ത'ത്തിന്റെ ഒരു പ്രാകൃതരൂപം കാണാം; എന്നാൽ അത് ഒരു ശാസ്ത്രീയ ചിന്തയായല്ല അവതരിപ്പിച്ചിരിക്കുന്നത്.

സാംഖ്യപാരമ്പര്യത്തിൽ എല്ലാറ്റിനെയും രണ്ട് അസ്തിത്വങ്ങളായി കുറച്ചിരിക്കുന്നു - പുരുഷൻ, പ്രകൃതി. അനുഭവസിദ്ധമായ ജ്ഞാനത്തിൽ അടിസ്ഥാനപരമായി കാണുന്ന ദ്വന്ദഭാവം - അറിയുന്ന വ്യക്തിയും, അറിഞ്ഞ വസ്തുവും തമ്മിൽ - ഇതിനനുരൂപമാണ്. പ്രകൃതി ഒരു ശക്തിയാണ്; നിശ്ചലമായിരിക്കുന്നതല്ല. അതിൽ അന്തർലീനമായ പ്രത്യേകതകളും ഗണങ്ങളുമുണ്ട്. ആ പ്രത്യേകതകളെ "ഗുണങ്ങൾ" എന്നു വിളിക്കുന്നു; അവ അനുസ്യൂതമായ പുരോഗതിയാണ്. ഈ "ഗുണങ്ങൾ" അവയുടെ പ്രതിപ്രവർത്തനം വഴി അനേകരൂപമായ ലോകം സൃഷ്ടിക്കുന്നു. എന്നാൽ 'പുരുഷൻ' (സചേതനമായ ബോധമുള്ളവൻ) അതിനെ ഉത്തേജിപ്പിച്ച്, അതിന്റെ പുരോഗതിയിലേക്കു നയിക്കുന്നതാണ് പ്രകൃതിയുടെ അത്യുന്നതമായ പരിണാമദശ.

ക്രിസ്തുവിനു മുമ്പ് ഏഴാം ശതകത്തിൽ പ്രചുരപ്രചാരം ലഭിച്ചിരുന്ന ഈ ഹൈന്ദവ ചിന്താധാര, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, സ്റ്റോയിക്കുകൾ എന്നിവരെക്കാളെല്ലാം പഴക്കമുള്ളതാണ്. നിർഭാഗ്യവശാൽ എ.ഡി. മൂന്നാം ശതകം മുതലുള്ള സാംഖ്യാ ചിന്തകളേ ലഭ്യമായിട്ടുള്ളൂ.[12] സാംഖ്യാ തത്വശാസ്ത്രം ഈശ്വര സങ്കല്പത്തെ പാടെ തിരസ്കരിച്ച്, 'പ്രകൃതി'യെ ലോകസ്രഷ്ടാവായി പ്രതിഷ്ഠിച്ചിരിക്കുന്നു. "ഗുണങ്ങളു"ടെ വിവിധ ചേരുവകകളാലാണ് ഈ സൃഷ്ടി നടക്കുക.

അങ്ങനെ 'പ്രകൃതി' എന്നത് ഒരു ഭാരതീയ-യവന ആശയമാണെന്ന് കാണാം. അത് മനുഷ്യൻ നേരിടുന്ന അകർതൃകമായ ഒരു സത്തയാണ്. ഹൈന്ദവ-യവന പാരമ്പര്യങ്ങളിൽ, ഈ അർത്ഥത്തിലുള്ള 'പ്രകൃതി' ഒരു അത്യാവശ്യ ഘടകമാണ്; പ്രത്യേകിച്ച്, പ്രപഞ്ച സ്രഷ്ടാവ് ഏകനായ ഈശ്വരനാണെന്ന ധാരണയില്ലാത്ത സാഹചര്യങ്ങളിൽ. യവന വിഗ്രഹാരാധന അടിസ്ഥാനപരമായി ഈശ്വരനിഷേധമായിരുന്നു. അവരുടെ ദേവതകൾ ശ്രേഷ്ഠരായ വീരപുരുഷന്മാരോ, മൂർത്തീഭാവം ആരോപിക്കപ്പെട്ട പ്രകൃതിശക്തികളോ ആയിരുന്നു. സ്രഷ്ടാവും, സംരക്ഷകനുമായ ഈശ്വരൻ എന്ന വിശ്വാസത്തിന്റെ അഭാവത്തിൽ, 'പ്രകൃതി' എന്ന മാതൃകയും മാനദണ്ഡവുമാണുണ്ടായിരുന്നത്. ഹിന്ദുമതത്തിലും ഈ ധാരണ തന്നെയായിരുന്നു. ഈശ്വരനിരാസമായ സാംഖ്യ ചിന്തയിൽ മാത്രം 'പ്രകൃതി' എന്നതിൽ മനുഷ്യരല്ലാത്തതെല്ലാം ഉൾപ്പെട്ടു കാണുന്നുണ്ട്.

മനുഷ്യൻ ഒഴികെയുള്ള പ്രപഞ്ചത്തെ 'പ്രകൃതി' എന്നു സംബോധന ചെയ്യുന്ന രീതി നവോത്ഥാനന്തര കാലത്തെ മതേതരചിന്തയുടെ ഭാഗമായി പാശ്ചാത്യപാരമ്പര്യത്തിൽ ഉദിച്ചതാണ്. ഇതിൽ അദ്ഭുതമില്ല. അതായത് ഈശ്വര കേന്ദ്രീകൃത ചിന്തയിൽനിന്ന് മനുഷ്യകേന്ദ്രീകൃത ചിന്തയിലേക്ക് മാറ്റമുണ്ടായത്. ഗോയ്ഥെ, വേഡ്സ്വർത്ത്, ഷെല്ലി എന്നിവർ ഈ കാലഘട്ടത്തിന്റെ സംഭാവനകളാണ്; എന്നാൽ അവരാരുംതന്നെ നിരീശ്വരവാദികളായിരുന്നില്ല. ഗോയ്ഥെയെ സംബന്ധിച്ചിടത്തോളം, പ്രകൃതിയുമായുള്ള സംവാദം, അതിന്റെ അന്തരാത്മാവിനെ സ്പർശിക്കുന്നതായിരുന്നു. പ്രകൃതിയുമായുള്ള സംവാദത്തെപ്പറ്റി, അജ്ഞാതരായ ശാസ്ത്രശാഖകളെപ്പറ്റി അദ്ദേഹത്തിന് അമർഷമുണ്ടായിരുന്നു.

സാങ്കേതിക ശാസ്ത്രത്തിനെതിരെയുള്ള സമരത്തിലും, പ്രകൃതിയോടു നേരിട്ടും ആദരപൂർവ്വവുമായുള്ള സംസർഗ്ഗത്തിലും, യുക്തിപരമായ അസ്പഷ്ടത പ്രകടമാകുന്നുണ്ട്. 'പ്രകൃതി'യോടുള്ള ശാസ്ത്ര സാങ്കേതിക സമീപനവും മാനുഷികവും കാല്പനികവുമായ ഏകതാ മനോഭാവവും, രണ്ടും ഒരുപോലെ, പാശ്ചാത്യ ചിന്താഗതിയിലെ യാഥാർത്ഥ്യ (ഉണ്മ) എന്ന കൃത്രിമ സങ്കല്പത്തെ ചെറുതാക്കുന്നുണ്ട്. പാശ്ചാത്യ ചിന്തയിലെ കൃപ-മനുഷ്യൻ-പ്രകൃതി എന്ന സംയുക്തമാണിവിടെ ഉദ്ദേശിക്കുന്നത്.

നവോത്ഥാനന്തര പാശ്ചാത്യ സംസ്കാരത്തിൽ കാണുന്ന മനുഷ്യ-പ്രകൃതി ഏറ്റുമുട്ടലിൽ, ഇതിന്റെ പ്രഥമ കാണ്ഡം (കൃപ) നിഷ്ക്രിയമാകുന്നു. പ്രത്യേകിച്ച് 'ജ്ഞാനോദയ' (enlightenment) കാലത്ത് ഇതു ഏറെ പ്രകടവുമാണ്. ഈ ആശയം കൂടുതൽ വിശകലനത്തിനു വിധേയമാക്കേണ്ടതുണ്ട്. ഒരു കാര്യം മാത്രം ഇവിടെ ചൂണ്ടിക്കാണിക്കട്ടെ - 'പ്രകൃതി', മനുഷ്യനൊഴികെയുള്ള പ്രപഞ്ചമാണെന്നുള്ള വീക്ഷണം, 'ദൈവകൃപ' എന്ന സങ്കല്പം പിൻവാങ്ങുന്ന കാലത്തെ ചിന്തയിലും കവിതയിലും വെളിവാകുന്നുണ്ട്.

4. പ്രകൃതി-സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിൽ

യവന സ്വാധീനമുള്ള സഭാപിതാക്കന്മാർ, 'പ്രകൃതി' എന്ന സംജ്ഞയെ സ്വതന്ത്രമായി വ്യാഖ്യാനിച്ചിട്ടുണ്ട്; ഉദാഹരണമായി, ഒറിഗൻ (origen) ദൈവത്തിന്റെ 'അസൃഷ്ട സ്വഭാവ'ത്തെപ്പറ്റി പറയുന്നുണ്ട്. "ജീവികളോടു താദാത്മ്യമുള്ള, "പദാർത്ഥാതീതമായ അപ്പ"ത്തെപ്പറ്റിയും അദ്ദേഹം പരാമർശിക്കുന്നുണ്ട്.[13] നിസ്സായിലെ വി. ഗ്രീഗോറിയോസ്, ദൈവത്തെപ്പറ്റി "സ്വഭാവേന അജ്ഞേയമായ" എന്നു പറയുമ്പോഴും 'പ്രകൃതി' എന്നതിനെ അടിസ്ഥാനപരവും സൃഷ്ടിപരവുമായ അർത്ഥത്തിലാണ് പരാമർശിക്കുന്നത്. അവരെപ്പറ്റി ഇവിടെ ലഘുവായി മാത്രമെ പരാമർശിക്കുന്നുള്ളു. ഈ പിതാക്കന്മാർ കൂടെക്കൂടെ physis എന്ന പദം ഉപയോഗിക്കുന്നത് ഈ അർത്ഥത്തിൽ തന്നെയാണ്. താപസനായ മർക്കോസ് ഈ ചർച്ചയെ സമാഹരിക്കുന്നത് "പ്രകൃത്യാനുസരണമുള്ളതും", "പ്രകൃത്യാതീതമായവയും" തമ്മിൽ വ്യവച്ഛേദിച്ചുകൊണ്ടാണ്.

സഭാപിതാക്കന്മാർ 'പ്രകൃതി' എന്ന സംജ്ഞ മറ്റു ചില അർത്ഥത്തിലും പ്രയോഗിച്ചിട്ടുണ്ട്. 'മനുഷ്യനെ ഉൾപ്പെടുത്തിയും, അല്ലാതെയുമുള്ള സമസ്ത സൃഷ്ടികളും' എന്ന് അവർ വ്യവഹരിച്ചിട്ടുണ്ട്. ഇവിടെ physis എന്നതിൽനിന്ന് മറ്റു രണ്ടു പദങ്ങളിലേക്ക് ശ്രദ്ധ തിരിക്കാം - ' 'ktisis', 'ta Panta.' സർവ്വ സൃഷ്ടികളെയും സൂചിപ്പിക്കുന്ന എല്ലാ സൃഷ്ടികളുടെയും ഉള്ളടക്കമായ നിയമ

ങ്ങളെപ്പറ്റി സഭാപിതാക്കന്മാർക്ക് നല്ല ബോധ്യമുണ്ടായിരുന്നു. എന്നാൽ പൊതുവെ, സൃഷ്ടിയെ അവർ 'പ്രകൃതി' എന്നു വിളിക്കാറില്ല. ചിലർ അതിന് തുനിഞ്ഞിട്ടുമുണ്ട്. ഉദാഹരണമായി Tatian സൃഷ്ടികളെയെല്ലാം physis എന്ന് പരാമർശിച്ചിട്ടുണ്ട്.[18] 543-ലെ കോൺസ്റ്റാന്റിനോപ്പിളിലെ "മുടക്കുകൾ" പോലെയുള്ള പില്ക്കാല യവന ലിഖിതങ്ങളിൽ പ്രപഞ്ചത്തെ "സംയുക്തമായ പ്രകൃതി" എന്നു വിളിക്കുന്നുണ്ട്. എങ്കിലും മിക്കവാറും സൃഷ്ടിയെപ്പറ്റി പരാമർശിക്കുമ്പോൾ "സമ്പൂർണ്ണ സൃഷ്ടികൾ" എന്നാണ് പിതാക്കന്മാർ വർണ്ണിക്കുന്നത്.

പില്ക്കാല ക്രിസ്തീയ ചിന്തയ്ക്ക് അടിസ്ഥാനമിട്ട, നിസ്സായിലെ വി. ഗ്രീഗോറിയോസിന്റെ എഴുത്തുകളിൽനിന്ന് വ്യക്തമാകുന്ന ഒരു സംഗതി, പിതൃവിജ്ഞാനീയത്തിൽ 'മനുഷ്യനെയും', 'മനുഷ്യൻ ഉൾപ്പെടാത്ത സൃഷ്ടികളെയും' തമ്മിൽ വ്യവച്ഛേദിക്കുകയല്ല; മറിച്ച് 'എന്നേക്കും നിലനില്ക്കുന്നവനും', 'താല്ക്കാലിക അസ്തിത്വമുള്ളവയും' തമ്മിൽ വേർതിരിച്ചിരിക്കുകയാണ്. ഇവ രണ്ടിന്റെയും സത്ത ഒന്നല്ല. വി. ഗ്രീഗോറിയോസിന്റെ വീക്ഷണത്തിൽ "ഉള്ളത്" "അസ്തിത്വമുള്ളത്" എന്നിവ ദൈവത്തിനും, സൃഷ്ടിക്കും ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നത് അപകടകരമാണ്.

ഇത് പ്രാധാന്യമർഹിക്കുന്നതും സുവിദിതവുമാണ്. പദങ്ങളെ എപ്പോഴും വ്യക്തമായി പ്രയോഗിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നില്ല; ദൈവത്തിന്റെ 'സത്ത'യെയും സൃഷ്ടിയുടെ അസ്തിത്വത്തെയുംപ്പറ്റി അറിവുണ്ടായിരുന്നിട്ടും രണ്ടിനും 'Ousia' (സാരാംശം) 'സത്ത' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. വിശുദ്ധ ബസ്സേലിയോസും, അദ്ദേഹത്തിന്റെ സഹോദരനായ വി. ഗ്രീഗോറിയോസും physis (പ്രകൃതി) Ousia (സത്ത) ഇവയെ സമാന്തര ഉണ്മകളായി കരുതിയിരുന്നു.[20] ഈ സാമന്തര്യത്തെ ദമാസ്ക്കസിലെ യോഹന്നാൻ (8-ാം ശതകം) ക്രമീകൃതമാക്കി ക്രോഡീകരിച്ചിട്ടുണ്ട്.[21]

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന Valentinus Appolinaristes Physis, Ousia എന്നിവയെ താദാത്മ്യപ്പെടുത്തിയിട്ടുണ്ട്.[22] കൈസര്യായിലെ യൂസേബിയോസ് (നാലാം നൂറ്റാണ്ട്) ഇവ രണ്ടിനെയും വേർതിരിച്ചു കാണുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, ഓരോ യാഥാർത്ഥ്യത്തിനും (ഉണ്മയ്ക്കും) മനസ്സിലാക്കാൻ കഴിയുന്നതും ബോദ്ധ്യമാകുന്നതുമായ ഒരു വശമുണ്ട്. എന്നാൽ physis എന്നത് ഗ്രഹിക്കാനാവുന്നതും അമൂർത്തവുമാണ്. Ousia ആകട്ടെ, പരിണാമത്തിലും, നശ്വരതയിലും കാണുന്ന ഒരു പ്രത്യേക അസ്തിത്വമാണ്; അത് സ്ഥൂലവുമാണ്.[23] Valentinus തത്വശാസ്ത്രപരമായ അനുഭവജ്ഞാനമുള്ള ആളായിരുന്നില്ല. കാരണം, ക്രിസ്തീയ ഗ്രന്ഥകാരന്മാർ ദൈവത്തിന്റെ സാരാംശത്തെപ്പറ്റി (ഉണ്മ) പറയുമ്പോൾ, അത് പരിണാമത്തിനും നശ്വരതയ്ക്കും അധീനമായ ഒരു അസ്തിത്വം എന്നു വിവക്ഷിക്കുന്നില്ല. കുറച്ചു വർഷങ്ങൾക്കു ശേഷം, നിസ്സായിലെ ഗ്രീഗോറിയോസ്, 'പ്രകൃതി' എന്നതിന് ന്യായീകരിക്കത്തക്കതായ ഒരു നിർവ്വചനം നൽകിയിട്ടുണ്ട്: അതായത്, 'യാതൊന്നിലാണോ ജീവികളുടെ നിലനില്പ് (സത്ത) ഗ്രഹിക്കപ്പെടുന്നത്, അതാണ് പ്രകൃതി അഥവാ physis.[24] എന്നാൽ ഇവിടെയും അദ്ദേഹം ദൈവത്തിന്റെ ഉണ്മ (Ousia) യെപ്പറ്റിയല്ല പരാമർശിക്കുന്നത്, കാരണം അത് ഗ്രഹണാതീതമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ മതം. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന St. Maximus the Confessor ഇതേ വ്യാഖ്യാനമാണ് നൽകിയിരിക്കുന്നത്. 'പിതൃവിജ്ഞാനീയത്തിൽ physis, Ousia എന്നിവ സാമ്യമുള്ളതും, പൊതുവായ അർത്ഥതലങ്ങൾ ഉള്ളതുമാണ്.'

ഏഴാം ശതകത്തിന്റെ അവസാനമായപ്പോഴേയ്ക്കും physis എന്ന തത്വത്തിന് കുറേക്കൂടെ വ്യക്തതയുണ്ടായി. അത്, 'തിരിച്ചറിയാൻ പറ്റുന്ന പ്രത്യേകതകളുള്ള വ്യക്തിയുടെയോ വസ്തുക്കളുടെയോ ഒരു ഗണമാണ്' എന്നു വ്യാഖ്യാനിക്കപ്പെട്ടു; അതേസമയം, Ousia എന്നാൽ 'സാമാന്യമായ സത്ത' എന്നു മാത്രം. John of Damascus-ന്റെ അഭിപ്രായത്തിൽ, ക്രിസ്തേതരരായ ചില തത്വചിന്തകന്മാർ, physis, Ousia എന്നിവയ്ക്ക് വ്യത്യസ്ത അർത്ഥങ്ങൾ കല്പിക്കുന്നുണ്ട്: അതായത് Ousia എന്നാൽ 'ലളിതമായ സത്ത', physis ആകട്ടെ, 'സത്തയുടെ ഒരു രീതി അഥവാ ക്രമം.' അതുവഴി ജീവികളെ (സത്തയെ) വർഗ്ഗങ്ങളായും രീതികളായും തരംതിരിക്കാൻ കഴിയുന്നു.[26]

5. യഥാർത്ഥത്തിൽ ഉണ്മയായവനും, കേവലം സത്തയായവയും

യവന പുറജാതി തത്വസംഹിതയിൽ "മുഴുവനായ" (നിശ്ശേഷമായ) എന്ന പദം പ്രപഞ്ചത്തെക്കുറിക്കുവാൻ ഉപയോഗിച്ചിരുന്നു. 'എല്ലാം' എന്നത് അതിന്റെ വൈവിദ്ധ്യത്തെ കാണിക്കുവാൻ അപൂർവ്വമായേ പ്രയോഗിച്ചിരുന്നുള്ളു.[28] എങ്കിലും നാലാം നൂറ്റാണ്ടിലെ യവന സഭാപിതാക്കന്മാർ അതിന്റെ അർത്ഥം ദ്യോതിപ്പിക്കാൻ ബഹുവചനമാണ് ഉപയോഗിച്ചിരുന്നത്. അതിന്റെ ഒരു കാരണം, മനുഷ്യന്റെ പാപത്തിൽ പങ്കാളിയായ ലോകത്തിന് ഒരു സമ്പൂർണ്ണ ഏകത്വം നല്കാൻ പിതാക്കന്മാർ മടിച്ചിരുന്നു. മറ്റൊന്ന്, 'ഏകം' എന്നത് 'യഥാർത്ഥത്തിൽ ഉള്ളവൻ' എന്ന അർത്ഥത്തിൽ ഏകവചനമായി, ദൈവത്തെക്കുറിക്കുന്നതായി ഉപയോഗിച്ചു.

വൈവിദ്ധ്യമുള്ള ലോകവും, ഏകമായ ദൈവവും തമ്മിലുള്ള ബന്ധത്തെ പിതൃവിജ്ഞാനീയത്തിൽ എത്രയും പരിഷ്കൃതവും ന്യായയുക്തവുമായ രീതിയിലാണ് കാണുന്നത്. ആധുനിക കാലത്ത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള താറുമാറായ ബന്ധത്തെ ശരിയാക്കാനുള്ള ശ്രമങ്ങളിൽ ഈ രണ്ടു ഗണങ്ങളെ മാത്രമെ ഉപയോഗിക്കുന്നുള്ളു എന്നത് തത്വശാസ്ത്രപരമായി വിലയിരുത്തുമ്പോൾ, കഴമ്പുള്ളതായി കാണുന്നില്ല. ഇതിനെക്കാൾ ഗുരുത്വമുള്ളത് പിതൃവിജ്ഞാനീയം നല്കുന്ന നിർദ്ദേശമാണ്. പ്ലേറ്റോ തന്നെ, യഥാർത്ഥമായ ഉണ്മയെ, 'സത്യമായി ഉള്ളവൻ' എന്നു പ്രതിപാദിച്ചിട്ടുണ്ട്.[29] ഇതല്ലാത്തത് കടന്നുപോകുന്നതും, പരിണാമവിധേയവും, നിഴലുമായ പ്രത്യേക സത്തകളാണ്. ആഥൻസിലെ അഥനഗോറസ് എന്ന ആദ്യകാല വിശ്വാസ ഏറ്റുപറച്ചിൽക്കാരൻ ദൈവത്തെപ്പറ്റി, "യഥാർത്ഥത്തിലുള്ള ഉണ്മ"എന്നും ഏകനെന്നും നന്മ പ്രസരിപ്പിക്കുന്നതിനും, സത്യം തന്നെയെന്നും പരാമർശിച്ചിട്ടുണ്ട്.[30] അലക്സാണ്ട്രിയായിലെ വി. ക്ലിമീസ് ഈശ്വരന്റെ സത്തയെ വിവരിക്കുവാൻ ഇതേ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്; അതായത്, 'അവൻ മാത്രമാണ് സത്യവും യഥാർത്ഥ ആശ്രയവും.'

യഹൂദ പാരമ്പര്യത്തിൽ ദൈവത്തെപ്പറ്റിക്കാണുന്ന, 'ഉള്ളവനും എന്ത് ഇച്ഛിക്കുന്നുവോ അത് ആകുന്നവനും' എന്ന വിശേഷണം ഇതിനോടൊത്തുപോകുന്നു.

സൃഷ്ടിക്കപ്പെട്ടതിന്റെയെല്ലാം പരിണാമവിധേയമായ സത്ത എന്നത് ഇതിൽനിന്നും വിഭിന്നമായി നില്ക്കുന്നു. "പ്രകൃതിയെ അശുദ്ധമാക്കുന്നത്" എന്ന ആശയത്തെക്കാൾ, ഉദാത്തമായ ഈ ഉൾക്കാഴ്ചയാണ്, യഹൂദ-ക്രിസ്തീയ പാരമ്പര്യത്തിൽ ദൃശ്യമാകുന്നത്. ദൈവത്തിന്റെ സത്ത അനാദ്യന്തമാണ്; സ്ഥലകാലാതീതമാണ്. ആദിയും അവസാനവുമുള്ള സൃഷ്ടസത്തയിൽനിന്നും വ്യതിരിക്തമാണിത്. സൃഷ്ടസത്തയ്ക്ക്, കാലത്തിൽ തുടക്കവും ഒടുക്കവുമുണ്ട്. സൃഷ്ടിക്ക് പരിണാമത്തിൽനിന്നു മുക്തിയില്ല; അതു തിന്മയ്ക്കു വിധേയമാകയാൽ, അത് തീർച്ചയായും വിഘടിച്ച് ഇല്ലാതെയാകും. എന്നാൽ തിന്മയെ അതിജീവിക്കുന്ന സൃഷ്ടി, പരിണാമത്തിലൂടെ, സ്രഷ്ടാവിന്റെ സത്തയായ പൂർണ്ണതയിലേക്കു നീങ്ങുന്നു. യഹൂദ-ക്രിസ്തീയ പാരമ്പര്യത്തിൽ ദൈവ-മനുഷ്യ ബന്ധത്തെ പുരസ്കരിച്ചുള്ള ഉൾക്കാഴ്ചയെ വിശദമായി ചർച്ച ചെയ്യാൻ ഇവിടെ സാദ്ധ്യമല്ലാത്തതിനാൽ, നമ്മുടെ പഠനം, നിസ്സായിലെ ഗ്രീഗോറിയോസ് മറ്റു ചില പിതാക്കന്മാർ എന്നിവരിലേക്കു കേന്ദ്രീകരിക്കാം. എങ്കിലും ആദ്യം, പില്ക്കാല പാശ്ചാത്യ പാരമ്പര്യത്തിന്റെ ചില പ്രത്യേകതകളെ ചുരുക്കമായി പരിഗണിക്കാം.

മേൽ പരാമർശിക്കപ്പെട്ടവയിൽ നിന്നുള്ള ചില പ്രാഥമിക നിരീക്ഷണങ്ങൾ ഇവയാണ്:

a) 'പ്രകൃതി' എന്നാൽ മനുഷ്യൻ ഒഴികെയുള്ള പ്രപഞ്ചം എന്ന ആശയത്തിന്റെ ഉത്ഭവം ഭാരതീയ-യവന ചിന്തയിലാണ്. ദൈവശരണബോദ്ധ്യം നഷ്ടമായി, അന്യവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിലാണ് അത് പ്രാമണ്യം നേടിയിരിക്കുന്നത്.

b) സാങ്കേതിക വിദ്യാധിഷ്ഠിതമായ ഒരു സംസ്കാരത്തിന്റെ നേർക്കുള്ള എതിർപ്പ്, പ്രകൃതിയോടുള്ള കാല്പനിക ഐക്യത്തിലേക്കാണ് നയിക്കുന്നതെങ്കിൽ, അത് നിഷ്ഫലമാണ്. കാരണം പാശ്ചാത്യ ക്രിസ്തീയ പാരമ്പര്യം പോലും ഈശ്വര കേന്ദ്രീകൃതമായ ഒരു മൂലതത്വത്തെ മുറുകെപ്പിടിക്കുന്നുണ്ട്.

c) യഹൂദ-ക്രിസ്തീയ പാരമ്പര്യത്തിൽ, പ്രകൃതിയെ അവിശുദ്ധീകരിക്കുന്ന ഒരു പ്രക്രിയയും കാണുന്നില്ല. കാരണം 'മനുഷ്യത്വമില്ലാത്ത' പ്രകൃതി എന്ന ചിന്ത അതിന് അജ്ഞാതമാണ്. മാത്രമല്ല, പ്രകൃതി ദൈവമല്ല; ഒരു സൃഷ്ട യാഥാർത്ഥ്യം മാത്രം, ആകയാൽ "ദിവ്യവു"മല്ല. (തുടരും)

സഭാചരിത്രം

അതിജീവനത്തിന്റെ നൂറ്റാണ്ടുകൾ - 11

മുടക്കും മൂറോനും വീണ്ടുമെടുത്തു വീശുമ്പോൾ

ഡോ. എം. കുര്യൻ തോമസ്

നാല്പത്തിയഞ്ചു വർഷം മുമ്പ്, കൃത്യമായി പറഞ്ഞാൽ 1975 ഓഗസ്റ്റ് 21-ന്, അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് മലങ്കരയിൽ ഒരു ബോംബ് പൊട്ടിച്ചു. അന്നേദിവസമാണ് പാത്രിയർക്കീസ് തന്റെ 360/75-ാം നമ്പർ കല്പനപ്രകാരം പൗരസ്ത്യ കാതോലിക്കാ പ. ബസേലിയോസ് ഔഗേൻ പ്രഥമനെ മുടക്കിയത്. അന്നേദിവസം തന്നെ പൗരസ്ത്യ കാതോലിക്കേറ്റിൽ ഉൾപ്പെട്ട മെത്രാന്മാരെയും അദ്ദേഹം മുടക്കി. സൃഷ്ടിച്ചവർ ബോംബെന്നു ഭാവിച്ച മുടക്ക്, വെറും നനഞ്ഞ പടക്കമാണന്നു നാല്പത്തിയഞ്ചു വർഷങ്ങൾക്ക് ശേഷം 2020 ഓഗസ്റ്റ് 20-ന് വീണ്ടും തെളിയിച്ചു. അന്നാണ് *യാക്കോബായ സഭയുടെ പ്രാദേശിക സുന്നഹദോസ്* ആ മുടക്ക് നടപ്പിൽ വരുത്തിയത്!

സിറിയയിലെ ഡമാസ്ക്കസിൽവെച്ചു 1975 ജൂൺ 16-ാം തീയതി മുതൽ 20-ാം നടന്ന സുന്നഹദോസിന്റെ തീരുമാനപ്രകാരമാണത്രെ അന്ന് ഔഗേൻ പ്രഥമനേയും മേല്പട്ടക്കാരെയും പാത്രിയർക്കീസ് മുടക്കിയത്. കേവലം 12 പേർ മാത്രം പങ്കെടുത്ത ഈ സുന്നഹദോസിനെ *ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്* എന്നാണ് മുടക്കു കല്പനയിൽ വിശേഷിപ്പിച്ചിരിക്കുന്നത്! എന്നാൽ അക്കാലത്തുപോലും മലങ്കരസഭ ഈ വിശ്വാമിത്ര സൃഷ്ടിക്ക് അതെഴുതിയ കടലാസിന്റെ വില പോലും കല്പിച്ചിരുന്നില്ല.

വിചിത്രവും രസകരവുമായ കാരണങ്ങൾ നിരത്തി പുറപ്പെടുവിച്ച മുടക്ക്, രണ്ടാം സമുദായക്കേസിൽ സുപ്രീം കോടതിയുടെ വിശദമായ പരിശോധനയ്ക്കു വിധേയമായി. മുടക്കിനു നിരത്തിയ കാരണങ്ങളെയും നടപടികളേയും തലനാരിഴകീറി പരിശോധിച്ച ശേഷം 1995 ജൂൺ 20-ന് സുപ്രീംകോടതി മൂന്നംഗ ബഞ്ച് പുറപ്പെടുവിച്ച വിധിയിലെ ജസ്റ്റീസ് ബി. പി. ജീവൻ റെഡ്ഡി, ജസ്റ്റീസ് സുഹാസ് സി. സെൻ എന്നിവരെഴുതിയ ഭൂരിപക്ഷ വിധിയിലെ മുടക്കിനേപ്പറ്റിയുള്ള തീർപ്പ് ശ്രദ്ധയമാണ്.

> ... ഞങ്ങളുടെ അഭിപ്രായത്തിൽ എല്ലാ ആരോപണങ്ങളും, എതു നിലയ്ക്കും മുടക്കിന് അടിസ്ഥാനമാക്കിയിട്ടുള്ള പ്രധാന ആരോപണങ്ങൾ നിലവിലില്ലാത്തതും, അവ മുടക്കിനുള്ള നിയമാനുസൃത കാരണങ്ങളായി തീരുന്നതല്ലാത്തതുമാകുന്നു. അതനുസരിച്ച് കാതോലിക്കായുടെ മുടക്ക് സാധുവും നിയമാനുസൃതവുമല്ലന്ന് തീരുമാനിച്ചു കൊള്ളുന്നു...

അവിടെ തീർന്നു പരിശുദ്ധ മുടക്കിന്റെ കഥ! അവിടെയും അവസാനിക്കുന്നില്ല. 2019 സെപ്റ്റംബർ 27-ന് അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ്, *ഹിസ് ഹോളിനസ് മോർ ബസേലിയോസ് പൗലൂസ്, കാതോലിക്കോസ്*" (H. H. Mor Baselios Paulose, Catholicos) എന്ന് അഭിസം ബോധന ചെയ്തുകൊണ്ടെഴുതിയ EI 62/19 നമ്പർ കത്തിൽ മൂന്നാമത്തെ വസ്തുതയായി, *...അധികാരത്തിലിരുന്ന നമ്മുടെ മുൻഗാമികൾ 1958 -ലേയും 1995-ലേയും ഇന്ത്യയുടെ പരമോന്നത കോടതിയുടെ ഉത്തരവുകളെ പരസ്യമായി അംഗീകരിച്ചിട്ടുള്ളതാണ്...* (... 3. Our predecessors in office had openly accepted Judgements of Apex Court of India of 1958 and 1995...) എന്നു വ്യക്തമാക്കുന്നു. അതിനർത്ഥം 1995-ലെ വിധിക്കുശേഷം അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ഈവാസ് പാത്രിയർക്കീസു തന്നെ 1975-ലെ മുടക്ക് അസാധുവാണന്ന് അംഗീകരിച്ചിരുന്നു! അകാനോനികമായ മുടക്ക്, മുടക്കിയ പാത്രിയർക്കീസിന്റെ പിൻഗാമി തന്നെ അസാധുവാണന്ന് പ്രഖ്യാപിച്ചശേഷം 25 വർഷംകൂടി കഴിഞ്ഞ് *യാക്കോബായ സഭയുടെ പ്രാദേശിക സുന്നഹദോസ്* നടപ്പിലാക്കിയത് ഏതു കാനോൻ നിയമപ്രകാരമാണെന്നു കൂടി വിശദീകരിക്കേണ്ടതായിരുന്നു.

ഇതു കൂടാതെതന്നെ 2020-ലെ *മുടക്കുനടത്തിപ്പ്* കുറെയേറെ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. അവയിലേയ്ക്ക് കടക്കുംമുമ്പ് 1975 ഓഗസ്റ്റ് 21-ന് 360/75-ാം നമ്പറായി അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് പുറപ്പെടുവിച്ച മുടക്കു കല്പനയിലെ പ്രസക്തഭാഗം പരിശോധിക്കാം.

> ... വീണ്ടും നാം പ്രഖ്യാപിക്കുന്നതെന്തെന്നാൽ - നിങ്ങൾ സഭയുടെ സംസർഗ്ഗത്തിൽ നിന്നും സ്വയം അന്യനായിരിക്കുകയാലും എല്ലാവിധ അധികാരങ്ങളിൽ നിന്നും സ്ഥാനമാനങ്ങളിൽ നിന്നും പദവികളിൽ നിന്നും അവകാശങ്ങളിൽ നിന്നും ഉരിയപ്പെട്ടിരിക്കുകയാലും നിങ്ങൾ സഭയുടെ ഒരംഗം അല്ലാതായിരിക്കുന്നു. സഭയിൽ എന്തെങ്കിലും ചുമതല വഹിക്കുവാൻ ഒരു സഭാംഗത്തിനുള്ള അധികാരാവകാശങ്ങൾ നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഇനി മേലാൽ സുറിയാനി ഓർത്തഡോക്സ് സഭയിൽപെട്ട ഏതെങ്കിലും പള്ളികളിലോ ചാപ്പലുകളിലോ മറ്റ് സ്ഥാപനങ്ങളിലോ പ്രവേശിക്കുവാനോ മതപരമായ ശുശ്രൂഷകളോ പ്രാർത്ഥനകളോ ആരാധനയോ നടത്തുവാനോ നിങ്ങൾക്കു യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ല.
>
> മതപരമായ കർമങ്ങളിലോ പ്രാർത്ഥനകളിലോ കൂദാശകളിലോ ആരാധനയിലോ നിങ്ങളോടു കൂടി സംബന്ധിക്കുകയോ സഹകരിക്കുകയോ ചെയ്യുന്ന മെത്രാപ്പോലീത്താമാരോ വൈദികരോ അത്മായക്കാരോ ആയ എല്ലാ ആളുകളും വി. സഭയുടെ സംസർഗ്ഗത്തിനുള്ള അർഹത സ്വയം നഷ്ടപ്പെടുത്തിയ വിശ്വാസത്യാഗികളും സഭയ്ക്ക് അന്യന്മാരുമായി പരിഗണിക്കപ്പെടുന്നതാണെന്നും നാം പ്രഖ്യാപിക്കുന്നു...

പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലൂസ് ദ്വിതീയൻ മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽനിന്നും 1975 ഒക്ടോബർ 15-ന് *മലങ്കരസഭയിലെ സത്യവിശ്വാസികളുടെ അറിവിലേയ്ക്കായി* പ്രസിദ്ധീകരിച്ച ഈ ശരി തർജ്ജമ അനുസരിച്ചാണെങ്കിൽ പാത്രിയർക്കീസിന്റ മുടക്ക് ഉടൻ പ്രാബല്യത്തിൽ വന്നതും അന്നുമുതൽ നിലവിലിരിക്കുന്നതുമാണ്.

ഇനി സംശയങ്ങളിലേയ്ക്ക്.

1. തൽക്ഷണ പ്രാബല്യത്തോടുകൂടി അന്ത്യോഖ്യാ പാത്രിയർക്കീസ് പുറപ്പെടുവിച്ച മുടക്കു കൽപ്പന 45 വർഷങ്ങൾക്കുശേഷം പ്രാബല്യത്തിൽ വരുത്തുന്നത് എന്തിന്? മുമ്പ് എന്നെങ്കിലും ഈ *ഉടക്ക്* പിൻവലിയ്ക്കുകയോ മരവിപ്പിക്കുകയോ ചെയ്തതായി അറിവില്ല.

2. *ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്* തീരുമാനപ്രകാരം പാത്രിയർക്കിസ് അയച്ച മുടക്കുകല്പന നടപ്പിലാക്കാനോ, മരവിപ്പിക്കാനോ, പിൻവലിയ്ക്കാനോ യാക്കോബായ സഭയുടെ ഇന്ത്യയിലെ പ്രാദേശിക സുന്നഹദോസിന് അധികാരമുണ്ടോ? 1975-ൽ മുടക്കു നടത്തുമ്പോൾ ഈ പ്രാദേശിക സുന്നഹദോസ് നിലവിലില്ലായിരുന്നു എന്നു മാത്രമല്ല, അവരെ പ്രത്യക്ഷമായോ പരോക്ഷമായോ അധികാരപ്പെടുത്തുന്ന സൂചനകളൊന്നും കല്പനയിൽ കാണുന്നുമില്ല.

3. 1995-ൽ ഇന്ത്യൻ സുപ്രീം കോടതി അസാധുവാക്കിയ മുടക്ക് വീണ്ടും പ്രാബല്യത്തിൽ വരുത്തുക എന്നത് കോടതിയലക്ഷ്യമല്ലേ? കോടതി വിധി അംഗീകരിക്കില്ല എന്നു മാത്രം പറയരുത്. പിന്നെന്തിനു വീണ്ടുംവീണ്ടും കോടതിയിൽ പോകുന്നു എന്ന മറുചോദ്യമുയരാം. മാത്രമല്ല, ഈ കോടതി വിധി പാത്രിയർക്കീസ് അംഗീകരിച്ചതുമാണ്.

4. 1995-ൽ അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് തന്നെ 1995-ലെ സുപ്രീം കോടതി വിധി അംഗീകരിച്ചതിലൂടെ പരോക്ഷമായി പിൻവലിച്ച 1975-ലെ മുടക്ക് വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവരാൻ *മെത്രാപ്പോലീത്തൻ*

ട്രസ്റ്റി അദ്ധ്യക്ഷനായ യാക്കോബായ സഭയുടെ ഇന്ത്യയിലെ പ്രാദേശിക സുന്നഹദോസിന് അധികാരമുണ്ടോ? അതിന് ഇപ്പോഴത്തെ പാത്രിയർക്കീസ് അനുവാദമോ അംഗീകാരമോ നൽകിയിട്ടുണ്ടോ?

5. 1975 ഓഗസ്റ്റ് 21-ന് പാത്രിയർക്കീസ് പുറപ്പെടുവിച്ച മുടക്ക് 45 വർഷങ്ങൾക്കു ശേഷം 2020 ഓഗസ്റ്റ് 20-നാണ് പ്രാദേശിക സുന്നഹദോസ് പ്രാബല്യത്തിലാക്കിയത്. ആ തീയതിയ്ക്ക് എന്തെങ്കിലും പ്രാധാന്യമുണ്ടോ? അതോ തലേന്ന് മെത്രാപ്പോലീത്തൻ ട്രസ്റ്റിയുടെ ഇടവകയായ മുളന്തുരുത്തിപ്പള്ളി, കോടതി വിധിപ്രകാരം റവന്യൂ അധികൃതർ കസ്റ്റഡിയിലെടുത്ത് കോടതി നിയന്ത്രണത്തി ലാക്കിയതിന്റെ പ്രതികരണമോ?

6. 2020-ലെ മുടക്കുനടത്തലിന് മുൻകാല പ്രാബല്യം ഉണ്ടോ? ഉണ്ടങ്കിൽ എന്നുവരെ? അതോ 2020 ഓഗസ്റ്റ് 20 മുതൽ മാത്രമേ ഉള്ളോ?

ചോദ്യങ്ങൾ അപ്രകാരം നിൽക്കട്ടെ. വ്യക്തമായ മറുപടികൾ ഉണ്ടെങ്കിൽ മാത്രം പറഞ്ഞാൽ മതി. പക്ഷേ ഈ *മുടക്കുനടത്തലിന്റെ* അനന്തരഫലങ്ങൾ പ്രാദേശിക സുന്നഹദോസിന്റെ സെക്രട്ടറി അന്നു നടത്തിയ പത്രസമ്മേളനത്തിൽ വിശദീകരിച്ചു. *ഓർത്തഡോക്സ് സഭ* എന്നു മലങ്കരസഭയെ വിശേഷിപ്പിക്കാൻ സമീപകാലത്തുണ്ടായ വൈഷമ്യം മൂലമാകാം. 1958-ന് മുമ്പ് ഉപയോഗിച്ചിരുന്നതും പിന്നീട് പ്രചാരലുപ്തമായതുമായ *മെത്രാൻകക്ഷി* എന്നു സുന്നഹദോസ് സെക്രട്ടറി വിശേഷിപ്പിച്ചത്. അതു പോകട്ടെ. പത്രസമ്മേളനത്തിന്റെ കാതലായ ഭാഗം ഇപ്രകാരം സംഗ്രഹിക്കാം.

1. ഇനി മുതൽ മലങ്കരസഭയിൽനിന്നും വിവാഹത്തിനായി വരുന്ന വധുക്കളെ മൂറോനഭിഷേകം നടത്തി മാത്രമേ സ്വീകരിയ്ക്കു.

2. മലങ്കരസഭയിലേയ്ക്കു ദേശകുറി നൽകില്ല.

3. മലങ്കരസഭയിൽ മാമോദീസാ മുങ്ങേണ്ടിവരുന്ന കുട്ടികളെ മൂറോൻ പൂശി മാത്രമേ സ്വീകരിയ്ക്കു.

4. മലങ്കരസഭയിലെ വൈദീകരെ പ്രാർത്ഥനകളിലും കൂദാശകളിലും സഹകരിപ്പിയ്ക്കില്ല.

ചുരുക്കത്തിൽ, വി. മൂറോൻ ആണ് മുടക്കുനടത്തിപ്പിന്റെ കാതൽ എന്നു വ്യക്തം. അതാകട്ടെ തീക്കളിയും. 1911-ൽ രൂപംകൊണ്ട മുൻ ബാവാ - പാത്രിയർക്കീസ് - കക്ഷിയിലെ മുൻ വൈദികാദ്ധ്യക്ഷന്മാരാരും *കളിയ്ക്കാൻ* ഭയപ്പെട്ടതും തയാറാകാഞ്ഞതുമായ കളിയും.

1932-ലാണ് ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ആദ്യമായി മൂറോൻ കൂദാശ ചെയ്തത്. പിന്നീട് 1951-ലും അദ്ദേഹം മൂറോൻ കൂദാശ നടത്തി. 1932-ൽ മൂറോൻ കൂദാശ ചെയ്തപ്പോൾ സ്വദേശിയാൽ കൂദാശ ചെയ്യപ്പെടുന്ന സ്വദേശി മൂറോൻ എന്ന നിലയിൽ *ഖദർ മൂറോൻ* എന്ന് ചിലർ പരിഹസിച്ചെങ്കിലും 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനാലാവണം 1951-ൽ അദ്ദേഹം വീണ്ടും കൂദാശ ചെയ്തപ്പോൾ അതുണ്ടായില്ല. പക്ഷേ ഇക്കാലത്തൊന്നും അന്നത്തെ പാത്രിയർക്കീസ് കക്ഷി നേതാക്കൾ മൂറോൻ കൂദാശയ്ക്കുള്ള അധികാരം പാത്രിയർക്കീസിനു മാത്രമാണെന്ന് ഘോരഘോരം വാദിയ്ക്കുമ്പോൾത്തന്നെ ഈ മൂറോനെ അവമതിയ്ക്കുകയോ നിരാകരിക്കുകയോ ചെയ്തില്ല. ഒരു വധുവിനെയും ശിശുവിനെയും രണ്ടാമത് മൂറോൻ പൂശുകയും ചെയ്തില്ല. *ബസേലിയോസ് കാതോലിക്കാ എന്നു വിളിയ്ക്കുന്ന പുന്നൂസ് അവർകൾ* എന്നു പേരുചേർത്ത് ഒന്നാം പ്രതിയാക്കി സമുദായക്കേസ് ഫയൽ ചെയ്ത *ആലുവായിലെ വലിയ തിരുമേനി* എന്നറിയപ്പെടുന്ന കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് പോലും അതിനു മുതിർന്നില്ല. അവർക്കു കാനോൻ അറിയാമായിരുന്നു. ദൈവഭയവും ഉണ്ടായിരുന്നു.

1958-ൽ മലങ്കരസഭാ സമാധാനം ഉണ്ടായ ശേഷം മലങ്കരസഭയിൽ ഉപയോഗിച്ചു വന്നിരുന്നത് 1951-ൽ ഗീവർഗീസ് ദ്വിതീയൻ കൂദാശ ചെയ്ത മൂറോനായിരുന്നു. 1967-ൽ ബസേലിയോസ് ഔഗേൻ പ്രഥമൻ മൂറോൻ കൂദാശ നടത്തി. മുൻ യാക്കോബായ വിഭാഗത്തിലെ പല മെത്രാന്മാരും അവരുടെ സഹോദരങ്ങളും അനേകം കത്തനാരുമാരും ഈ മൂറോനാൽ അഭിഷേകം ചെയ്യപ്പെട്ടതാണ് എന്ന ചിലരുടെ വാദം കൂടി ഇവിടെ പരിഗണിയ്ക്കാം.

1967-ൽ കൂദാശ ചെയ്ത മൂറോനാണ് 1975-ൽ മുടക്കുമ്പോൾ മലങ്കരയിൽ ഉപയോഗത്തിലുള്ളത്. 1975-ൽ മുടക്കിനു മുമ്പ് ആ മൂറോൻ തീർച്ചയായും സാധുവായിരുന്നു എന്ന് മുൻ യാക്കോബായ പക്ഷത്തിനു സമ്മതിക്കാതെ തരമില്ല. കാരണം 1967-ലെ മൂറോൻ കൂദാശയ്ക്ക് അന്നത്തെ പാത്രിയർക്കീസ് ആശംസാ കല്പനപോലും അയച്ചിരുന്നു. 1975-നു ശേഷം ആ മൂറോന്റെ സ്ഥിതി എന്തായി? അതിന്റെ *നൽവരവും* കാതോലിക്കായുടേയും മെത്രാന്മാരുടേയും പട്ടത്വത്തിന്റെ കൂടെ മുടക്കു കല്പനയാൽ ഉരിയപ്പെട്ടോ?

ഇനി മറ്റൊരു കൂട്ടരുണ്ട്. 1995-2002 കാലത്ത് മലങ്കരസഭയുടെ കുടക്കീഴിലേയ്ക്കു മടങ്ങിയ മുൻ യാക്കോബായ വിഭാഗക്കാർ. ഈ കാലഘട്ടത്തിൽ ജനിച്ച പെൺകുട്ടികളൊക്കയും 18-25 എന്ന ഒത്ത വിവാഹ പ്രായത്തിൽ നിൽക്കുകയാണ്. അവരിൽ ഭൂരിപക്ഷത്തേയും സ്വാഭാവികമായും അഭിഷേകം ചെയ്തിരിക്കുന്നത് 1982-ൽ സഖാ പ്രഥമൻ പാത്രിയർക്കീസ് കൂദാശ ചെയ്ത മൂറോൻ കൊണ്ടാണ്. അവരെ എന്തുചെയ്യും? വീണ്ടും മൂറോൻ പൂശുമോ ഇല്ലയോ? പൂശുമെങ്കിൽ മലങ്കരസഭയിലേയ്ക്ക് മടങ്ങിയതിനാൽ അവരെ (അവരെ മാത്രം) അഭിഷേകം ചെയ്തപ്പോൾ സഖാ പ്രഥമൻ പാത്രിയർക്കീസ് കൂദാശ ചെയ്ത മൂറോൻ, ഇപ്പോൾ മുൻ യാക്കോബായ വിഭാഗത്തിലെ ചിലർ വിശേഷിപ്പിക്കുന്നതുപോലെ, *കാച്ചിയ എണ്ണ* മാത്രമായോ?

ദേശകുറിയുടെ കാര്യം. ഇന്ന് മുൻ യാക്കോബായ വിഭാഗത്തിലെ ഒരു പട്ടക്കാരനും നൽകുന്ന ദേശകുറിക്ക് നിയമസാധുതയില്ല. കാരണം നിയമാനുസൃതമായി നിയമിക്കപ്പെട്ട വികാരിക്കു മാത്രമാണ് ദേശകുറി നൽകാൻ അധികാരം. ദേശകുറി നിഷേധിക്കപ്പെട്ട ആരെങ്കിലും കോടതിയെ സമീപിക്കു കയോ, മലങ്കരസഭ ആ പള്ളിയുടെ നിയമാനുസൃത വികാരിയായി നിയമിക്കപ്പെട്ടിരിക്കുന്ന പട്ടക്കാരന്റെ കൈയ്യിൽനിന്നും ദേശകുറി വാങ്ങിക്കുകയോ ചെയ്താൽ? ഇടവകയ്ക്കു വിവാഹവരുമാനനഷ്ടം ആവും ആത്യന്തികഫലം. ഇനി നിയമാനുസൃത വികാരിയുടെ ദേശകുറി വേണമെന്നു മലങ്കരസഭ നിർബന്ധം പിടിച്ചാലോ? പ്രാദേശിക സുന്നഹദോസിന്റെ തീരുമാനം ഗോപി!

കാനോനികവും സാധുവുമായ മാമോദീസ മുങ്ങി മൂറോനഭിഷേകം പ്രാപിക്കാത്ത ഒരാൾക്കും യാതൊരു കൂദാശയും നൽകാൻ ഓർത്തഡോക്സ് സഭകൾ അനുവദിയ്ക്കുന്നില്ല. ഔഗേൻ പ്രഥമൻ കൂദാശ ചെയ്ത മൂറോന് തകരാറില്ലന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെ 1977-ൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ മൂറോൻ കൂദാശ ചെയ്തു. ആ സംഭവം കഴിഞ്ഞിട്ട് 43 വർഷമായി. ആ മൂറോനാൽ അഭിഷേകം ചെയ്യപ്പെട്ടവർക്ക് മുൻ യാക്കോബായ പക്ഷത്തിന്റെ വാദപ്രകാരമാണങ്കിൽ വി. കുർബാന, വിവാഹം, പട്ടത്വം ആദിയായി യാതൊരു കൂദാശയും നൽകാൻ പാടില്ല! 1977-നടുത്ത് ഈ മൂറോൻ സ്വീകരിച്ചവർക്ക് മക്കളും ഒരു പക്ഷേ കൊച്ചുമക്കളും ആവാൻ സമയമായി. അത്തരം എത്ര ആയിരങ്ങൾക്ക് ഇക്കാലത്തിനിടയിൽ മുൻ യാക്കോബായ പക്ഷത്തെ മേല്പട്ടക്കാരും പട്ടക്കാരും സകലമാന കൂദാശകളും നൽകിയിട്ടുണ്ട്? 1975-ലെ മുടക്കു കല്പന അവലംബിച്ചാൽ ഇപ്രകാരം ...*സംബന്ധിക്കുകയോ സഹകരിക്കുകയോ ചെയ്യുന്ന മെത്രാപ്പോ ലീത്താമാരോ വൈദികരോ അത്മായക്കാരോ ആയ എല്ലാ ആളുകളും വി. സഭയുടെ സംസർഗ്ഗത്തിനുള്ള അർഹത സ്വയം നഷ്ടപ്പെടുത്തിയ വിശ്വാസത്യാഗികളും സഭയ്ക്ക് അന്യന്മാരുമായി പരിഗണിക്കപ്പെടുന്നതാണെന്നും....* പാത്രിയർക്കീസ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ ഈ വൈദികരുടെ കാര്യം എങ്ങിനെയാവും?

ദേവാലയ ശുശ്രൂഷകൾ പോകട്ടെ, ഇതേ കാരണത്താൽത്തന്നെ സ്വന്തം സ്വന്ത-ബന്ധുജനങ്ങളാണെങ്കിലും മലങ്കരസഭാംഗങ്ങളുടെ ഭവനങ്ങളിൽ നടക്കുന്ന ഭവനകൂദാശ, മരണാനന്തര കർമ്മങ്ങൾ മുതലായവയിൽ പങ്കെടുക്കുന്ന മുൻ യാക്കോബായ പക്ഷത്തെ മേല്പട്ടക്കാരും പട്ടക്കാരും കുറഞ്ഞത് 2020 ഓഗസ്റ്റ് 20 മുതലെങ്കിലും *സമ്പർക്കവ്യാപനസിദ്ധാന്തപ്രകാരം* മുടക്കപ്പെട്ടവരാകില്ലേ? അതോ ഇനി അത്തരം *പോക്കുവരത്തുകൾ* ഇനി വേണ്ടന്നു വയ്ക്കുമോ?

ഇതിനൊക്കെയുള്ള ഉപശാന്തികൾ പത്രസമ്മേളനത്തിൽത്തന്നെ സുന്നഹദോസ് സെക്രട്ടറി വിശദീകരിക്കുന്നുണ്ട്. ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കരുതെന്നും, പട്ടക്കാർ വിവേചന ബുദ്ധിയോടെ ഈ തീരുമാനങ്ങൾ നടപ്പാക്കണമെന്നും, *നല്ലവരായ മെത്രാൻ കക്ഷിക്കാരുടെ കാര്യത്തിൽ* അനുഭാവപൂർവം പെരുമാറണമെന്നും ആണ് അവയുടെ രത്നച്ചുരുക്കം. ചുരുക്കത്തിൽ, *ആളും തരവും കണ്ട്* മൂറോൻ പൂശുകയോ പൂശാതിരിയ്ക്കുകയോ ചെയ്യാം. അതായത്, ചിലപ്പോഴൊക്കെ മലങ്കര സഭയുടെ മൂറോൻ സംപൂജ്യം, മറ്റു ചിലപ്പോൾ അതേ മൂറോൻ വട്ടപ്പൂജ്യം! ഇതെങ്ങനെ ശരിയാകും?

കുറെ കൈയ്യടി വാങ്ങാനും അപൂർവം ചില സ്ഥലങ്ങളിലെങ്കിലും കലഹ

ങ്ങൾ സൃഷ്ടിക്കാനുമല്ലാതെ ഈ സുന്നഹദോസ് നിശ്ചയംകൊണ്ട് മറ്റ് എന്തെങ്കിലും പ്രയോജനമുണ്ടോ? അദ്ധ്യക്ഷം വഹിച്ചവരും, പ്രസ്താവിച്ചവരും, കൈയ്യടിച്ചു പാസാക്കിയവരും ഒന്നു ചിന്തിക്കണം. 1911 മുതൽ സമീപകാലംവരെ മുൻ പാത്രിയർക്കീസ് പക്ഷത്തെ നയിച്ച മേല്പട്ടക്കാർ ഇത്തരമൊരു ഹീനപ്ര വർത്തിക്കു മുതിരുമായിരുന്നോ? ഇപ്പോഴത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് ഈ നടപടിക്കു കൂട്ടു നിൽക്കുമോ?

1975-ലെ മുടക്കിന്റെ തൃണമൂല്യം മനസിലാക്കിയ മലങ്കരസഭ അന്നും ഇന്നും ആരോടും മുടക്ക് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. മുടക്ക് അതിന്റെ സർവ തലങ്ങളിലും കാനോൻ വിരുദ്ധവും അസാധുവുമാണന്ന ആദ്യ നിലപാടിൽ ത്തന്നെ ഇന്നും മലങ്കരസഭ ഉറച്ചു നിൽക്കുകയാണ്. 1995-ലെ സുപ്രീം കോടതി ഭൂരിപക്ഷ ബഞ്ച് ഈ നിലപാട് നിരുപാധികം ശരിവെച്ചതോടെ ആ അദ്ധ്യായം അവസാനിച്ചു. പക്ഷേ ആ ശൂന്യമാക്കപ്പെട്ട (null and void) മുടക്കിന്റെ പേരിൽ ഇപ്പോൾ കാണിക്കുന്ന വിക്രിയകൾ കാണുന്ന ആരെങ്കിലും നിർദ്ദിഷ്ട സമാധാന ചർച്ചകൾക്ക് മുന്നോടിയായി അന്ത്യോഖ്യാ പാത്രിയർക്കീസ്, നിലവിലില്ലാത്ത 1975-ലെ മുടക്ക് നിരുപാധികം പിൻവലിക്കണം എന്ന് ആവശ്യപ്പെട്ടാൽ അവരെ കുറ്റം പറയനാവില്ല.

തങ്ങളെ മുടക്കിയത് പിൻവലിക്കാൻ കൂപ്പുകൈകളോടെ അപേക്ഷിക്കുകയോ മുട്ടിലിഴയുകയോ ചെയ്യാൻ തയാറാകാതെയിരുന്ന മലങ്കരസഭ, മുടക്കിനു മുമ്പുതന്നെ പാത്രിയർക്കീസിനെ പുറംതള്ളാനുള്ള ആർജ്ജവത്വം കാണിച്ചിരുന്നു. 1970 മുതൽ ഊറിക്കൂടിയ പ. മാർത്തോമ്മാശ്ലീഹായുടെ പട്ടത്വവും സിംഹാസനവും, ഡെലിഗേറ്റ് നിയമനം, *ഹിസ് ഹോളിനസ്* - ചുവന്നമഷി ഉപയോഗം, അമാലോഗിയാ മുതലായ വിഷയങ്ങൾ അപ്പോഴേയ്ക്കും തർക്ക വിതർക്കങ്ങളിലൂടെയും കത്തിടപാടുകളിലൂടെയും വഷളായിരുന്നു. ഇതിനൊക്കെ മകുടം ചാർത്തിക്കൊണ്ട് പാത്രിയർക്കീസ് ഏകപക്ഷീയമായും നിയമവിരുദ്ധമായും മലങ്കരയിൽ മെത്രാന്മാരെ വാഴിച്ചുകൂട്ടുവാൻ തുടങ്ങി. ഇതിനു പരിസമാപ്തി കുറിച്ചുകൊണ്ട് 1974 ഓഗസ്റ്റ് 3-ന് മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസിനെ നിയമാനുസൃതം പുറംതള്ളി. സുന്നഹദോസ് നിശ്ചയങ്ങളുടെ പ്രസക്തഭാഗം.

> ...മേൽ പ്രസ്താവിച്ച വസ്തുതകൾ സസൂക്ഷ്മം വിചിന്തനം ചെയ്തതിൽ, പ. യാക്കൂബ് III പാത്രിയർക്കീസ് 1958-ൽ അദ്ദേഹത്തെ മലങ്കര സഭ സ്വീകരിച്ച വ്യക്തമായ വ്യവസ്ഥകളെ അവഗണിച്ച് ആ വ്യവസ്ഥകളിൽനിന്നു പിൻമാറിയിരിക്കുന്നു എന്നും, ഏതു ഭരണ ഘടനയ്ക്ക് വിധേയമായി അദ്ദേഹം സ്വീകരിക്കപ്പെട്ടുവോ ആ മലങ്കരസഭാ ഭരണ ഘടനയിൽ അനുശാസിക്കപ്പെട്ടിട്ടുള്ള അവകാശപദവികൾ തന്നിമിത്തം സ്വയം അദ്ദേഹം നഷ്ടപ്പെടുത്തിയിരിക്കുന്നു എന്നും സുന്നഹദോസിനു ബോദ്ധ്യപ്പെടുകയും, സുന്നഹദോസ് അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുന്നു...

തള്ളപ്പെട്ടവനും ഉരിയപ്പെട്ടവനും ഇത്യാദി ആലങ്കാരിക ഭാഷയൊന്നും ഉപയോഗിച്ചിട്ടില്ലെങ്കിലും ഇത് ശരിക്കും ഒരു മുടക്കുതന്നെയായിരുന്നു. തന്റെ മോഹങ്ങൾ പൂവണിയുകയില്ലെന്നും, മലങ്കരസഭ തന്റെ ഏകാധിപത്യപരമായ പ്രവർത്തനങ്ങളെ അംഗീകരിക്കില്ലെന്നുമുള്ള തിരിച്ചറിവും, അന്ത്യോഖ്യാ പാത്രിയർക്കീസുമാർ ദിനംപ്രതിയെന്നോണം ഉപയോഗിക്കുന്ന *"മുടക്ക്"* എന്ന വജ്രായുധം തനിക്കു പരിക്കുപറ്റുംവിധം തിരികെ ഏറ്റതിലുള്ള ജ്യാള്യതയും, അതിന്റെ പ്രതികാരബുദ്ധിയുമാണ് 1975-ലെ മുടക്കിൽ കലാശിച്ചത്.

ഈ ജാള്യതയുടെ ബാക്കിപത്രമാണ് 1975 ജനുവരി 10-ന് കാതോലിക്കായെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള പാത്രിയർക്കീസിന്റെ 15/75-ാം നമ്പർ കത്ത്. കത്ത് നിരാകരിച്ചുകൊണ്ടും, ...*പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ 3-8-74 -ലെ തീരുമാനത്തിനു ശേഷം മലങ്കര ഓർത്തഡോക്സ് സുറിയാനിസഭാഭരണഘടന അങ്ങേക്കു നൽകിയിരുന്ന എല്ലാ അധികാരാവകാശങ്ങളും അങ്ങു സ്വയം നഷ്ടപ്പെടുത്തുകയും, അവ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു*... എന്ന് ഔഗേൻ പ്രഥമൻ തിരിച്ചടിക്കുകയും ചെയ്തു. തുടർന്ന് കാതോലിക്കായുടെ മറുപടി ശരിവെച്ചുകൊണ്ട് എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയം പാസാക്കുകയും, ആ വിവരം പാത്രിയർക്കീസിനെ സുന്നഹദോസ് സെക്രട്ടറി രേഖാമൂലം അറിയിക്കുകയും ചെയ്തു. ഇതിന്റെ പുറകയാണ് 1975-ലെ *തിരുമുടക്ക് എഴുന്നള്ളി വന്നത്.*

ഈ സംഭവ വികാസങ്ങളുടെ ബാക്കിപത്രമാണ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് 2019 സെപ്റ്റംബർ 27-ന് പൗരസ്ത്യ കാതോലിക്കായ്ക്ക് അയച്ച കത്തിൽ കാണുന്നത്. ആ കത്തിലെ ...*അങ്ങയുടെ മുൻ മുൻഗാമിയുടെ അദ്ധ്യക്ഷതയിൽ 1975-ൽ കൂടിയ സുന്നഹദോസിന്റെ അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള സകലബന്ധവും വിച്ഛേദിച്ചുകൊണ്ടും, അതുവഴി സ്വയം ശീർഷകത്വം പ്രഖ്യാപിച്ചുകൊണ്ടുമുള്ള തീരുമാനങ്ങൾ പരസ്യമായും വ്യക്തമായും പിൻവലിക്കണമെന്ന് അങ്ങയുടെ നല്ല മനസിനോട് നാം ആഹ്വാനം ചെയ്യുന്നു...* (...We hereby call upon your good self to openly and catagorically withdraw the decisions taken by the Synod under your erstwhile predecessor in 1975 cutting off all connections with the Patriarch of Antioch, thus declaring autocephaly...) എന്ന ഭാഗം, കേവലം തന്നെ പുറംതള്ളുന്ന 1975-ലെ മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ പിൻവലിക്കണമെന്ന അഭ്യർത്ഥന മാത്രമാണ്. ഇത്തരമൊരു അപേക്ഷ മലങ്കരസഭ ഇന്നുവരെ പുറപ്പടുവിച്ചിട്ടില്ല. പുറപ്പെടുവിക്കുകയുമില്ല. കാരണം വ്യക്തം.

വി. കുർബാന, വി. മൂറോൻ മുതലായ കൂദാശകളെ നിസാരവൽക്കരിയ്ക്കുന്നത് തീക്കൊള്ളികൊണ്ടു തലചൊറിയുന്നതിന് തുല്യമാണെന്ന് ഇത്തരം പ്രവർത്ത നങ്ങൾക്ക് ചുക്കാൻ പിടിക്കുന്നവർ മനസിലാക്കണം. ബൈസന്റൈൻ, നെസ്തോറിയ, റോമൻ കത്തോലിക്കാ എന്നീ വിശ്വാസ ഐക്യമില്ലാത്ത സഭകളുടെ മൂറോൻപോലും ഓറിയന്റൽ സഭകൾ അംഗീകരിയ്ക്കുമ്പോൾ മലങ്കരസഭയുടെ മൂറോൻ മാത്രം അവിശുദ്ധം എന്നു തട്ടിവിടുന്നത് വിശ്വാസമൊന്നുമല്ല; വെറു യുദ്ധതന്ത്രം മാത്രമാണ്. സർക്കാർ രാജ്യനിയമം നടപ്പാക്കുമ്പോൾ അതിനു ആൾക്കൂട്ടത്തെ ഇളക്കിവിട്ട് തടയിടാനുള്ള ശ്രമത്തിൽ ഖുറാനും മൂറോനുമൊക്കെ ആയുധമാക്കുന്നവർ ആസന്നഭാവിയിൽ അതു തിരിച്ചടിക്കുമെന്നു കൂടി തിരിച്ചറിയണം.

1665-ൽ മലങ്കരയിലെത്തി വടക്കൻപറവൂർ മാർത്തൊമ്മൻ പള്ളിയിൽ കബറങ്ങിയ യേറുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ്, 1668 കുംഭം 5-ന് പറവൂർ, കണ്ടനാട്, മുളന്തുരുത്തി പള്ളികളിലെ പട്ടക്കാർക്ക് അയച്ച കൽപ്പനയിലെ ഒരു ഭാഗം ഇവിടെ പ്രസക്തമാണ്. റോമാ സഭയിലൂടെയല്ലാതെ രക്ഷയില്ലാ എന്ന റോമൻ വാദത്തെ ഖണ്ഡിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു:

> ... ഈ ഇടവകയിലെ അസംഖ്യം മെത്രാന്മാരും, പട്ടക്കാരും, ശെമ്മാശന്മാരും, സ്ത്രീപുരുഷന്മാരും (മാർത്തോമ്മാ ശ്ലീഹാ മുതൽ) ആയിരത്തി അറുന്നൂറു കൊല്ലങ്ങൾക്കിടയിൽ മരിച്ചുപോയിട്ടുണ്ട്. അവരെല്ലാവരും നരകത്തിന് അവകാശികളായിപോയെന്ന് നിങ്ങൾ വിചാരിക്കുന്നുവൊ? ഒരിക്കലുമില്ല. അങ്ങനെ പറയുന്നവർ ദൈവദൂഷകന്മാരാകുന്നു. അവരിൽ പിശാചു വസിക്കുന്നു...

മുടക്കും മൂറോനും എടുത്തു ആയുധമാക്കി തലങ്ങുംവിലങ്ങും വീശുന്ന മുൻ യാക്കോബായ വിഭാഗം നേതൃത്വത്തിനുള്ള ഏറ്റവും പ്രസക്തമായ ഉപദേശം അബ്ദൽ ജലീദ് ബാവായുടെ ഈ സന്ദേശമാണ്. ❑

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ: ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് പരാതി നൽകാം

എറണാകുളം: ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയുക്തനായ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് മുന്നിൽ നിവേദനങ്ങളും പരാതികളും സമർപ്പിക്കാം.

നിവേദനം /പരാതിയുടെ 3 പകർപ്പുകൾ സെക്രട്ടറി , ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ, രണ്ടാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, പനമ്പള്ളി നഗർ, കൊച്ചി 68 2036 എന്ന വിലാസത്തിലോ ഇ മെയിലായോ അയക്കാവുന്നതാണ്. ഇ മെയിൽ christianminoritycommission@gmail.com.

നിവേദനത്തിനൊപ്പം അതിൽ പറയുന്ന കാര്യങ്ങളുടെ തെളിവും ഹാജരാക്കണം. കോവിഡ് പ്രതിസന്ധി മാറി കഴിഞ്ഞാൽ ജില്ലാ ആസ്ഥാനങ്ങളിൽ നേരിട്ട് പരാതി കേൾക്കാനും തെളിവുകൾ സ്വീകരിക്കാനും മുൻകൂട്ടി അറിയിച്ച് സൗകര്യമൊരുക്കുമെന്ന് കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ. ബി. കോശി അറിയിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അനശ്വര പ്രഭാഷണം

മഹാപുരോഹിതന്റെ ചുമതലകൾ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

പിതാക്കന്മാരേ, കർത്താവിൽ വാത്സല്യമുള്ളവരെ,

ഇന്ന് ദൈവത്തിന്റെ വലിയ കരുണയാൽ ഒരു വലിയ മഹാപുരോഹിതനെ നമുക്ക് നല്കപ്പെടുവാൻ പോവുകയാണ്. ആ സന്ദർഭത്തിൽ ഈ മഹാപൗരോഹിത്യത്തിന്റെ അർത്ഥത്തെക്കുറിച്ച്, അഹറോന്യ പൗരോഹിത്യത്തിന്റെ തലവനായ അഹറോനെക്കുറിച്ച് ലേവ്യ പുസ്തകം പറയുന്നത് നമുക്കു ശ്രദ്ധിച്ചു കേൾക്കാം (ലേവ്യ പുസ്തകം 8:4). "സഭ സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ വന്നു കൂടി. മോശ സഭയോടു: യഹോവ കല്പിച്ച കാര്യം ഇതാകുന്നു എന്നു പറഞ്ഞു. മോശ അഹറോനെയും പുത്രന്മാരെയും അടുക്കൽ വരുത്തി അവരെ വെള്ളം കൊണ്ടു കഴുകി. അവനെ ഉള്ളങ്കി ഇടുവിച്ചു. നടുക്കെട്ടു കെട്ടിച്ചു. അങ്കി ധരിപ്പിച്ചു. ഏഫോദ് ഇടുവിച്ചു. ഏഫോദിന്റെ ചിത്രപ്പണിയായ നടുക്കെട്ടു കെട്ടിച്ചു. അതിനാൽ അതു മുറുക്കി. അവനെ പതക്കം ധരിപ്പിച്ചു; പതക്കത്തിൽ ഊറീമും തുമ്മീമും വെച്ചു. അവന്റെ തലയിൽ മുടിവെച്ചു; മുടിയുടെ മേൽ മുൻവശത്തു വിശുദ്ധ കിരീടമായ പൊൻപട്ടം വെച്ചു, യഹോവ കല്പിച്ചതു പോലെ തന്നെ."


കർത്താവിൽ വാത്സല്യമുള്ളവരേ,

പൊതുവിന്റേതായ ഒരു മഹാപുരോഹിതൻ ഇന്ന് സഭ മുഴുവൻ കൂടി വാഴിക്കപ്പെടുകയാണ്. ഈ മഹാപൗരോഹിത്യത്തിന്റെ അർത്ഥമെന്താണ് എന്ന് ഉള്ളതിനെക്കുറിച്ച് ഒരു വാക്കു മാത്രം നിങ്ങളോട് വളരെ ചുരുക്കമായി പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിൽ, പഴയനിയമത്തിന്റെ പ്രധാന മർമ്മങ്ങളിലൊന്നാണ് സഭ എന്നും പൗരോഹിത്യം എന്നും പറയുന്നത്. ഇന്നത്തെ രീതിയിൽ ചിന്തിക്കുന്ന പുതിയ തലമുറയുടെ ചിന്തയ്ക്ക് സഭ എന്നു പറയുന്നതും പൗരോഹിത്യം എന്നു പറയുന്ന രഹസ്യവും അത്ര തന്നെ സുഗ്രാഹ്യമല്ലാതെയാണ് കണ്ടു വരുന്നത്. സഭയും പൗരോഹിത്യവും ഒറ്റക്കെട്ടാണ്. സഭയില്ലാതെ പൗരോഹിത്യമില്ല. എന്നാൽ എന്താണിതു രണ്ടിന്റെയും അർത്ഥം എന്നു ചോദിച്ചാൽ വളരെ ചുരുക്കമായിട്ട് ഞാൻ പറയാം, സഭ എന്നു പറയുന്നത് ദൈവത്തിന്റെ അധിവാസ സ്ഥാനമാണ്. ദൈവം വസിക്കുന്നത് കല്ലും മരവും കൊണ്ട് കെട്ടിയിട്ടുള്ള കെട്ടിടങ്ങളിലല്ല. മനുഷ്യരാകുന്ന സമൂഹം ഒന്നായി തീർന്നിട്ട് ആ സമൂഹത്തിനകത്ത് ദൈവം വസിക്കുവാൻ ആഗ്രഹിക്കുന്നു എന്നുള്ളതാണ് ക്രൈസ്തവ വിശ്വാസത്തിന്റെ വലിയ മർമ്മം. നാമെല്ലാവരും ഏകശരീരമായി തീർന്നിട്ട് നമ്മിൽ കർത്താവ് വസിക്കുന്നു എന്നുള്ളതാണ് സഭ എന്നു പറയുന്നതിന്റെ പ്രധാനമായ ആശയം. ആ സഭയിൽ പൗരോഹിത്യത്തിന് ഒരു പ്രമുഖ സ്ഥാനം ഉണ്ട്. അധികാരത്തിന്റെ കാര്യമല്ല ഞാൻ പറയുന്നത്. ബഹുമാനത്തിന്റെ കാര്യം പോലുമല്ല ഞാൻ പറയുന്നത്, പൗരോഹിത്യം എന്നതിനെപ്പറ്റിയാണ്.

"അഹറോനെ ഉള്ളങ്കി ഇടുവിച്ചു. നടുക്കെട്ടു കെട്ടിച്ചു. അങ്കി ധരിപ്പിച്ചു. ഏഫോദ് ഇടുവിച്ചു. ഏഫോദിന്റെ ചിത്രപ്പണിയായ നടുക്കെട്ടു കെട്ടിച്ചു. അതിനാൽ അതു മുറുക്കി. അവനെ പതക്കം ധരിപ്പിച്ചു; പതക്കത്തിൽ ഊറീമും തുമ്മീമും വെച്ചു. അവന്റെ തലയിൽ മുടിവെച്ചു; മുടിയുടെ മേൽ മുൻവശത്തു വിശുദ്ധ കിരീടമായ പൊൻപട്ടം വെച്ചു; യഹോവ മോശയോടു കല്പിച്ചതുപോലെ തന്നെ." എന്തിനിതെല്ലാം? കുറച്ചധികം ആർഭാടമല്ലേ ഇതെല്ലാം എന്ന് ചോദിച്ചാൽ അതിന് വളരെ ചെറിയ ഒരു സമാധാനമേ പറയുവാനുള്ളു. അതായത് മഹാപുരോഹിതൻ സഭയാകുന്ന സമൂഹത്തിൽ എന്നാളും അധിപതിയാണ്. സഭ ദൈവത്തിന്റെ പ്രതീകമാകുന്നു. ദൈവത്തിന്റെ വ്യക്തമായ പ്രതിബിംബിത രൂപമാണ് മഹാപുരോഹിതൻ. ദൈവീകമായ സാന്നിദ്ധ്യം ശാരീരികമായി വഹിച്ചുകൊണ്ട് കർത്താവായ യേശുവിന്റെ സ്ഥാനം സഭയിൽ ദൈവത്തിന്റെ ദൃഷ്ട പ്രതിബിംബമായി നിലകൊള്ളുവാനാണ് ഒരു മഹാപുരോഹിതൻ വിളിക്കപ്പെടുന്നത്.

വാത്സല്യമുള്ളവരേ,

നാം ചിന്തിക്കുന്നതിനേക്കാൾ വളരെയധികം അത്യുന്നതമായ ഒരു സ്ഥാനമാണിത് എന്നുള്ളതു നാം മറന്നു പോകരുത്. പഴയ മഹാപുരോഹിതന്റെ മുടിയിടത്തിൽ സ്വർണ്ണം കൊണ്ട് ഒരു പ്ലേറ്റ് വെച്ചിരിക്കും. ആ പ്ലേറ്റിൽ എഴുതിയിരിക്കുന്നത് "Holliness to the Lord" എന്നാണ്. 'യഹോവ നല്കുന്ന വിശുദ്ധി.' അതാണതിന്റെ അർത്ഥം. കർത്താവായ യേശുമശിഹായുടെ തന്നെ, പരിശുദ്ധനായ ദൈവത്തിന്റെ തന്നെ പ്രതീകമായിട്ടാണ് ആ മഹദ്വചനം രേഖപ്പെടുത്തിയിരിക്കുന്നത്.



മഹാപുരോഹിതന്റെ മാർപതക്കം എന്നു പറയുന്നത് ഇന്ന് ഏകദേശം രണ്ടായിട്ടാണ്. ഈ മാർപതക്കത്തിന്റെ അകത്ത് പന്ത്രണ്ട് കല്ല് വച്ചിട്ടുണ്ട്. വിലയേറിയ പന്ത്രണ്ട് കല്ല്. സൈസ് ഉള്ള പന്ത്രണ്ട് കല്ല്. ഓരോ കല്ലിന്മേലും യിസ്രായേലിലെ 12 ഗോത്രങ്ങളുടെ പേരാണ് എഴുതിയിരിക്കുന്നത്. ഒരു മഹാപുരോഹിതൻ ദൈവത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ തന്റെ ജനങ്ങളെ മുഴുവൻ ഹൃദയത്തിൽ വഹിച്ചുകൊണ്ട് നില്ക്കുന്നു. ഈ 12 കല്ലിന്റെ പേര് മാർപതക്കത്തിൽ കൊത്തിയിരിക്കുന്നതിന്റെ അർത്ഥം എല്ലാ സമയത്തും മഹാപുരോഹിതന്റെ ചിന്തയിൽ തന്റെ ജനങ്ങളെ വഹിച്ചുകൊണ്ടാണ് ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്നത് എന്നതാണ്. തന്റെ സ്വന്തകാര്യത്തിനു വേണ്ടിയല്ല, ജനങ്ങൾക്കുവേണ്ടി. അതോടു കൂടെ ഈ മാർപതക്കത്തിന്റെ അകത്ത് രണ്ട് വേറെ കല്ലുകൾ കൂടി വച്ചിട്ടുണ്ട്, അകത്താണ് (മാർപതക്കത്തിനു രണ്ട് പാളികളുണ്ട്). ആ പാളികൾക്കകത്ത് വേറെ രണ്ടു കല്ലു വച്ചിട്ടുണ്ട്. ഊറീമും തുമ്മീമും എന്ന രണ്ട് കല്ല്. (അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റിയുടെ പ്രതീകം ഊറീമും തുമ്മീമുമാണ്). എന്താണീ ഊറീമും തുമ്മീമും? മലയാളത്തിൽ പറയുമ്പോൾ നമുക്കല്പം കുറവായി തോന്നിയേക്കാം. ഏറ്റവും പ്രസക്തമായ അർത്ഥമാണിതിനുള്ളത്.

ഊർ = പ്രകാശം, തുമ്മിം = Radius Light and Radius. ഇത് വഹിച്ചുകൊണ്ടാണ് മഹാപുരോഹിതൻ നില്ക്കുന്നത്. ഈ light വും ആ lightness വും എല്ലായ്പോഴും മഹാപുരോഹിതനിൽ ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ ഈ മാർപതക്കത്തിനു വിലയുള്ളു. ജനങ്ങളെ എല്ലാ സമയത്തും ഹൃദയത്തിൽ വഹിച്ചുകൊണ്ട് വിശുദ്ധിയോടു കൂടെ സത്യസന്ധതയോടു കൂടെ പ്രകാശത്തോടു കൂടെ ഭീതിയോടു കൂടെ ദൈവതിരുമുമ്പാകെ നില്ക്കുന്നവനാണ് മഹാപുരോഹിതൻ എന്നുള്ള കാര്യം ഇന്നു നാം ഓർക്കുകയും നമ്മുടെ പുതിയ മഹാപുരോഹിതന് നാം വഴിക്കുള്ള സകല കൃപകളും ലഭിക്കുവാൻ വേണ്ടി നാം പ്രാർത്ഥിക്കുകയും ചെയ്യണം.

ഒരു മഹാപുരോഹിതന്റെ മൂന്നു ചുമതലകളെപ്പറ്റി അല്പമായി സംസാരിച്ചുകൊണ്ട് അവസാനിപ്പിക്കാം. ഒന്നാമത്, നമ്മുടെ പൗരസ്ത്യസഭയിൽ ഒരു മഹാപുരോഹിതനുള്ള പ്രധാനപ്പെട്ട പേര് ഹസിയോറൂഹോ എന്നാണ്. ഹസിയോ എന്ന പദത്തിന്റെ അർത്ഥം സുറിയാനിയിൽ നിങ്ങൾക്കറിയാവുന്നതിനോട് സാമ്യമുള്ള പേര് 'ഹൂസോയോ' എന്ന് പറയുന്നതാണ്. കുർബ്ബാനയ്ക്ക് മുമ്പ് ഹൂസോയോ പ്രാപിക്കുമല്ലോ – പാപമോചനം. അതാണ് ഹസിയോ എന്ന

പദത്തിന്റെ അർത്ഥം. ദൈവത്തിനെയും മനുഷ്യനെയും പരസ്പരം അനുരഞ്ജനം ചെയ്യിക്കുക എന്നതാണ് മഹാപുരോഹിതന്റെ ഏറ്റവും വലിയ ചുമതല. തന്റെ പ്രാർത്ഥനകളിൽ എല്ലാ സമയത്തും ജനത്തിൽ വലിയവനും ചെറിയവനും വേണ്ടി ദൈവതിരുമുമ്പാകെ ബലിയർപ്പിച്ചുകൊണ്ട് എല്ലാ സമയത്തും ജനത്തെ സ്നേഹിച്ചു കൊണ്ടിരിക്കുന്ന ആളാണ് അനുരഞ്ജകനായ മഹാപുരോഹിതൻ.

രണ്ടാമത്, കുമറോൻ = ബലിയർപ്പിക്കുന്നവൻ അഥവാ പുരോഹിതന്മാരുടെ തലവൻ. സഭയുടെ പ്രാർത്ഥന എല്ലായ്പ്പോഴും ദൈവതിരുമുമ്പാകെ സമർപ്പിച്ചു കൊണ്ടിരിക്കുന്നവനാണ് മഹാപുരോഹിതൻ. കുർബാന അർപ്പിയ്ക്കുമ്പോൾ മാത്രമല്ല, തന്റെ ഓരോ ശ്വാസത്തിലും ദൈവതിരുമുമ്പാകെ തന്റെ ജനത്തിനുവേണ്ടി ബലികൾ, പ്രാർത്ഥനകൾ, അനസ്യൂതമായി അർപ്പിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ് മഹാപുരോഹിതന്റെ വലിയ ദൗത്യം. എല്ലായ്പോഴും രാവിലും പകലിലും ഉറക്കത്തിലും ഉണർവ്വിലും തന്റെ ജനങ്ങളെ ദൈവത്തിങ്കലേക്കുയർത്തി അവർക്കുവേണ്ടി, പ്രാർത്ഥിക്കുന്നവർക്കായി കൃപകളെ സമ്പാദിക്കുന്ന വലിയവനാണ് മഹാപുരോഹിതൻ.

മൂന്നാമത് ഇടയൻ. നല്ല ഇടയനാണ് മഹാപുരോഹിതൻ. ഒരു നല്ല ഇടയനുണ്ടായിരിക്കേണ്ട മൂന്ന് പ്രധാന ഗുണങ്ങൾ വേദപുസ്തകത്തിൽ യോഹന്നാന്റെ 10-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. ക്രിസ്ത്യാനികളല്ലാത്ത രാഷ്ട്രീയക്കാർക്കു പോലും പ്രയോജനമുള്ളതാണിത്. ഒരു ഇടയനാകുവാൻ എങ്ങനെയുള്ള ക്വാളിറ്റികളാണ് ഉണ്ടായിരിക്കേണ്ടത്? യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ പറയുന്നു. ഒന്നാമത്തേത്, ഇടയൻ തന്റെ ആടുകളെ പേർ ചൊല്ലി വിളിക്കുന്നു. വിളിക്കുമ്പോൾ ആടുകൾ ഇടയന്റെ ശബ്ദം കേട്ട് അവനെ അനുഗമിക്കുന്നു. ഇടയൻ അല്ലാത്തവൻ വിളിച്ചാൽ ആടുകൾ ഇളകുകയില്ല. ഇതാണ് ആദ്യത്തെ ക്വാളിറ്റി. ഒരു നല്ല ഇടയനാകണമെങ്കിൽ ഓരോ ആടിന്റെയും പേര് അറിയണം. പേര് അറിയുക മാത്രമല്ല, പേര് ചൊല്ലി വിളിക്കുമ്പോൾ ഞങ്ങളെ വിളിക്കുന്നത് ഞങ്ങളുടെ ഇടയനാണ്, ഞങ്ങളെ കൊല്ലാൻ കൊണ്ടു പോകുകയല്ല, ഞങ്ങളെ നല്ല കാര്യത്തിന് കൊണ്ടുപോകുവാൻ വേണ്ടി ഇടയൻ വിളിക്കുകയാണ്. വേറെ വല്ലവരും വിളിക്കുമ്പോഴാണ് കശാപ്പിനു കൊണ്ടു പോകുകയും ഒക്കെ ചെയ്യുന്നത്. അതുകൊണ്ട് കശാപ്പിനു കൊണ്ടു പോകുവാൻ വിളിക്കുകയല്ല. ഞങ്ങളെ ആഹ്വാനം ചെയ്യുന്നത് ഞങ്ങളെ കൊല്ലാൻ വേണ്ടിയല്ല. തന്റെ കാര്യം കാണാൻ വേണ്ടിയുമല്ല. ഞങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ് എന്ന് ജനങ്ങൾക്കു തന്നെ ബോധ്യം വരണം. അതാണ് നല്ല ഇടയൻ. അത് മഹാപുരോഹിതനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ മനുഷ്യരെയും സ്നേഹിക്കുകയും എല്ലാ മനുഷ്യരും ആ പിതാവ് പറയുന്ന ഓരോ കാര്യവും നമ്മുടെ നന്മയ്ക്കാണെന്ന് നമുക്ക് ബോധ്യമുള്ളതുകൊണ്ട് ആ പിതാവിനെ നാം അനുഗമിക്കുകയും ചെയ്യുന്നു. ഇതാണ് നല്ല ഇടയന്റെ ഒന്നാമത്തെ ലക്ഷണം.

രണ്ടാമത്തെ നല്ല ഇടയന്റെ ലക്ഷണം, അവൻ വിളിക്കുമ്പോൾ ആട്ടിൻ പറ്റത്തിന്റെ വാതിൽ കാക്കുന്നവൻ വാതിൽ തുറക്കുന്നു. ആടുകൾ പുറത്തേയ്ക്ക് വരുന്നു. ആടുകളെ പച്ചയായ പുല്പുറങ്ങളിലേയ്ക്ക് ഇടയൻ നയിക്കുന്നു. ഇത് ഒരു ഇടയന്റെ വലിയ ചുമതലയാണ്. അത് മതത്തിലും രാഷ്ട്രീയത്തിലും ഒരുപോലെ തന്നെ. മതത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ തന്റെ ജനങ്ങളെ എങ്ങോട്ടു കൊണ്ടുപോയാലാണ് നല്ല പുല്ലു കിട്ടുന്നതെന്ന് ഇടയനറിയാം. ഇടയൻ പുല്ലു കണ്ടാൽ കാണിച്ചു കൊടുക്കണം. അതാണ് ഇടയന്റെ വലിയൊരു ചുമതല. രാഷ്ട്രീയമായിട്ടായാലും തങ്ങൾക്ക് ഉത്കർഷം ഉണ്ടാകുന്നത് ഏതു വഴിയിൽ കൂടി പോയാലാണ് എന്ന് കാണിച്ചുകൊടുക്കുവാൻ രാഷ്ട്രീയ ഇടയന്മാർക്ക് ചുമതലയുള്ളതു പോലെ ഓരോ കാര്യത്തിലും സഭയിലുള്ള ജനങ്ങളെ ഏതു വഴിയിൽ പോയാലാണ് അവർക്ക് നല്ല വഴിയിൽ അവർക്ക് ആവശ്യമുള്ള ആത്മീയ ഭക്ഷണവും ലൗകീക ഭക്ഷണവും കിട്ടുന്നത് എന്ന് ഇടയൻ അറിഞ്ഞിട്ട് ആ വഴിയിൽ നയിക്കുവാൻ സാധിക്കുന്നവനായിരിക്കണം.

മൂന്നാമത്, ഇടയന്റെ ഒരു ലക്ഷണവും കൂടിയേ പറയുവാനുള്ളു. ഞാൻ ഒരു ഇടയനാണ്. എനിക്ക് സാദ്ധ്യമല്ലാത്ത ഒരു ലക്ഷണമായതുകൊണ്ട് അത് വളരെ വ്യക്തമായിത്തന്നെ പറയാം. ആടുകളെ പുല്പുറങ്ങളിലേയ്ക്ക് നയിക്കുന്ന സമയത്ത് കടുവാ വരും. ചെന്നായ് വരും. ആടുകളെ പിടിക്കുവാനായിട്ട് ചെന്നായ് വരും. എല്ലായിടത്തും ഉണ്ടാകുന്ന സംഭവം. സഭയിലും അതെ, രാഷ്ട്രീയത്തിലും അതെ. നല്ല വഴിയിലൂടെ ജനങ്ങളെ കൊണ്ടുപോകുവാൻ എല്ലാവർക്കും ഇഷ്ടമാവില്ല. കടുവാ വരും. ആ കടുവാകൾ വന്ന് ഈ ആടുകളെ വിഴുങ്ങുവാൻ ശ്രമിക്കുന്ന സമയത്ത് ഈ കടുവായുമായുള്ള സമരത്തിൽ സ്വന്ത ജീവനെ ബലിയായി അർപ്പിക്കുന്നവനാണ് നല്ല ഇടയൻ. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ ബലിയായി അർപ്പിക്കുന്നു. അല്ലാതെ പേടിച്ച് ചെന്നായ് വരുമ്പോൾ ആടുകളെ ഇട്ടിട്ട് ഓടിപ്പോവുകയില്ല. ധൈര്യമായി നിന്നു കൊണ്ട് എല്ലാത്തിനോടും പോരാടി വേണ്ടിവന്നാൽ മരിക്കുവാൻ പോലും തയാറായി നില്ക്കും. നമ്മുടെ ഇടയനായ കർത്താവായ യേശുമശിഹാ നമുക്കു വേണ്ടി സ്വന്ത ജീവനെപ്പോലും ബലിയർപ്പിച്ചതുപോലെ, ഒരു നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ ബലിയർപ്പിക്കുന്നവനാണ്.

എന്റെ വാക്കുകളെ ഞാൻ ചുരുക്കുകയാണ്. അത്യുന്നതമായ ഈ സ്ഥാനത്തേയ്ക്ക് ഇന്ന് വിളിക്കപ്പെടുന്ന അഭി. മാത്യൂസ് മാർ കൂറിലോസ് തിരുമേനിക്ക് ഒരു വലിയ ഹസിയോ ആയി, ഒരു വലിയ മഹാപുരോഹിതനായി, ഒരു വലിയ ഇടയനായി നമ്മുടെ ഇടയിൽ പ്രവർത്തിക്കുവാൻ, തന്റെ പ്രവർത്തനങ്ങൾ സഭയ്ക്ക് വെളിയിലുള്ളവർക്കും ലഭിക്കത്തക്കവിധം ദൈവംതമ്പുരാൻ സകല കരുണകളും നമ്മുടെ പിതാവിന് നല്കട്ടെ.

(1991 ഏപ്രിൽ 29-ന് പരുമലയിൽ നടന്ന പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ കാതോലിക്കാവാഴ്ച ശുശ്രൂഷാമദ്ധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)



വിളവെടുപ്പ് നടക്കുന്ന പരുമല സെമിനാരി പാടശേഖരം പത്തനംതിട്ട എം. പി. ആന്റോ ആൻറണി സന്ദർശിച്ചു. കാർഷിക മേഖലയിൽ പരുമല സെമിനാരിയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ആന്റോ ആന്റണി പറഞ്ഞു. കൃഷിക്കായി ആയി എം.പി ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിച്ചുതന്ന ആന്റോ ആന്റണി എം.പിക്ക് പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ് നന്ദി അറിയിച്ചു.

പ്രീമാരിറ്റൽ കൗൺസിലിംഗ് ക്ലാസുകൾ ഉണ്ടായിരിക്കുകയില്ല

കുന്നംകുളം: കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ ആർത്താറ്റ് അരമനയിൽ വച്ച് നടത്താറുള്ള പ്രീമാരിറ്റൽ കൗൺസിലിംങ്ങ് ക്ലാസുകൾ ഇനിയൊരു അറിയിപ്പ് വരെ ഉണ്ടായിരിക്കുകയില്ലെന്ന് ഡയറക്ടർ ഫാ. ജോസഫ് മാത്യു അറിയിച്ചു.

വചനതീർത്ഥം



ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി, ആത്മീയ ഭക്ഷണമാണ്

(പുതുഞായറാഴ്ചയ്ക്കുശേഷം മൂന്നാം ഞായർ വി. യോഹന്നാൻ 4:31–38)

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

യേശുക്രിസ്തുവും ശമര്യസ്ത്രീയും തമ്മിലുള്ള പ്രശസ്തമായ സംഭാഷണത്തിന്റെ ഭാഗമാണ് ഇന്നത്തെ വി. സുവിശേഷഭാഗം (വി. യോഹന്നാൻ 4:31 –38). യേശുക്രിസ്തു ശമര്യസ്ത്രീയോട് സംസാരിക്കുന്നതും കുടിക്കുവാൻ വെള്ളം ആവശ്യപ്പെടുന്നതും യഹൂദരും ശമര്യരും തമ്മിൽ സമ്പർക്കമില്ലാതിരുന്ന കാലത്താണ് (വാ. 19). ശമര്യരോട് സമ്പർക്കം പുലർത്തുന്നതും സ്ത്രീകളോട് പുരുഷന്മാർ സംസാരിക്കുന്നതും അവജ്ഞയായി കണക്കാക്കപ്പെട്ടിരുന്നതിനാലാണ് യേശു, ശമര്യസ്ത്രീയുമായി സംസാരിക്കുന്നതു കണ്ട ശിഷ്യന്മാർ ആശ്ചര്യപ്പെട്ടത് (4:27).

യേശു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും

പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും എന്ന നിലയിൽ ദൈവത്വത്തിന്റേയും മനുഷ്യത്വത്തിന്റേയും ആളത്തങ്ങൾ (ഹൈപ്പോസ്റ്റേസിസുകൾ) യേശുക്രിസ്തുവിൽ ഉണ്ടായിരുന്നു. അവ രണ്ടും അവയോടു ചേർന്നുള്ള രണ്ടു സ്വഭാവങ്ങളും അവിഭാജ്യമായി യോജിച്ചിരുന്നു.

യേശു യെഹൂദ്യദേശം വിട്ടു ഗലീലയ്ക്കു യാത്ര പോകുമ്പോൾ ശമര്യയിൽ കൂടി കടന്നുപോകേണ്ടി വന്നു. അവിടെ യാക്കോബിന്റെ ഉറവുണ്ടായിരുന്നു. യേശു വഴിനടന്നു ക്ഷീണിച്ചിട്ടു ഉറവിന്നരികെ നിന്നു. അപ്പോൾ ഏകദേശം ആറാം മണി ആയിരുന്നു. (വി. യോഹ. 4:5). ക്ഷീണവും വിശപ്പും ദാഹവും മനുഷ്യത്വത്തിന്റെ ഘടകങ്ങളാണ്.

യേശുക്രിസ്തുവിനോട് ഭക്ഷണം കഴിക്കുവാൻ അപേക്ഷിക്കുന്ന ശിഷ്യന്മാരെ ഇവിടെ കാണാം (വാ. 31). എന്നാൽ'എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം' (വാ. 34) എന്ന് തന്റെ ദൈവത്വത്തെ സൂചിപ്പിച്ചുകൊണ്ട് കർത്താവ് പറയുന്നു. ദൈവത്വത്തിന്റേയും മനുഷ്യത്വത്തിന്റേയും പൂർണ്ണത, ഇന്നത്തെ വി. സുവിശേഷഭാഗത്ത് വ്യക്തമാകുന്നുണ്ട്.

ആത്മീക ഭക്ഷണവും ശാരീരിക ഭക്ഷണവും

യേശുക്രിസ്തു, തന്റെ ജീവിതത്തിലും ഉപദേശങ്ങളിലും ആത്മീയ ഭക്ഷണവും ശാരീരിക ഭക്ഷണവും വേർതിരിച്ചു വ്യക്തമാക്കുന്നുണ്ട്. ഇന്നത്തെ വി. സുവിശേഷഭാഗത്തിൽ, ശാരീരിക ഭക്ഷണം യേശു കഴിച്ചിരുന്നതായി മനസ്സിലാക്കാം. ശമര്യസ്ത്രീയോട് ക്ഷീണിതനായ ക്രിസ്തു വെള്ളം കുടിക്കുവാൻ ആവശ്യപ്പെടുന്നു. ശിഷ്യന്മാർ യേശുവിനോട് ഭക്ഷണം കഴിക്കുവാൻ അപേക്ഷിക്കുന്നു.

ശാരീരിക ഭക്ഷണം ആവശ്യമാണ്. എന്നാൽ അതിനേക്കാൾ ആത്മീയ ഭക്ഷണത്തിനു പ്രാധാന്യം കൊടുക്കണം എന്നാണ് യേശു പഠിപ്പിക്കുന്നത്. നശിച്ചുപോകുന്ന ആഹാരവും നശിച്ചുപോകാത്ത ആഹാരവും ഉണ്ട്. നശിച്ചുപോകുന്ന ആഹാരം ശാരീരിക ഭക്ഷണമാണ്. എന്നാൽ നശിച്ചുപോകാത്ത, നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരമായ ആത്മീയ ആഹാരം മൂന്നു തരത്തിൽ ഉണ്ട്.

1. ക്രിസ്തു ജീവന്റെ അപ്പം

വി. യോഹന്നാൻ 6:35 'ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവനു ദാഹിക്കുകയില്ല'. പാപികളായ നമുക്കു പാപമോചനവും ആത്മപോഷണവും സമൃദ്ധിയായ ജീവനും ലഭിക്കുവാൻ കർത്താവു തന്നെത്തന്നെ വി. കുർബാനയിലൂടെ നമുക്കു നൽകുന്നതിനാൽ അത് ജീവന്റെ അപ്പമാണ്. കർത്താവിന്റെ വചനങ്ങളിൽ തന്നെ ഇതു പ്രകടമാകുന്നു.

വി. യോഹന്നാൻ 6:48–51 'ഞാൻ ജീവന്റെ അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നിട്ടും മരിച്ചുവല്ലോ. ഇതോ തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിനു സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്ന അപ്പമാകുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നെന്നേക്കും ജീവിക്കും. ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു.' വി. കുർബാന ആത്മീയ ആഹാരമെന്നു സൂചിപ്പിക്കത്തക്കവണ്ണം 'കർത്താവിന്റെ അത്താഴം' എന്ന് 1 കൊരി. 11:20–ൽ പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗത്തിൽ അനുഭവിക്കാനിരിക്കുന്ന മന്നായുടെ മുൻകുറിയാണ് വി. കുർബാന (വെളിപ്പാട് 2:17).

വി. കുർബാനയിൽ സംബന്ധിച്ച് ദൈവപുത്രന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്നതിലൂടെ ക്രിസ്തുവിനെ നാം ഭക്ഷിക്കുകയാണ്. പാപങ്ങളുടെ മോചനത്തിനും സ്വഭാവ രൂപാന്തരത്തിനുമായി ഇത് അനുഭവിക്കുന്നു. ഇതിലൂടെ യേശുക്രിസ്തുവിന്റെ സ്വഭാവത്തിന് അനുരൂപമായി രൂപാന്തരപ്പെടണമെന്ന് വി. സഭ പഠിപ്പിക്കുന്നു. 1 കൊരി. 10:3,4. 'മോശയോടു ചേർന്ന് എല്ലാവരും ഒരേ ആത്മീയ ആഹാരം തിന്ന്, എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ച്, അവരെ അനുഗമിച്ച ആത്മീയ പാറയിൽ നിന്നല്ലോ അവർ കുടിച്ചത്, ആ പാറ ക്രിസ്തു ആയിരുന്നു.'

2. ദൈവവചനം ആത്മീയ ആഹാരമാണ്

പിശാചിനാൽ യേശു പരീക്ഷിക്കപ്പെട്ടപ്പോൾ, പരീക്ഷകന്റെ ഒന്നാമത്തെ ആവശ്യം 'നീ ദൈവപുത്രൻ എങ്കിൽ, ഈ കല്ല് അപ്പമായി തീരുവാൻ കല്പിക്ക' എന്നതായിരുന്നു. അതിനു ക്രിസ്തു, ആവർത്തനപുസ്തകം 8:3 ഉദ്ധരിച്ചുകൊണ്ട് നേരിട്ടത് 'മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, യഹോവയുടെ വായിൽനിന്ന് പുറപ്പെടുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു' എന്നാണ് (വി. മത്തായി 4:4).

ഇയ്യോബ് 23:12 'അവന്റെ വായിലെ വചനങ്ങളെ എന്റെ ആഹാരത്തെക്കാൾ സൂക്ഷിച്ചിരിക്കുന്നു.' സങ്കീ. 119:103 'തിരുവചനം എന്റെ അണ്ണാക്കിനു എത്ര മധുരം, അവ എന്റെ വായിക്കു തേനിലും നല്ലത്.' 1 പത്രോ. 2:2 'ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പീൻ.'

ഈ വാക്യങ്ങളിലെല്ലാം ദൈവവചനം ആത്മീയ ആഹാരമാണെന്ന് വ്യക്തമാക്കുന്നു. ദൈവവചനം അനുദിനം വായിച്ച് ധ്യാനിക്കുന്ന ഒരാൾക്ക്, അതു വിലയേറിയ ആത്മീയ ഭക്ഷണമാണ്. ആത്മീയ പോരാട്ടത്തിൽ അത് അജയ്യമായ ആയുധമാണ്. നിരാശയെ അതിജീവിക്കുവാൻ, പ്രതിസന്ധിയിൽ മാർഗ്ഗദർശനം നൽകുവാൻ, പരിശോധനയിൽ ശക്തി പകരുവാൻ എല്ലാം ദൈവവചനം ഉപയുക്തമാണ്.

3. ദൈവഇഷ്ടം ചെയ്യുന്നത് ആത്മീക ഭക്ഷണമാണ്

ദൈവത്തിന് പ്രസാദമുള്ള പ്രവർത്തികൾ ചെയ്യുന്നത്, ആത്മീക ഭക്ഷണമാണ്. യേശുവിനെ ശിഷ്യന്മാർ ഭ7ണത്തിന് വിളിക്കുമ്പോൾ 'നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിക്കുവാൻ എനിക്ക് ഉണ്ട് (വി. യോഹ. 4:32) എന്നു പറുന്നുണ്ട്. ശിഷ്യന്മാർക്ക് അറിയാത്ത ആഹാരം എന്തെന്ന് യേശു വെളിപ്പെടുത്തുന്നു. (വാ. 34). 'എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത്, അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം.'

ശിഷ്യന്മാർ യേശുവിനോട് (വി. യോഹ. 6: 28, 29) 'ദൈവത്തിന് പ്രസാദമുള്ള പ്രവർത്തികളെ പ്രവർത്തിക്കേണ്ടതിന് ഞങ്ങൾ എന്തു ചെയ്യേണം' എന്ന്

ചോദിച്ചു. യേശു അവരോട് 'ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ' എന്ന് ഉത്തരം പറഞ്ഞു. ക്രിസ്തുവിലുള്ള വിശ്വാസം സ്ഥിരമായി നിലനിർത്തുന്നതാണ് ദൈവത്തിന് പ്രസാദമുള്ള പ്രവർത്തി. വിശ്വാസം വാക്കാൽ അല്ല, പ്രവൃത്തികളാൽ രേഖപ്പെടുത്തണം. ക്രിസ്തുവിന്റെ ശരീരമായ സഭയിലൂടെയാണ് നമ്മുടെ പ്രവൃത്തികൾ പ്രകടമാക്കേണ്ടത്. സഭയെ വിശ്വസിക്കുന്നതും സഭയുടെ കല്പനകൾ അനുസരിക്കുന്നതും ദൈവത്തിന്റെ ഇഷ്ടമുള്ള പ്രവൃത്തിയാണ്. അതു ശ്രേഷ്ഠമായ ആത്മീയ ആഹാരമാണ്.

ആത്മീയ കൊയ്ത്ത്

'വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ച് സന്തോഷിക്കുവാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി, നിത്യജീവങ്കലേക്ക് വിളവു കൂട്ടിവയ്ക്കുന്നു. വിതയ്ക്കുന്നവൻ ഒരുത്തൻ, കൊയ്യുന്നവൻ മറ്റൊരുത്തൻ എന്നുള്ള പഴഞ്ചൊല്ല് ഇതിൽ ഒത്തിരിക്കുന്നു (വി. യോഹ. 4: 36, 37). ആത്മീയ കൊയ്ത്തിനെക്കുറിച്ചാണ് യേശു ഇവിടെ സൂചിപ്പിക്കുന്നത്. ഗലാത്യർ 6:7-10 വി. പൗലോസ് പറയുന്നു 'മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും, ജഡത്തിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും; നന്മ ചെയ്യുന്നതിൽ നാം മടുത്തുപോകരുത്, തളർന്നു പോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും, ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക' ഹോശയാ 10:12 'നീതിയിൽ വിതപ്പീൻ; ദയയ്ക്കൊത്തവണ്ണം കൊയ്യുവീൻ.'

നന്മയും സ്നേഹവും ജീവിതത്തിൽ നിലനിർത്തുന്നവർക്ക്, നിത്യജീവിതത്തിൽ അതിന്റെ പ്രതിഫലം ഉണ്ടാകും. ഈ ലോകത്ത് വിതയ്ക്കുകയും കൊയ്യുകയും ചെയ്തതിന്, നിത്യജീവനിൽ അതിന്റെ വിളവ് സമ്പാദിക്കുവാൻ കവിയും. നാം ഈ ലോകത്ത് പ്രവർത്തിക്കുന്നതിന്റെ പ്രതിഫലം പരലോകത്ത് ലഭിക്കും എന്നതാണ് കർത്താവ് പഠിപ്പിക്കുന്നത്. ആത്മാവിനെ അനുസരിച്ച് നടക്കുന്നതിനെയാണ് ആത്മീയ കൊയ്ത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഗലാത്യർ 5:22 'ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകയ്ക്ക് വിരോധമായി ഒരു ന്യായപ്രമാണവും ഇല്ല.'

മണർകാട് പള്ളിക്കേസിലെ മുൻസിഫ് കോടതി വിധി ദുർവ്യാഖ്യാനം ചെയ്യുന്നു: ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

മലങ്കര ഓർത്തഡോക്സ് സഭയുടെ കോട്ടയം ഭദ്രാസനത്തിലെ മണർകാട് സെന്റ് മേരീസ് പള്ളിയെ സംബന്ധിച്ച് കഴിഞ്ഞ എട്ടാം തീയതി പ്രസ്താവിച്ച കോട്ടയം മുൻസിഫ് കോടതിയുടെ വിധി പാത്രിയർക്കീസ് വിഭാഗം ദുർവ്യാഖ്യാനം ചെയ്യുന്നത് ഖേദകരമാണെന്ന് മലങ്കര സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത. ഹർജി തള്ളുന്നതിന് കോടതി പറഞ്ഞിരിക്കുന്ന രണ്ടു കാരണങ്ങൾ, സി. പി. സി. 92 പ്രകാരം പ്രത്യേക അനുവാദം ലഭിക്കാതെ കേസ് ഫയൽ ചെയ്തു എന്നതും, സമാനമായ കേസിൽ മുൻപ് കോട്ടയം സബ് കോടതി തീർപ്പ് കൽപ്പിച്ച ഒ. എസ് 7/2019 ന്റെ വിധി നിലനിൽക്കുന്നു എന്നതും മാത്രമാണ്. മണർകാട് പള്ളി മലങ്കര സഭയുടെ ഭാഗമാണെന്നും, 1934 ലെ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്നും സബ് കോടതി നേരത്തെതന്നെ കണ്ടെത്തിയതിനാൽ ഈ കേസ് ഫലശൂന്യമായിത്തീർന്നു എന്ന് കോടതി വിധിച്ചു. മുൻ ഒ. എസ് 7/2019 ൽ ആവശ്യപ്പെട്ടിരിക്കുന്ന നിവർത്തികളും, ഇപ്പോൾ ഈ കേസിൽ ആവശ്യപ്പെട്ടിരിക്കുന്ന നിവർത്തികളും ഒന്നുതന്നെ ആകയാൽ ഈ കേസിന്റെ പ്രസക്തി നഷ്ടപ്പെട്ടതായി മുൻസിഫ് കോടതി കണ്ടെത്തി.

എന്നാൽ പ്രസ്തുത പള്ളി മലങ്കര സഭയുടെ ഭഗമല്ലെന്നും, സഭാ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടേണ്ടതല്ല എന്നും വിധിന്യായത്തിൽ ചില നിരീക്ഷണങ്ങൾ കാണുന്നുണ്ട്. ഈ നിരീക്ഷണങ്ങൾ 2017 ലെ സുപ്രീംകോടതി വിധിക്കും അതേത്തുടർന്നുണ്ടായ ഹൈക്കോടതി വിധികൾക്കും എതിരാണ്. തന്നെയുമല്ല ഏതൊരു കേസിലെയും നിരീക്ഷണങ്ങൾക്കല്ല, കണ്ടെത്തലുകൾക്കാണ് പ്രാധാന്യം. നിരീക്ഷണങ്ങൾക്ക് നിയമപരമായ പ്രാബല്യമില്ല. ഈ നിരീക്ഷണങ്ങൾ നടത്തിയ കോടതി 2017 ലെ വിധി മലങ്കര സഭയിലെ എല്ലാ പള്ളികൾക്കും ബാധകമാണ് എന്ന സുപ്രീംകോടതി വിധിയും ആ വിധിക്കെതിരായി ഒരു കീഴ്ക്കോടതിയും പ്രവൃത്തിക്കരുത് എന്ന നിബന്ധനയും കണ്ടില്ല എന്നു നടിക്കുകയായിരുന്നു. സഭാകേസിൽ ഹാജരാക്കിയിട്ടുള്ള എല്ലാ ലിസ്റ്റുകളിലും മണർകാട് പള്ളിയുടെ പേരുണ്ട് എന്ന വസ്തുതയും ഗൗരവമായി പരിഗണിച്ചിട്ടില്ല. പള്ളിക്കേസുകളിൽ ഇൻജെക്ഷൻ നിവർത്തിമാത്രം ചോദിക്കുമ്പോൾ സി. പി. സി. 92 പ്രകാരമുള്ള അനുവാദം ആവശ്യമില്ല എന്നുള്ള മേൽക്കോടതികളുടെ നിരവധി വിധികൾ മുൻസിഫ് കോടതി പരിഗണിച്ചിട്ടില്ല.

എല്ലാ കാര്യങ്ങളും വ്യക്തമായി പ്രസ്താവിച്ചിരിക്കുന്ന കോട്ടയം സബ്ക്കോടതിയുടെ വിധി അംഗീകരിക്കുന്നു എന്നു പറയുന്ന മുൻസിഫ് കോടതി അതേ വിധിക്കെതിരായി മേൽപറഞ്ഞ നിരീക്ഷണങ്ങൾ നടത്തുവാൻ കാരണമെന്ത് എന്ന് വ്യക്തമല്ല. നിയമോപദേശം സ്വീകരിച്ചശേഷം ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ പരാമർശങ്ങൾ നീക്കിക്കിട്ടുവാൻ അപ്പീൽ നൽകും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



പരേതനായ ജയ്സന്റെ കുടുംബത്തിന് അഞ്ചൽ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗം സംഭാവനയായി നൽകിയ വസ്തുവിൽ പ. ബാവാ യുടെയും ഇടവക ജനങ്ങളുടെയും സഹായത്താൽ പരേതനായ മുൻ വികാരി ഫാദർ ജോൺ ഫിലിപ്പിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ കൂദാശയും താക്കോൽദാന കർമ്മവും ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു




കൊച്ചി മെത്രാസനത്തിലെ കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് സുറിയാനി പള്ളി വികാരി പുളിമൂട്ടിൽ മാത്യൂസ് കോറെപ്പിസ്കോപ്പയുടെ 94–ാം ജന്മദിനം ഇടവക സമുചിതമായി ആഘോഷിച്ചു. അച്ചൻ മലങ്കര സഭക്ക് വേണ്ടി സഹിച്ച പീഡനങ്ങളും ക്ലേശങ്ങളും ദൈവസന്നിധിയിൽ എണ്ണപ്പെട്ടു എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് അച്ചനെ മർദ്ദിച്ചിറക്കിവിട്ട കാഞ്ഞിരമറ്റം പള്ളി ഇന്ന് മലങ്കര സഭയുടെ കീഴിൽ ഭദ്രമാണ് എന്നുള്ളത് എന്ന് ഡോ. യാക്കൂബ് മാർ ഐറേനിയോസ് അനുസ്മരിച്ചു. 24–04–2021–ന് വി. കുർബാനക്ക് ശേഷം നടന്ന ചടങ്ങിൽ വച്ച് കോർ എപ്പിസ്കോപ്പാ അച്ചനെ മാർ ഐറേനിയോസ് പൊന്നാട അണിയിച്ച് ആദരിച്ചു.

Church Calendar

Third Sunday after New Sunday

Good News to the Gloomy



Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening: St. Luke 5:27-39, Morning: St. John6: 47-58, Before Holy Qurbana:Ex34: 4-12, Micah 4: 1-7, Zachariah8: 4-9, Isaiah49: 13-21, Holy Qurbana:I John 5: 13 – 21, Hebrews1 1: 3-6

St. Luke 24: 13-35

On the day of the resurrection of Jesus, Cleopas and another disciple were walking down to Emmaus from Jerusalem. Resurrected Christ walked and conversed with them, but they were not able to identify them. At the end of the day, as they reached Emmaus they invited the 'guest' to stay with them for the night and when Jesus 'broke the bread', their eyes were opened and they recognized him.

a. Modern road to Emmaus - I do understand you

"While they were talking and discussing, Jesus himself came near and went with them, but their eyes were kept from recognizing him." (Lk 24:15,16a)

As Cleopas and his companion were discussing about Jesus, his ministry and the cruel crucifixion he underwent, Jesus came and walked by their side. However they were not able to recognise him. They were deeply immersed in their grief that it blurred their vision to the extent that they couldn't recognize Jesus! Mary Magdalene too had a similar experience. "But Mary stood weeping outside the tomb. …she turned around and saw Jesus standing there, but she did not know that it was Jesus" (Jn 20:11-14). The inconsolable grief made them almost blind. A similar incident happened with Hagar when she was forced to leave her young son Ishmael in the wilderness. As both of them were thirsty to the brink of death, she cried for the plight of her son and couldn't see the well of water. Hagar "…she lifted up her voice and wept. …Then God opened her eyes, and she saw a well of water; and she went, and filled the skin with water, and gave the lad a drink" (Gen 21:16 b, 19).

We may not be able to see others as they are, due to our own problems and preoccupations. Hagar was not able to see the well of water and Mary Magdalene was unable to recognise resurrected Christ as they were drowned in sorrow. Peter and his six companions failed to recognise Jesus as they were preoccupied in fishing and dejected by their failure (Jn 21: 3,4). Sometimes it might be our anger towards others which blocks our vision. Nicodemus couldn't accept Jesus initially due to his prejudice about Nazareth, the place of Jesus. How much are we able to understand the co-travelers of our life's journey? Sometimes people exclaim about their spouse or children that "I can't understand him/her", even after decades of their living together as a family. Let's get rid of the prism of our ego, anger, prejudice, hatred, envy and extreme grief, and try to see people around us as they are and understand them.

b. Hearts on Fire

"Were not our hearts burning within us while he was talking to us on the road, while he was opening the scriptures to us?" (Lk 24:32)

The two disciples to Emmaus were struggling to understand why Jesus was crucified. Though they were disciples of Jesus, yet they understood him merely as "Jesus of Nazareth, who was a prophet mighty in deed and word before God and all the people…" (Lk 24:19). Jesus explained to them what is written about Messiah (Lk 24:27) . "Then beginning with Moses and all the prophets, *He* interpreted to them the things about *Himself* in all the scriptures" (Lk 24:27). While the Word of God was explained to them, 'their hearts burned' (Lk 24:32).

The Word of God is one of the most important tools for our life journey; "Your word is a lamp to my feet, and a light to my path" (Ps 119: 105). We are instructed to meditate the Word of God day and night (Ps 1:2). St. Paul instructs Timothy to devote himself "to the public reading of scripture, to exhorting, to teaching" (1 Timothy 4:13). The Word of God strengthens our faith in the Lord. It also inspires us with examples from the wo/men of God and instructs us in our Christian journey (Joshua 1:8). There is a misconception among a few that the Bible doesn't get its due in the Orthodox Church. The fact is none of our Services are made without multiple readings from the Holy Bible. The written prayers and the songs of the sacraments and services are based on various biblical verses. The misconception might have originated as many of us restrict our relation with the Word of God to a casual reading or mere recitation.


Our Holy Qurbana begins with breaking of the Word and ends by breaking of the Bread. Breaking of the Word consists of the recitation of Psalms (51, 62 etc.) and other portions during the *namaskaram*, readings from Old Testament, Epistles and Gospel (*Evangelion*) followed by exposition of the Word (sermon). We need to make the Word of God, part of our life. "Let the word of Christ dwell in you richly; teach and admonish one another in all wisdom; and with gratitude in your hearts sing psalms, hymns, and spiritual songs to God" (Colossians 3:16).

Conclusion

May the Lord help us to 'recognise' our fellow beings as our brethren. Let us vow that we shall regularly read and meditate at least 2 chapters of the Bible (which in turn would help to complete it in about fifteen and half months). Let us join the Psalmist and sing "Oh, how I love your law! It is my meditation all day long. Your commandment makes me wiser than my enemies, for it is always with me. I have more understanding than all my teachers, for your decrees are my meditation" (Psalm 119:97-99). ❑

പ്രൊഫ. മേരി തോമസിനെ ഓർക്കുമ്പോൾ

സിബി തരകൻ



എക്യൂമെനിസം തലയ്ക്കുപിടിച്ചു നടന്നിരുന്ന യൗവനത്തിൽ ഞാൻ പരിചയപ്പെട്ട ഒരു മഹതിയായിരുന്നു കഴിഞ്ഞ ദിവസം ഡൽഹിയിൽ അന്തരിച്ച പ്രൊഫ. ഡോ. മേരി തോമസ്.

കോട്ടയം സി.എം.എസ് കോളേജിലെ സാമൂഹിക ശാസ്ത്ര (Sociology) അദ്ധ്യാപിക എന്നതിനപ്പുറം സാമൂഹിക പ്രവർത്തകയും സഭാ സ്നേഹിയും എക്യൂമെനിസത്തിന്റെ സമർത്ഥയായ വക്താവും പ്രചാരകയുമായിരുന്നു അവർ.

എക്യൂമെനിക്കൽ രംഗത്തു ഓർത്തഡോക്സ് സഭാംഗങ്ങളായ വനിതകൾ മുൻനിരയിൽ ഇല്ലാതിരുന്ന ഒരുകാലത്ത് (ഇന്നും ഉണ്ടെന്നു പറയാനാവില്ല) കേരള ക്രൈസ്തവ സമിതിയിലും (Kerala Council of Churches) ദേശീയ ക്രൈസ്തവ സമിതിയിലും (National Council of Churches) ലോക സഭാ കൗൺസിലിലും (World Council of Churches) ഒക്കെ അംഗമായി സജീവമായി പ്രവർത്തിച്ച വ്യക്തിയാണ് പ്രൊഫ. മേരി തോമസ്.

1995 –1997 കാലത്താണ് മേരി ടീച്ചറെ പരിചയപ്പെട്ടത്. എക്യൂമെനിസം തലയ്ക്ക് പിടിച്ചു നടന്നിരുന്ന കാലം. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, ഡോ. എം. എം. തോമസ്, പ്രൊഫ. നൈനാൻ കോശി, ബിഷപ്പ് പൗലോസ് മാർ പൗലോസ്, ഫാ. ഡോ. കെ. എം. ജോർജ് തുടങ്ങിയവരുടെ പ്രസംഗങ്ങളിലേക്കും ക്ളാസ്സുകളിലേക്കും ആകർഷിക്കപ്പെട്ട് നടന്നിരുന്ന കാലം. കോട്ടയത്തും ചുറ്റുപാടുമുള്ള വിവിധ സഭകളുടെ സമ്മേളനങ്ങളിലും കൺവെൻഷനുകളിലും സെമിനാറുകളിലുമൊക്കെ ക്ഷണിക്കപ്പെട്ടും ക്ഷണിക്കപ്പെടാതെയും (കുടുതലും ക്ഷണിക്കപ്പെടാതെ!) താല്പര്യപൂർവ്വം പങ്കെടുത്തിരുന്നു.

മാങ്ങാനം ക്രൈസ്തവ ആശ്രമത്തിൽ ആചാര്യ കെ.കെ. ചാണ്ടിയച്ചന്റെ നേതൃത്വത്തിൽ നടന്നിരുന്ന ഗുരുകുൽ എക്യൂമെനിക്കൽ സെന്റർ ഫോർ പീസ് (Gurukul Ecumenical Center for Peace) എന്ന പ്രസ്ഥാനത്തിന്റെ ചില സമ്മേളനങ്ങളിലും പങ്കെടുക്കാൻ സാധിച്ചിരുന്നു.

അവിടെവച്ചാണ് മേരി ടീച്ചറെ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും. എന്റെ അമ്മയുടെ പ്രായമുണ്ടായിരുന്ന അവർ മാതൃസഹജമായ വാത്സല്യത്തോടെയാണ് ആദ്യം പരിചയപ്പെട്ടപ്പോൾത്തന്നെ പെരുമാറിയത്.

1991–ൽ കാൻബറയിൽവച്ചു നടന്ന സഭകളുടെ ലോക കൗൺസിലിന്റെ (WCC) ഏഴാമത് സമ്മേളനത്തിൽ പ്രൊഫ. മേരി തോമസ് ഡബ്ലിയു.സി.സി.യുടെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ഡബ്ലിയു.സി.സി. യുടെ 1998 ലെ ഹരാരെ അസംബ്ലിക്ക് മുമ്പായി ദേശീയ സഭാ കൗൺസിലിന്റെയും (NCCI), സംസ്ഥാന സഭാ സമിതിയുടെയും (KCC) ആഭിമുഖ്യത്തിൽ പലയിടങ്ങളിലും യുവജന സമ്മേളനങ്ങൾ സംഘടിപ്പിച്ചിരുന്നു.

1997–ൽ അടൂരിലെ മാർത്തോമാ യൂത്ത് സെന്ററിൽ ദേശീയ സഭാ കൗൺസിലിന്റെ യൂത്ത് കമ്മീഷൻ കെ.സി.സി.യുടെ സഹകരണത്തോടെ സംഘടിപ്പിച്ച ദേശീയ യൂത്ത് അസംബ്ലി (National Youth Assembly) യിൽ ഒരു സന്നദ്ധ പ്രവർത്തകനായി (Volunteer) പങ്കെടുക്കാൻ സാധിച്ചു.

അതായിരുന്നു ഒരു ഔദ്യോഗിക എക്യൂമെനിക്കൽ പ്രസ്ഥാനവുമായി ആദ്യമായി എനിക്കുണ്ടായ ബന്ധം (സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട് എന്ന പത്രവാർത്ത കണ്ട് അപേക്ഷിച്ചതാണ്).

ആ സമ്മേളനങ്ങൾക്കു നേതൃത്വം നൽകിയത് അന്ന് ദേശീയ സഭാ കൗൺസിലിന്റെ പ്രസിഡന്റായിരുന്ന ഡോ. ജോസഫ് മാർത്തോമാ മെത്രാപ്പോലീത്തയും ജനറൽ സെക്രട്ടറി ആയിരുന്ന റവ. ഡോ. ഐപ്പ് ജോസഫും കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡന്റായിരുന്ന ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും യൂത്ത് കമ്മീഷന്റെ ചെയർമാനും കെ.സി.സി. ഫാക്കൽറ്റിയും ആയിരുന്ന ഡോ. ജോർജ് മാത്യു നാലുന്നാക്കലും (ഇന്ന് ഡോ. ഗീവർഗീസ് മാർ കൂറീലോസ്) കെ.സി.സി. ജനറൽ സെക്രട്ടറി ഡോ. സുനിൽ ജോർജ് കുര്യനും ദേശീയ സഭാ കൗൺസിലിന്റെ യുവജന വിഭാഗം എക്സിക്യൂട്ടീവ് സെക്രട്ടറി സുദീപ്താ സിംഗും ആയിരുന്നു.

ഭാരതത്തിലെ വിവിധ സഭകളിൽനിന്ന് അഞ്ഞൂറോളം യുവതീ യുവാക്കൾ നാല് ദിവസം പങ്കെടുത്ത ആ സമ്മേളനത്തിലെ ഓർത്തഡോക്സ് യുവജന പ്രാതിനിധ്യം സന്നദ്ധ പ്രവർത്തകരായി പങ്കെടുത്ത അഞ്ചുപേരിൽ മാത്രം ഒതുങ്ങി. മറ്റുനാലുപേർ തിരുവനന്തപുരം ഭദ്രാസനത്തിൽനിന്നു വന്ന മൂന്നു യുവതികളും ഒരു യുവാവും. സഭയുടെ ഔദ്യോഗിക പ്രതിനിധിയായിട്ടാണോ അല്ലയോ എന്ന് നിശ്ചയമില്ല, യുവജന പ്രസ്ഥാനത്തിന്റെ അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന വൈദികനെ അവിടെ ഇടയ്ക്കിടെ കണ്ടത് ഓർക്കുന്നു.

ഇതര സഭകളിൽനിന്നു ഔദ്യോഗിക പ്രതിനിധികളായി അഞ്ഞൂറോളം യുവതീ യുവാക്കൾ പങ്കെടുത്തപ്പോൾ എന്റെ പുരാതന സഭയിൽനിന്ന് അഞ്ചുപേർ ‘വെള്ളം കോരാനും മുറ്റമടിക്കാനും’ ഉണ്ടായിരുന്നതിൽ അഭിമാനം കൊണ്ടു! ഒരു സന്നദ്ധ പ്രവർത്തകനായി സ്വയം ചെന്നതാണെങ്കിലും അത് പുതിയ പല കാര്യങ്ങളും മനസ്സിലാക്കുന്നതിന് സഹായകമായി.

അതിലൊന്നായിരുന്നു ദേശീയ സഭാ കൗൺസിലിന്റെ (NCCI) നാഗ്പൂരെ കേന്ദ്ര ഓഫീസിൽ ഇൻറ്റെർൺ (Intern) ആയി സേവനം ചെയ്യാൻ അവസരമുണ്ട് എന്ന അറിവ്. സന്നദ്ധ പ്രവർത്തകർ എന്നതിൽ കൂടുതലായി ഇൻറ്റെർൺമാർക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാനും പഠിക്കാനും കഴിയും എന്ന അറിവ് എന്നെ ആവേശഭരിതനാക്കി. എന്നാൽ എങ്ങനെ അതിൽ എത്തിച്ചേരാം എന്ന് ധാരണ ഉണ്ടായിരുന്നില്ല. പരിചയമുള്ള പലരോടും (അതിൽ വൈദികരും അല്മായരും ഉണ്ടായിരുന്നു) അന്വേഷിച്ചെങ്കിലും അവർ കൈമലർത്തി. 1995–ൽതന്നെ ഒരു സർക്കാർ ജോലി കിട്ടിയിരുന്നതുകൊണ്ട് ഇത്തരം മീറ്റിങ്ങുകളിൽ അവധിയെടുത്തു പോകേണ്ടിയിരുന്നു.

ഞാൻ ഒട്ടും മടിച്ചില്ല; എന്റെ ’ഇൻറ്റെർൺഷിപ്’ ആഗ്രഹം പറഞ്ഞുകൊണ്ട് പ്രൊഫ. മേരി തോമസ്സിനു കത്തെഴുതി. എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് അവരുടെ ഫോൺ സന്ദേശം വന്നു; മാർത്തോമാ സഭയുടെ ആലുവയിൽ ഉള്ള ശാന്തിഗിരി ആശ്രമത്തിൽ ഒരു മീറ്റിങ് നടക്കുന്നുണ്ടെന്നും അവിടെ വന്നാൽ ഐപ്പ് ജോസഫ് അച്ചനെ പരിചയപ്പെടുത്താമെന്നും അദ്ദേഹത്തോട് ഇക്കാര്യം പറയാമെന്നും ആയിരുന്നു സന്ദേശത്തിന്റെ താൽപ്പര്യം. ഞാൻ ഒരു അപേക്ഷയും തയ്യാറാക്കി ശാന്തിഗിരി ആശ്രമത്തിലേക്കു തിരിച്ചു. മീറ്റിങ്ങിനുശേഷം മേരി ടീച്ചർ എന്നെ ഐപ്പ് ജോസഫ് അച്ചന് പരിചയപ്പെടുത്തുകയും വേണ്ട ശുപാർശകൾ നൽകുകയും ചെയ്തു.

ഏതാനും മാസങ്ങൾ കഴിഞ്ഞുപോയി. ഒരുദിവസം എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് ഐപ്പ് ജോസഫ് അച്ചന്റെ ഫോൺ സന്ദേശം വന്നു. പി.എച്ച്.ഡി. (PhD) ബിരുദം ഉള്ള എന്നെ ’ഇൻറ്റെർൺ’ ആയി നിയമിക്കുന്നതിൽ അനൗചിത്യം ഉണ്ടെന്നും പകരം അവിടെ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്ന ‘Youth Empowerment for Transformation’ എന്ന ഒന്നര മാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ ഉൾപ്പെടുത്താമെന്നും അദ്ദേഹം പറഞ്ഞു.

അതിനുള്ള അപേക്ഷ യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായിരുന്ന ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ ശുപാർശസഹിതം അയയ്ക്കുകയും ആ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുകയും ചെയ്തു.

ദേശീയ സഭാ കൗൺസിലിന്റെ നാഗ്പൂർ കാമ്പസ്സിനുള്ളിൽ വച്ച് നടത്തപ്പെട്ട ആ പരിശീലനപരിപാടി എന്നെ സംബന്ധിച്ചിടത്തോളം വിലപ്പെട്ടതാണ്. അതിലേക്കു നയിച്ചതാകട്ടെ പ്രൊഫ. മേരി തോമസ്സിന്റെ മഹാമനസ്കതയും.

തൊണ്ണൂറുകൾക്കുശേഷം പ്രൊഫ. മേരി തോമസ്സിനെ എക്യൂമെനിക്കൽ വേദികളിൽ കാര്യമായി കണ്ടിട്ടില്ല. മലങ്കര ഓർത്തഡോക്സ് സഭാംഗം ആയിരുന്ന ആ മഹതിക്ക് വിനീത പ്രണാമം! ❑



പരുമല സെമിനാരി പാടശേഖരത്തിലെ കൊയ്ത്തുത്സവം

പരുമല : പരുമല സെമിനാരി പാടശേഖരത്തിലെ കൊയ്ത്തുത്സവം തുമ്പമൺ മെത്രാസന ഇടയൻ കുര്യാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. 30 വർഷമായി ഈ പാടശേഖരം തരിശുനിലമായി കിടക്കുകയായിരുന്നു. കഴിഞ്ഞവർഷം കൃഷിഭവന്റെ സഹകരണത്തോടുകൂടി കൃഷി ആരംഭിക്കുകയായിരുന്നു.


കൊയ്ത്തുത്സവത്തിൽ തിരുവനന്തപുരം ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, കടപ്ര പഞ്ചായത്ത് പ്രസിഡന്റ് നിഷ അശോകൻ, പഞ്ചായത്ത് മെമ്പർ വിമല ബെന്നി, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, അഗ്രികൾച്ചറൽ ഓഫീസർ റോയി ഐസക് വർഗീസ്, അസി. ഡയറക്ടർ റെജി വി.ജെ, അസി. കൃഷി ഓഫീസർ സുനിൽകുമാർ, പരുമല സെമിനാരി അസി. മാനേജർമാരായ ഡോ.എം.എസ്. യൂഹാനോൻ റമ്പാൻ, ഫാ.വൈ.മത്തായിക്കുട്ടി, പരുമല സെമിനാരി കൗൺസിൽ അംഗം ജി.ഉമ്മൻ, പി.എ.ജേക്കബ്, എ.എം.കുരുവിള അരികുപുറം തുടങ്ങിയവർ സംബന്ധിച്ചു.



സഭാ മാനേജിംഗ് കമ്മിറ്റിയംഗം ഡോ. വർഗീസ് പേരയിൽ രചിച്ച *കോവിഡ് കഥകൾ* മന്ത്രി കെ. രാജു പ്രകാശിപ്പിച്ചു. ഡോ. സാമുവൽ മാർ ഐറേനിയോസ്, ആന്റോ ആന്റണി എം.പി., എ. പി. ജയൻ, എൻ.എം. രാജു തുടങ്ങിയവർ പങ്കെടുത്തു.



ഫിസിക്സിൽ (മെറ്റീരിയൽ സയൻസ്) പി.എച്ച്. ഡി കരസ്ഥമാക്കിയ സനു മാത്യു. മലങ്കര ഓർത്തഡോക്സ് സഭ യുവജനപ്രസ്ഥാനം പ്രവർത്തകനും തുമ്പമൺ ഭദ്രാസനത്തിലെ മൈലപ്ര മാർ കുറിയാക്കോസ് ഇടവകാംഗവുമാണ്.



കേരള കോൺഗ്രസ് വൈസ് ചെയർമാന്മാരായി തിരഞ്ഞെടുക്കപ്പെട്ട ഡി. കെ. ജോൺ, ജോസഫ് എം. പുതുശേരി, രാജൻ കണ്ണാട്ട്.



കോട്ടയം ഭദ്രാസനത്തിലെ കല്ലുങ്കത്ര പള്ളിയുടെ കൂദാശ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് നിർവഹിച്ചു.